
ടി കെ എം കോളേജ് ഓഫ് ആർട്സ് & സയൻസ്
പിലെഗയ കലാലയ യൂണിയൻ 2024-25
ഹല്ലാബോൽ

STOCKHOLM EDUCATION

# LEVEL UP YOUR FUTURE WITH

# STOCKHOLM EDUCATION



LEARN STOCK MARKET,
FINANCE, &
REAL-WORLD SKILLS

ONLINE & OFFLINE COURSES
VERIFIED RESULTS

MENTORED BY EXPERTS
PORTFOLIO SUPPORT

**FROM CLASSROOMS TO CASHFLOW**
**START YOUR JOURNEY TODAY!**

**ONLINE & OFFLINE SESSIONS AVAILABLE**
WHATSAPP US **+91 8921-368506**
**LIMITED SLOTS | FOR SERIOUS LEARNERS ONLY**

**TRIVANDRUM, KOCHI**




# സമർപ്പണം

പഹൽഗാമിലെ ഭീകരാക്രമണത്തിൽ മരണപ്പെട്ട നിഷ്കളങ്കരായ മനുഷ്യർക്ക്, ലോകത്തെമ്പാടും നടക്കുന്ന അനീതിക്കെതിരെയുള്ള പ്രതിരോധങ്ങൾക്ക്, യുദ്ധങ്ങളിൽ കൊല്ലപ്പെടുന്ന മനുഷ്യർക്ക്, രാജ്യത്തെ കർഷകർക്ക്, വിവിധ തൊഴിലാളി വർഗ്ഗങ്ങൾക്ക്, അവരുടെ സമരങ്ങൾക്ക്, ദളിതർക്ക്, സമർപ്പിക്കുന്നു...

PELAGUEYA COLLEGE UNION 2024-25 | TKM COLLEGE OF ARTS & SCIENCE
STUDENT EDITOR THANZEEL N | STAFF EDITOR NIYAS S M
EDITORIAL BOARD FIROZ KHAN A | DR SHAFANA SHAFI | DR E NAJEEM | HASEENA S | THANOOJA THAHA | JENSON
ASHIMI SHEKHAR | RAHANA RAJEEV | ARUN | GAZALI | THANSI | HASSAN | NIKHITHA MANOJ | FAIZAL | SAIDALI SHAJAHAN | ANJANA DAS | NANDHU
LAY OUT & DESIGNING AHAMMED U | COVER PAGE JERIN THOMAS | ILLUSTRATIONS INTERNET | PRINTING SUNIL PRINTERS



**FOUNDER**

JANAB A. THANGAL KUNJU MUSALIAR

(1897- 1966)



T. K SHAHAL HASSAN MUSALIAR
PRESIDENT, TKM COLLEGE TRUST



T.K. KAMALUDDIN MUSALIAR



T.K. JALALUDDIN MUSALIAR



T.K. USMAN MUSALIAR



T.K. ABDUL KARIM MUSALIAR



AKBAR HYDER MUSALIAR



T.K. JAMALUDDIN MUSALIAR



T.K. BADARUDDIN MUSALIAR



SADIQ. S. THAHA



M.A. MAHABOOB



KHALID MUSALIAR



TARIQ S. MUSALIAR



MOHAMED HAROON



AFZAL MUSALIAR .J



MOHAMMED ANWAR MUSALIAR



T.K.M. College of Arts and Science has , for the past five decades , played a vital role in furthering the cause of higher education and research, especially among the socially and economically disadvantaged sections of society. When our dream is to reach the acme of supreme success in the academic and non-academic sphere, we at TKM aim to do so by focusing on the holistic development of the students. Our goal is to help students reach their maximum potential in the domains they are passionate about, and equip them with the skills needed to meet future challenges.
We hold close to the heart the teachings of our beloved founder who envisioned the institution to be rooted in the soil of the society from which it has sprung. We, therefore, think globally, but act locally. And I am happy to state that TKM College of Arts and Science continues to strive on the path of success with exemplary dedication and commitment, and achieved the highest grade of A++ in the 3rd cycle of accreditation in 2022. The many thousands who pass through its hallowed portals into positions of authority in society and life testify to the niche the college has carved out for itself in the field of education. This is a fitting accolade to an institution bearing the name of Janab Thangal Kunju Musaliar, a man who had settled for nothing less than excellence.
In this issue of our college magazine titled Halla Bol, I proudly present a manifold collection of writings of our talented students highlighting the passion, intellect, and imagination that define our student body. I hope you enjoy this showcase of emerging voices and fresh ideas, and find inspiration in the diversity of expression within these pages.

**Prof.(Dr.) M.J.Sheeba**
*Principal, TKMCAS*

'വാക്കുകൾ, വാക്കുകൾ വെറും വാക്കുകൾ'എന്ന് ഷേക്സ്പിയറുടെ ദുരന്തനായകനായ ഹാംലെറ്റ് വിലപിക്കുന്നുണ്ട്. എന്നാൽ 'ഹല്ലാബോൽ' വെറും വാക്കുകളല്ല; വാക്കുകളെ പ്രതിരോധത്തിന്റെ ശബ്ദമാക്കി മാറ്റുന്ന രസതന്ത്രമാണ്. ഒരു വലിയശബ്ദത്തിൽനിന്നും പ്രപഞ്ചം പിറന്നപ്പോൾ ദൈവം നൽകിയ സന്ദേശമായി ഹല്ലാബോൽ. 'അത് മാലാഖയെ ചെകുത്താനാക്കി സ്വർഗത്തിൽനിന്നും പുറത്താക്കി. പക്ഷെ ഭൂമി നിലച്ചില്ല; ചലിച്ചു കൊണ്ടേയിരുന്നു. പുറത്താക്കലുകളിൽനിന്നും, ഭ്രഷ്ടുകളിൽനിന്നും, ജീവിതത്തിന്റെ അരികുകളിൽ നിന്നും ഹല്ലാബോൽ' പുനർജനിച്ചു.

ശബ്ദിക്കാത്തവർക്കുവേണ്ടി ശബ്ദമുയർത്തുന്നതല്ല 'ഹല്ലാബോൽ'; അവരെ ശബ്ദിക്കാൻ പ്രാപ്തമാക്കുന്ന പ്രത്യയശാസ്ത്രമാണത്. 'ഹല്ലാബോൽ' വീട്ടിലെ കൂട്ടിലെ തത്തയുടെ 'തത്തമ്മേ പൂച്ച പൂച്ച' പറച്ചിലല്ല. അത് വാൾമുനക്കൊക്കുമായി അധികാരത്തിന്റെ അകത്തളങ്ങളിലേക്ക് പറന്നിറങ്ങുന്ന കാക്കയുടെ പരുപരുത്ത നിലക്കാത്ത ആഹ്വാനമാണ്. അതിനാൽ....

ചരിത്രം അടിച്ചേൽപ്പിച്ച ഈ നിശബ്ദതയെ ഭഞ്ജിക്കുക; കാറ്റുവിതച്ചു കൊടുങ്കാറ്റു കൊയ്യാൻ ശബ്ദമുയർത്തുക; സ്വയം ഒരു ശബ്ദമാവുക. നിങ്ങൾ ഒറ്റയ്ക്കല്ല... ഒരു ചെറുകിളിയുടെ ശബ്ദം മഹാവനങ്ങളെ ഉണർത്തുന്ന ശബ്ദങ്ങളായി രൂപാന്തരപ്പെടേണ്ടകാലമാണിത് .

ആദിഹത്യയിലെന്നപോലെ അകലെ സഹീബാബാദിന്റെ മണ്ണിൽ നിന്നും ഉയർന്നുപൊങ്ങുന്നു മനുഷ്യരക്തത്തിന്റ നിലവിളി; പാതാളത്തിൽ നിന്നും ഉയർന്നുപൊങ്ങുന്നു ചവിട്ടിത്താഴ്ത്തപ്പെട്ടവന്റെ നിലവിളി. അത് നമ്മളോട് പറയുന്നു 'ഹല്ലാബോൽ'.

ഈ മാഗസിന്റെ താളുകളിൽ മുഴങ്ങിക്കേൾക്കുന്നതും ഹല്ലാബോലിന്റെ, പുതിയ ഉയർത്തെഴുന്നേല്പിന്റെ വ്യവഹാരമാണ്. 'ഹല്ലാബോൽ' നിങ്ങളുടെ വായനകൾക്കും വിമർശനങ്ങൾക്കുമായി സമർപ്പിക്കുന്നു.

**നിയാസ് എസ്. എം**
*സ്റ്റാഫ് എഡിറ്റർ*





ആവിഷ്കാര സ്വാതന്ത്ര്യവും മനുഷ്യാവകാശങ്ങളും ജനാധിപത്യത്തിനു മുമ്പിൽ ഇല്ലായ്മ ചെയ്യപ്പെടുന്ന ഈ കാലഘട്ടത്തിൽ നാം ശബ്ദം ഉയർത്തുക എന്നത് അനിവാര്യമാണ്. ഈ മാഗസിനിലെ രചനകൾ കേവലം വാക്കും, വരിയും വരകളും മാത്രമല്ല മറിച്ച് ജനാധിപത്യമൂല്യങ്ങൾക്കുവേണ്ടി പോരാടുന്ന യുവതലമുറയുടെ ആത്മവിശ്വാസം കൂടിയാണ്. കടന്നു പോയ കലാലയ കാലഘട്ടത്തിൽ നാം ഇവിടെ ഉണ്ടായിരുന്നു എന്നതിന്റെ ഓർമ്മപ്പെടുത്തലാണ്. ഉറക്കമില്ലാത്ത രാപ്പകലുകളുടെയും, എന്നിലേക്ക് വഴിതെറ്റി എത്തിയ സർഗ്ഗാത്മകതയുടെയും അടയാപ്പെടുത്തലാണ്. അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന ഇന്നത്തെ ഇന്ത്യൻ രാഷ്ട്രീയ സാഹചര്യത്തിൽ പ്രതിരോധത്തിന്റെ ശബ്ദമാകാനും വിശകലനങ്ങൾക്കും വിമർശനങ്ങൾക്കുമായി ഈ സൃഷ്ടി നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നു.

**തൻസീൽ എൻ**
*മാഗസിൻ എഡിറ്റർ*

നിലവിലെ ഇന്ത്യൻ രാഷ്ട്രീയ സാഹചര്യത്തിൽ മനുഷ്യാവകാശങ്ങളും മൗലികാവകാശങ്ങളും നിഷേധിച്ച് ആധിപത്യത്തിന്റെ ചെങ്കോലും കിരീടവും ഭരണഘടനയ്ക്ക് മേൽ സ്ഥാപിക്കപ്പെടുമ്പോൾ, ഹല്ലാ ബോൽ എന്ന പേര് പോലെ തന്നെ  ശബ്ദം ഉയർത്തുക എന്നത് കടമയും ഉത്തരവാദിത്തവുമാകുന്ന കാഘട്ടത്തിലാണ് നാം ജീവിക്കുന്നത്. അതിനുള്ള ഏറ്റവും നല്ല മാർഗം കലയാണ്. എപ്പോഴൊക്കെ അവർ ആവിഷ്കാരസ്വാതന്ത്ര്യത്തിനെതിരെ നിലകൊള്ളുന്നുവോ അപ്പോഴൊക്കെ മറുപടി നൽകാൻ നമ്മുടെ ക്യാമ്പസുകൾക്ക് കഴിയണം. ക്യാമ്പസുകളിലും തെരുവോരങ്ങളിലും നാം പ്രതിരോധം തീർക്കും. കടന്നുപോയ യൂണിയൻ കാലയളവിൽ വിദ്യാർത്ഥകളുടെ ശബ്ദമാകാൻ പിലെഗയയ്ക്ക് കഴിഞ്ഞു എന്ന് വിശ്വസിക്കുന്നു. ഒരുകൂട്ടം മനുഷ്യരുടെ ആഗ്രഹസാക്ഷാൽക്കാരത്തിന്റെ അടയാളപ്പെടുത്തലായി മാറിയ വാഴ്‌വേ മനിതർ. ചുരുങ്ങിയ കാലയളവിൽ ഇവിടം നൽകിയ അനുഭവങ്ങളും, ഓർമ്മകളും, പാഠങ്ങളും മനസ്സിൽ നിറഞ്ഞ് നിൽക്കുമ്പോൾ നാളിതുവരെ നിങ്ങൾ നൽകിയ സ്നേഹത്തിനും, പ്രചോദനത്തിനും, സഹകരണത്തിനും നന്ദി.

നമ്മുടെ കലാലയത്തിലെ വിദ്യാർത്ഥകളുടെ ശബ്ദമാണ് ഹല്ലാ ബോൽ. അവകാശങ്ങൾ നേടിയെടുക്കാൻ, സംരക്ഷിക്കാൻ, പ്രതിരോധിക്കാൻ, പ്രതിഷേധിക്കാൻ നമുക്ക് ശബ്ദം ഉയർത്തികൊണ്ടേ ഇരിക്കാം.....
ഹല്ലാ ബോൽ.

**തൻസി എൻ**
*ചെയർപേഴ്സൺ*



# ഹല്ലാ ബോൽ

ഭരണകൂട ഭീകരതയും ഭരണകൂടത്തിന്റെ തൊഴിലാളി വിരുദ്ധ നിലപാടുകളെയും സധൈര്യം ചോദ്യം ചെയ്ത കരുത്തറ്റ വാക്യമാണ് ഹല്ലാ ബോൽ. സഫ്ദർ ഹാഷ്മി തന്റെ ചോരയാൽ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം രാജ്യ തലസ്ഥനത്തിന്റെ തെരുവോരങ്ങൾക്ക് പകർന്ന് നൽകിയത് മുതലാണ് ഹല്ലാ ബോൽ മുദ്രവാക്യമായി അവകാശ ലംഘനത്തിന്റെ കറുത്ത ദിനങ്ങളിൽ അലയടികൾ പോലെ ഉയർന്ന് വന്നത്.

ഇന്ത്യയിലിന്ന് ജീവിക്കുന്ന തൊഴിലാളി വർഗ്ഗത്തിന്റെയും പുരോഗമന ചിന്താധാര വിശ്വാസികളുടെയും മനസ്സിൽ ചുവന്ന ലിപികളാൽ എഴുതപ്പെട്ട ഒരിക്കലും മായാത്ത വാക്യമാണ് ഹല്ലാ ബോൽ .

2024–2025 TKMCAS പിലെഗയ കലാലയ യൂണിയൻ മുന്നോട്ട് വെക്കുന്ന മാഗസീൻ യൂണിയന്റെ ആദർശത്തെയും തെരുവിൽ സ്വരമുയർത്തുന്ന തൊഴിലാളി വർഗ്ഗത്തെയും ചേർത്ത് നിർത്തുന്നതാകണം എന്ന ഉത്തമബോധ്യമാണ് മാഗസീന്റെ പേര് ഹല്ലാ ബോൽ എന്നതായിരിക്കണം എന്ന തീരുമാനത്തിനു പിന്നിൽ.

അരാഷ്ട്രീയ ബുദ്ധിജീവികൾ രാഷ്ട്രീയ ചിന്തകളെ അവരുടെ നിഷ്പക്ഷതയുടെ മൂടുപടത്താൽ വെട്ടുമ്പോൾ രാഷ്ട്രീയ ബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ കഴിഞ്ഞ കാലങ്ങളിൽ നാം കടന്നു വന്ന ചരിത്രത്തെ ബോധ്യവാന്മാരാക്കേത്, രാഷ്ട്രീയവല്കരിക്കേത് സമൂഹത്തിന്റെ ഉത്തരവാദിത്വമാണ്...നമ്മുടെ ഉത്തരവാദിത്വമാണ്... അതിലേക്കുള്ള മാർഗ്ഗദർശ്ശനമായി ഈ മാഗസീൻ സമർപ്പിക്കുന്നു

അടിമത്തപ്പെടുമ്പോൾ, അവകാശങ്ങൾ, ലംഘിക്കപ്പെടുമ്പോൾ, നീതി നിഷേധിക്കപ്പെടുമ്പോൾ അവരോടൊപ്പം നിന്ന് സഫ്ദർ ഹാഷ്മിയുടെ ചോരത്തുള്ളികളോടൊപ്പം മുഷ്ടി ചുരുട്ടി നമുക്കും വിളിക്കാം
‘ഹല്ലാ ബോൽ’
RAISE YOUR VOICE







കണ്ണുതുറന്നു നോക്കൂ,
നിങ്ങളുടെ താന്തോന്നി മുതലാളിത്തം
നമ്മുടെ ഓരോ ഇഞ്ച് ഭൂമിയും,
നമ്മുടെ കുടുംബം, നമ്മുടെ സംസ്കാരം,
ഭാഷ, കൃഷി, ഭക്ഷണം, നമ്മുടെ അന്തസ്സ്
ഇവയെ മുച്ചൂടും മുടിക്കുന്നത് കാണൂ.
നിങ്ങളുടെ സമ്പത്ത് നിങ്ങളുടെ കയ്യിൽ തന്നെ ഇരിക്കട്ടെ.
ഞങ്ങൾക്കു വേണ്ട.
കാരണം ചൂഷണത്തിൽനിന്ന് ഉണ്ടാക്കുന്നതല്ല,
ചൂഷണം ചെയ്യപ്പെടാതെ സംരക്ഷിക്കപ്പെടുന്നതാണ്
സമ്പത്ത് എന്ന് ഞങ്ങൾ തിരിച്ചറിയുന്നു.

-സഫ്ദർ ഹാഷ്മി

# കണ്ണേ കരളേ വി എസ്സേ...
# ഞങ്ങടെ നെഞ്ചിലെ റോസാപ്പൂവേ...
# ആര് പറഞ്ഞു മരിച്ചെന്ന് ...

PELAGUEYA COLLEGE UNION





# വി എസ്

ചുരുക്കെഴുത്തിൽ രണ്ട് അക്ഷരമാണെങ്കിലും മൂന്നരകോടിയിൽ അധികം വരുന്ന മലയാളികളുടെയും ഇന്ത്യാമഹാരാജ്യത്തിലെ പൊതുപ്രവർത്തകരുടെയും സ്നേഹത്തിന്റെയും ആദരവിന്റെയും ഒരു മഹാസമുദ്രത്തോളം വലുപ്പമുണ്ട്. ആ മഹാസമുദ്രത്തിന്റെ അലയടികളാണ് ജൂലൈ 21ന് SUT ആശുപത്രി മുതൽ ജൂലൈ 23-ന് പുന്നപ്ര വലിയചുടുകാട് വരെ ജനസാഹസ്രമായി ലോകത്തിനു മുന്നിൽ അണിനിരന്നത്. വി എസ് കേരളത്തിനാരായിരുന്നു എന്ന ചോദ്യം അപ്രസക്തമാകുന്നത് ആ ജനസഞ്ചയത്തിന്റെ വികാരവായിപ്പുകൾക്കു മുമ്പിലാണ്.1923 ൽ പറവൂരിലെ വെന്തലത്തറ വീട്ടിലെ ജനനം മുതൽ 2025 ജൂലൈ 21 തിരുവനന്തപുരം SUT ആശുപത്രിയിൽ മരണം വരെയുള്ള വി എസിന്റെ ജീവിതം ഒരു നൂറ്റാണ്ടിന്റെ ചരിത്രരേഖയാണ്. ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിന്റെ, കേരള സംസ്ഥാന രൂപീകരണത്തിന്റെ, നവ കേരള കാഴ്ചപ്പാടിന്റെ ചരിത്രം ആ മനുഷ്യനിലൂടെയാണ് ഒരു പുസ്തകമെന്നോണം ഒരു തലമുറ മനസ്സിലാക്കിയത് എന്നത് വരുംതലമുറയ്ക്ക് വിശ്വാസയോഗ്യമാകുമോ എന്നത് സംശയമാണ്.

കേരളം സുന്ദരമായ ഒരു വിനോദ സഞ്ചാര കേന്ദ്രമായി നിലനിൽക്കുന്നതിന് പിന്നിൽ ഒരു 80 വയസ്സ് കഴിഞ്ഞ വൃദ്ധന്റെ പരസഹായമില്ലാതെയുള്ള മലക്കേറ്റമാണ് കാരണം എന്ന് പറഞ്ഞാൽ വിശ്വസിക്കുക പ്രയാസം തന്നെ. 2006 – 2011 കാലഘട്ടം സർക്കാർ ഭൂമി കയ്യേറ്റം ചെയ്ത് കയ്യടക്കി വാണ ഭൂമാഫിയക്കാർ തലയുയർത്തി നിന്ന ഒരു കാലഘട്ടം. മുഖ്യമന്ത്രി കസേരയിൽ ഇരുന്ന് ആജ്ഞാപിക്കുന്ന സ്ഥിരം രാഷ്ട്രീയ പ്രക്രിയ നടത്താതെ തന്റെ ഔദ്യോഗിക വാഹനത്തിൽ ഹൈറേഞ്ചിലേക്ക് നടത്തിയ യാത്ര അന്ന് വരെ കണ്ടതിൽ വച്ച് രാഷ്ട്രീയ കേരളം മറക്കാത്ത സംഭവമാണ്. 3000 -ഏക്കർ സർക്കാർ ഭൂമിയാണ് പലരിൽ നിന്നായി അന്ന് തിരിച്ചുപിടിക്കാൻ ആയത്. പ്രകൃതി സ്നേഹിയായ രാഷ്ട്രീയ പ്രവർത്തകന്റെ രൂപം അതിനും മുന്നേ കേരളം തിരിച്ചറിഞ്ഞിരുന്നു. പ്ലാച്ചിവടയിലെ കൊക്കക്കോള സമരം തന്റെ ഉറച്ച നിലപാടിൽ നിന്ന് പിന്നോട്ട് പോകാത്ത വി എസിനെ കേരളക്കരക്ക് കാണിച്ചു തന്നു. വലിഞ്ഞു മുറുകിയ കണ്ഠനാളങ്ങളിൽ നിന്ന് പുറത്തു വന്ന വി എസിന്റെ ശബ്ദം ആ സമര നാളുകളിലെ തീക്കനലായിരുന്നു .

**വലിഞ്ഞു മുറുകിയ കണ്ഠനാളങ്ങളിൽ നിന്ന് പുറത്തു വന്ന വി എസിന്റെ ശബ്ദം ആ സമര നാളുകളിലെ തീക്കനലായിരുന്നു**

പാരിസ്ഥിതിക പ്രശ്നങ്ങളിലെ ഇടപെടലുകൾ മാത്രമല്ല സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളിലും വി എസ് ചൂഷകർക്കെതിരെയും പീഡകർക്കെതിരെയും നിലപാടെടുത്തു. ഇരകളെ ചേർത്തു നിർത്തി പ്രതികളെ കൈയാമം വെച്ച് തെരുവിലൂടെ നടത്തിക്കും എന്ന് പരസ്യമായി വെല്ലുവിളിക്കാൻ കാണിക്കുന്ന ധൈര്യത്തിന്റെ പേര് കൂടിയാണ് വി എസ്. പുന്നപ്രയിലെ അവസാന വാരികുന്തക്കാരനും പുന്നപ്രയിലെ ചുടുകാട്ടിലേക്കു മടങ്ങുമ്പോൾ ആ മണ്ണ് തന്റെ ഉടയോനെ സ്വീകരിക്കുന്നതിന്റെ ആനന്ദത്തിലാണ് . എന്നാൽ കേരളവും പ്രകൃതിയും കണ്ണീർ പൊഴിച്ച് യാത്ര നൽകിയ ജനനായകന്റെ സ്മരണകൾ നിലക്കാത്ത പ്രവാഹമായി ജനമനസുകളിൽ അലയടിക്കുന്നു. എവിടെയോ കേട്ട് മറന്ന മുദ്രാവാക്യങ്ങൾ മാത്രം മനസ്സിന്റെ ഉൾതടത്തിൽ വീണ്ടും വീണ്ടും മുഴങ്ങുന്നു .

**ഇനിവരും പൂക്കളും പുരുഷാരവങ്ങളും**
**പ്രിയ സഖാവേ നിനക്കന്യമാണെങ്കിലും**
**ഇനിവരും പുരുഷാരമൊക്കെയും പൂക്കളായ്**
**ഇവിടെ വന്നെത്തി തലകുനിക്കും**
**ഇനി വരും മാലോകരൊക്കെയും കൊടികളായ്**
**ഇവിടവന്നെത്തി പടനയിക്കും.**

# കാക്ക

## ഒരു രാജ്യഭ്രഷ്ടൻ

Ayisha Aslam
II[ND] MA English



കാക്കയുടെ ഉറക്കം സ്വസ്ഥമല്ല.
മരത്തിന്റെ പയ്യാരം,
മഴയുടെ മർമ്മരം,
സുഷുമ്നയിലൂടെ ഒരു വിറ,
നഗ്നമായ മുതുകിൽ ഒരു തണുത്ത കൈ.

കാക്കയുടെ ഉറക്കം സ്വസ്ഥമല്ല.
എവിടുന്നോ ശൃങ്കരിക്കാൻ വന്ന
ഉരുളൻ കല്ല്,
പിറകിൽ നിന്ന് ആരുടെയോ അട്ടഹാസം,
ഉറങ്ങാനും മുട്ടയിടാനും കൂടില്ല,
നിഷ്കാസിതൻ.

അതിനാൽ
കാക്ക ഉറങ്ങാറില്ല.
എപ്പോഴും യാത്രയിലാണ്;
ഒരു രാജ്യത്തിൽ നിന്നു മറ്റൊരു രാജ്യത്തിലേക്ക്;
നമ്മളിൽ നിന്നും അവരിലേക്ക്;
എവിടയോ എങ്ങനയോ മരിച്ച് വീഴുന്നു.
അങ്ങനെ കാക്ക ഒരു രാജ്യഭ്രഷ്ടൻ.



# കഥകളിയിലെ ജാതിക്കളി

**Anjana Das**
II nd BA English

കേരളത്തിലെ ഏറ്റവും പ്രധാന കലാരൂപങ്ങളിൽ ഒന്നാണ് കഥകളി. ഇത് വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച ക്ഷേത്രങ്ങളിൽ അവതരിപ്പിക്കപ്പെട്ടു. തുടക്കത്തിൽ ഉയർന്ന ജാതിയിൽ നിന്നുള്ള പുരുഷന്മാർക്ക് മാത്രമേ കഥകളിയിൽ അഭിനയിക്കാൻ കഴിഞ്ഞുള്ളൂ. അവരിൽ ഭൂരിഭാഗവും നമ്പൂതിരി ബ്രാഹ്മണരായിരുന്നു. കഥകളിയിൽ ഉപയോഗിക്കുന്ന കഥകൾ മഹാഭാരതം, രാമായണം തുടങ്ങിയ ഗ്രന്ഥങ്ങളിൽ നിന്നാണ് വന്നത്.

കഥകളിയിൽ ഉപയോഗിക്കുന്ന ഭാഷയും സവിശേഷമാണ്. സംസ്കൃതവും മണിപ്രവാളവും സംഗമിക്കുന്ന കഥകളിഭാഷ ലളിതമല്ല. ബ്രാഹ്മണർക്കും പണ്ഡിതന്മാർക്കും മാത്രമേ അവ വായിക്കാനും മനസ്സിലാക്കാനും കഴിഞ്ഞിരുന്നുള്ളൂ. ഇങ്ങനെ അധീശത്വ വർഗ്ഗത്തിന്റെ പ്രത്യയശാസ്ത്ര ഉല്പന്നമായി കഥകളിയുടെ ശരീരഭാഷയും ആഖ്യാന ഭാഷയും മാറിയപ്പോൾ അത് സാധാരണക്കാരന് അപ്രാപ്യമാവുകയും ഉയർന്ന ജാതിക്കാർക്ക് മാത്രമുള്ള കലാരൂപമായി മാറ്റപ്പെടുകയും ചെയ്തു.

കഥകളിയിലെ മേക്കപ്പും വസ്ത്രധാരണവും ബ്രാഹ്മണ്യ സംസ്കാരത്തിന്റെ സൂചകങ്ങളായി മാറുന്നു. ദേവന്മാരെയും രാജാക്കന്മാരെയും പോലുള്ള 'നല്ല മനുഷ്യർ' പച്ച നിറങ്ങൾ ധരിക്കുന്നു. തിന്മ കഥാപാത്രങ്ങൾ ചുവപ്പ് അല്ലെങ്കിൽ കറുപ്പ് ധരിക്കുന്നു. ഇത്തരം ആശയങ്ങൾ അഥവാ കാഴ്ചകൾ ബ്രാഹ്മണ ചിന്താ രീതികളിൽ നിന്നാണ് വരുന്നത്. ആരാണ് ശുദ്ധൻ, ആരാണ് അശുദ്ധൻ/അപരൻ എന്നതിനെക്കുറിച്ചുള്ള വ്യക്തമായ നിയമങ്ങൾ അവ കാണിക്കുന്നു. ജാതി ആശയങ്ങളെ അടിസ്ഥാനമാക്കി എന്താണ് നല്ലതെ

ന്നും എന്താണ് തിന്മയെന്നും ഈ നിറങ്ങൾ നമ്മോട് പറയുന്നു.

കഥകളിയിൽ സ്ത്രീകൾക്ക് അഭിനയിക്കാൻ അനുവാദമില്ലായിരുന്നു. പുരുഷന്മാർ സ്ത്രീ കഥാപാത്രങ്ങളായി അഭിനയിച്ചു. ബ്രാഹ്മണ നിയമങ്ങൾ അനുസരിച്ച് കഥകളി വേദി 'ശുദ്ധ മായി ' നിലനിർത്തുന്നതിനാണ് ഇത് ചെയ്തത്. സ്ത്രീകളെ അത്തരം 'ശുദ്ധ' കലകളിൽ അവതരിപ്പിക്കരുതെന്ന് അവർ നിഷ്കർഷിച്ചു. ഇത് കഥകളിയെ ഉയർന്ന ജാതിയിൽ നിന്നുള്ള പുരുഷന്മാരാൽ നിയന്ത്രിക്കപ്പെടുന്ന ഒരു ഇടുങ്ങിയ ലോകമാക്കി മാറ്റി,

കഥകളിയുടെ മേലുള്ള ഈ ബ്രാഹ്മണ നിയന്ത്രണം കലയെ സാധാരണക്കാരിൽ നിന്ന് അകറ്റി. താഴ്ന്ന ജാതിക്കാർക്കും സ്ത്രീകൾക്കും അതിൽ സ്ഥാനമില്ലായിരുന്നു. അവരുടെ കഥകൾ പറഞ്ഞില്ല. അവരുടെ ശബ്ദം കേട്ടില്ല. ഇന്നും കഥകളിയിലെ പല കഥകളും രാജാക്കന്മാരെയും ദൈവങ്ങളെയും യുദ്ധങ്ങളെയും കുറിച്ചാണ് - സാധാരണക്കാരുടെ ജീവിതത്തെക്കുറിച്ചല്ല. ഇവിടെ കലയിലൂടെ ആര് ആർക്കു വേണ്ടി സംസാരിക്കുന്നു എന്നുള്ളത് കൂടുതൽ ചർച്ചകൾക്കു വിധേയമാക്കേണ്ടതാണ്. എന്നാൽ സമീപ കാലത്തായി കഥകളിയുടെ പ്രയോഗ രീതികൾ മാറിക്കൊണ്ടിരിക്കുന്നു. പല ജാതികളിൽ നിന്നുമുള്ള ആളുകൾ കഥകളി പഠിക്കുന്നു. ചില പുതിയ കഥകളി പ്രകടനങ്ങൾ ഇപ്പോൾ പഴയ ബ്രഹ്മണ്യ നിയമങ്ങളെ ലംഘിക്കുന്നു. പിന്നാക്ക ജാതികളിൽ നിന്നുള്ള കലാകാരന്മാർ പ്രധാന വേഷങ്ങൾ ഏറ്റെടുക്കുന്നു. സാധാരണ മനുഷ്യരുടെ പുതിയ കഥകൾ പറയുന്നു. ചില കഥകളികൾ സംസ്കൃതത്തിന് പകരം മലയാളം ഉപയോഗിക്കുന്നു. സ്ത്രീകൾ മാത്രമുള്ള കഥകളികളും ഉണ്ട്. മുമ്പ് പാർശ്വവത്കരിക്കപ്പെട്ടവർക് ഈ മാറ്റങ്ങൾ പുതിയ ഇടം നൽകുന്നു. കഥകളിക്ക് പഴയ ജാതി പരിധികൾക്കപ്പുറം വളരാൻ കഴിയുമെന്ന് അവ കാണിക്കുന്നു. എന്നാൽ പഴയ ബ്രാഹ്മണ അടിത്തറ ഇപ്പോഴും പൂർണമായും തുടച്ചുമാറ്റപ്പെട്ടിട്ടില്ല. അതിനാൽ കഥകളിയെ യഥാർത്ഥത്തിൽ മനസിലാക്കാൻ, നമ്മൾ അതിന്റെ ഭൂതകാലത്തെ പഠിക്കുകയും കഥകളി എന്ന കലാരൂപത്തെ അപനിർമ്മിക്കുകയും വേണം.



# ഫാസിസം
## നമ്മുടെ ഇടയിലേക്ക് വരുമ്പോൾ

**Arun. A**
Ist BA Islamic History

ഒരു വ്യക്തിക്കോ പ്രത്യേക വിഭാഗത്തിനോ പൂർണ്ണ നിയന്ത്രണം ലഭിക്കുന്ന വ്യവസ്ഥയാണ് ഫാസിസം. വ്യത്യസ്ത അഭിപ്രായങ്ങൾ നിരുത്സാഹപ്പെടുത്തുന്ന, വ്യക്തികൾ എന്ത് എങ്ങനെ എപ്പോൾ ചിന്തിക്കണം എന്ന് നിഷ്കർഷിക്കുന്ന, ബലപ്രയോഗത്തിലൂടെയും പ്രത്യയശാസ്ത്ര ഉപകരണങ്ങളിലൂടെയും അനുസരിക്കാൻ/വിധേയപ്പെടാൻ നിർബന്ധിക്കുന്ന, നുണകൾ നിർമ്മിക്കുന്ന, അധികാരത്തിൽ തുടരാൻ ഭയത്തിന്റെ രാജ്യം സൃഷ്ടിക്കുന്ന ഒരു വ്യവസ്ഥയാണിത്. വർഷങ്ങൾക്ക് മുമ്പ് യൂറോപ്പിലാണ് ഇത് ആരംഭിച്ചത്. ജർമ്മനിയിൽ ഹിറ്റ്ലറും ഇറ്റലിയിൽ മുസ്സോളിനിയും ഫാസിസത്തെ പിന്തുടർന്നു.

ഫാസിസം ഒരു രാഷ്ട്രത്തെയോ മതത്തെയോ നേതാവിനെയോ കേന്ദ്രബിന്ദുവായി ഉപയോഗിക്കുന്നു. മറ്റുള്ളവർ ശത്രുക്കളാണെന്ന് പറഞ്ഞു വെറുപ്പ് പ്രചരിപ്പിക്കുന്നു. തങ്ങളാണ് ഏറ്റവും നല്ലതെന്ന് സമൂഹത്തോട് പറഞ്ഞുകൊണ്ട് ന്യൂനപക്ഷങ്ങൾ, വ്യത്യസ്ത അഭിപ്രായമുള്ളവർ, ഭിന്നശേഷികാർ, ലൈംഗിക ന്യൂനപക്ഷങ്ങൾ എന്നിവരെ അപരവത്കരിക്കുന്നു. ചോദ്യങ്ങൾ ചോദിക്കുന്ന സ്വതന്ത്രമായ വ്യക്തികളും ഭാഷയും, എതിർ വ്യവഹാരങ്ങൾ വാർക്കുന്ന പുസ്തകങ്ങളും മാധ്യമങ്ങളും കലാരൂപങ്ങളും ഫാസിസത്തിന്റെ ശത്രുപക്ഷത്താണ്.

ഇന്ന് ഫാസിസത്തിന് തിരിച്ചറിയാൻ കഴിയാത്ത വിവിധ മുഖങ്ങളുണ്ട്. ഒരു ഭരണകൂടം ജനങ്ങളെ സംസാരിക്കുന്നതിൽ നിന്ന് തടയുമ്പോൾ, അത് ഒരു അടയാളമാണ്. ചോദ്യങ്ങൾ ചോദിക്കുന്നതിന് വിദ്യാർത്ഥികളെ ശിക്ഷിക്കുമ്പോൾ, അത് ഒരു അടയാളമാണ്. വസ്ത്രധാരണം, മതം, ഭക്ഷണം എന്നിവയ്ക്ക് വേണ്ടി ആളുകൾ ആക്രമിക്കപ്പെടുമ്പോൾ, അത് ഒരു അടയാളമാണ്. ഒരു പ്രത്യേക ആഖ്യാനം മാത്രം അനുവദിക്കപ്പെടുമ്പോൾ, അത് ഒരു അടയാളമാണ്.ഫാസിസം നാമറിയാതെ നമ്മുടെ ഇടയിലേക്ക് കടന്നു വരുന്നതിന്റെ അടയാളം.

ഫാസിസം വിദ്യാഭ്യാസ സംമ്പ്രദായങ്ങളിലൂടെയും മാധ്യമങ്ങളിലൂടെയും സത്യാനന്തര ആശയങ്ങളിലൂടെയും നാമറിയാതെ നമ്മിലേക്കെത്തുന്നു. അത് പാഠപുസ്തകങ്ങളിൽ മാറ്റം വരുത്തിയേക്കാം. അത് യഥാർത്ഥ ചരിത്രം മറച്ചേക്കാം. അത് തെറ്റായ അഭിമാനബോധം പ്രചരിപ്പിച്ചേക്കാം. ഒരു വശം മാത്രം പറയാൻ മാധ്യമങ്ങളെ ഉപയോഗിച്ചേക്കാം. എല്ലാ വിമർശകരെയും 'ദേശവിരുദ്ധർ' എന്ന് വിളിച്ചേക്കാം. ഇതെല്ലാം വ്യക്തി സാമൂഹിക സ്വത്വങ്ങളെ നിയന്ത്രിക്കാനുള്ള നിശബ്ദ മാർഗങ്ങളലാണെന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു.

ഫാസിസം ദൈനംദിന ജീവിതത്തിലും ഉണ്ട്. അത് വാട്ട്സ്ആപ്പ് സന്ദേശങ്ങളിലൂടെയും തെരുവ് യുദ്ധങ്ങളിലൂടെയും വരാം. ചില പ്രത്യേക സാമൂഹിക വിഭാഗങ്ങളെ മാത്രം വേദനിപ്പിക്കുന്ന 'നിർദോഷമായ' തമാശകളിലൂടെയും, വിദ്വേഷം പ്രചരിപ്പിക്കുന്ന മുദ്രാവാക്യങ്ങളിലൂടെയും അത് വന്നേക്കാം. ഫാസിസത്തിന്റെ വരവ് അദൃശ്യമാണ്. ആദ്യം ജനങ്ങൾക്കു അത് കാണാൻ കഴിഞ്ഞേക്കില്ല. അങ്ങനെ നമ്മുടെ അന്ധതയിൽ അത് പതുക്കെ തഴച്ചു വളരുന്നു.

എങ്ങനെയാണ് ഫാസിസത്തെ ചെറുക്കേണ്ടത്? തുടർച്ചയായി ചോദ്യങ്ങൾ ചോദിക്കുക. പുസ്തകങ്ങളും ആശയങ്ങളും ആയുധങ്ങളാകുക. ഭയത്തിന്റെ രാഷ്ട്രത്തെ ജനിക്കാൻ അനുവദിക്കരുത്. നിശബ്ദതയിൽ ഫാസിസം വളരുന്നു. അത് ഇല്ലാതാകുന്നില്ല. അത് പുതിയ വസ്ത്രങ്ങൾ ധരിക്കുന്നു. അത് എപ്പോൾ വേണമെങ്കിലും എവിടെയും തിരിച്ചുവരാം.



# എന്താണ് ഭ്രാന്ത്?
# അധികാരം, നിശബ്ദത, മാനസികരോഗം

Sereena
IInd MA English



**'യുക്തിയുടെ പരിധികൾ നിർവചിച്ചുകൊണ്ട് സമൂഹം ഭ്രാന്തിനെ നിർമ്മിക്കുന്നു.'**

***– മിഷേൽ ഫൂക്കോ***

ഒരു പഴയ കാലം. അന്ന് മാനസിക പ്രശ്നങ്ങളുള്ളവരെ ക്ഷേത്രങ്ങളിലേക്കോ പള്ളികളിലേക്കോ ജയിലുകളിലേക്കോ തെരുവുകളിലേക്കോ ഉപേക്ഷിച്ചിരുന്നു. ആളുകൾ അവരെ 'ഭ്രാന്തർ' എന്ന് വിളിച്ചു. ഒരു ചികിത്സകനും അവരെ പരിഗണിച്ചില്ല. ഇന്ത്യയിലെ വാരണാസി, പുരി തുടങ്ങിയ പല സ്ഥലങ്ങളിലും മാനസികഅസ്വാസ്ഥ്യമുള്ളവരെ ക്ഷേത്രങ്ങൾക്ക് സമീപം ഉപേക്ഷിക്കുകയോ കെട്ടിയിടുകയോ ചെയ്തിരുന്നു. അവർ വ്യത്യസ്തമായി കാണപ്പെടുകയോ പ്രവർത്തിക്കുകയോ ചെയ്തതുകൊണ്ടാണ് സമൂഹം അവരെ ഭ്രാന്തർ എന്ന് വിളിച്ചത്.

പഴയ കാലത്തു ചില കുടുംബങ്ങളിൽ, ഒരു സ്ത്രീ കൂടുതൽ സംസാരിച്ചാൽ, അവരെ 'ഭ്രാന്തി' എന്ന് വിളിച്ചിരുന്നു. സ്ത്രീ ഉറക്കെ കരയുകയോ ദേഷ്യപ്പെടുകയോ പുരുഷ മേധാവിത്ത സമൂഹത്തെ വെല്ലുവിളിക്കുകയോ ചെയ്താൽ, അവൾക്ക് മാനസിക പ്രശ്നമുണ്ടെന്ന് ആളുകൾ പറഞ്ഞു നടന്നിരുന്നു. അങ്ങനെ മാനസിക രോഗം എന്ന ആശയത്തെ സ്ത്രീകളെ

അരിക് വത്കരിക്കുന്നതിനുള്ള മാർഗ്ഗമായും ഉപയോഗിച്ചിരുന്നു. കേരളത്തിലും പശ്ചിമ ബംഗാളിലും നിരവധി സ്ത്രീകൾക്ക് ഈ അനുഭവം ഉണ്ടായതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. 15 പാർക്ക് അവന്യൂ പോലുള്ള ചില സിനിമകളിൽ, മാനസികരോഗമുള്ള ഒരു സ്ത്രീയെ പൂട്ടിയിട്ടിരിക്കുന്നതായി കാണിക്കുന്നുണ്ട്. മണിച്ചിത്രത്താഴ് എന്ന മലയാള സിനിമയിൽ ശ്രീദേവി എന്ന കഥാപാത്രത്തിന് ഭ്രാന്താണെന്നും അതിനാൽ പൂട്ടിയിടണം എന്ന് പറയുന്ന ആധുനികനായ മനഃശാസ്ത്ര വിദഗ്ധനും അടിവരയിടുന്നത് മാനസിക അസ്വാസ്ഥ്യമുള്ളവരെ 'തടവിലിടണം' എന്ന പഴഞ്ചൻ പൊതുബോധം തന്നെയാണ്. ഇങ്ങനെ എത്രയോ ഉയർന്നു കേൾക്കേണ്ട ശബ്ദങ്ങൾ നിശബ്ദമാക്കപ്പെട്ടു. ഇവിടെയെല്ലാം കുടുംബത്തിലെ മുതിർന്നവരാണ് ഭ്രാന്ത് എന്താണെന്ന് തീരുമാനിച്ചത്.

ഗ്രാമങ്ങളിൽ, പലരും പ്രേതങ്ങളിലോ ആത്മാക്കളിലോ വിശ്വസിച്ചിരുന്നു. ആരെങ്കിലും അസാധാരണമായി പെരുമാറുകയോ വിചിത്രമായി സംസാരിക്കുകയോ ചെയ്താൽ, അവരെ ചോറ്റാനിക്കര ക്ഷേത്രം, ബീമാപ്പള്ളി പോലുള്ള സ്ഥലങ്ങളിലേക്ക് പ്രത്യേക പ്രാർത്ഥനകൾ നടത്താൻ കൊണ്ടു പോകാറുണ്ട്. എന്നാൽ അവരെ ആശുപത്രികളിൽ കൊണ്ടുപോവുകയോ ആവശ്യമായ മാനസിക പരിചരണം നൽകുകയോ ചെയ്തിരുന്നില്ല. ദരിദ്ര കുടുംങ്ങളാണെങ്കിൽ പലപ്പോഴും തീരുമാനങ്ങൾ എടുത്തിരുന്നത് പുരോഹിതന്മാരോ മുതിർന്നവരോ ആയിരുന്നു. കാരണം അധികാരം അവരുടെ കയ്യിലായിരുന്നു. അങ്ങനെ ആർക്കാണ് ഭ്രാന്ത്, എന്താണ് ഭ്രാന്ത് എന്ന് അധികാരവർഗവും ഭരണകൂടവും തീരുമാനിക്കാൻ തുടങ്ങി. അതിപ്പോഴും 'ലോകനന്മക്കായി' തുടരുന്നു.

പല ഇന്ത്യൻ സ്കൂളുകളിലും, വ്യത്യസ്ത പഠനരീതികൾ അവലംബിക്കുന്ന വിദ്യാർത്ഥികളെ സഹായിച്ചിരുന്നില്ല. 'താരേ സമീൻ പർ' പോലുള്ള ഒരു സിനിമയിൽ, ഡിസ്ലെക്സിയ ബാധിച്ച ഒരുകുട്ടിയെ മടിയനെന്നും ഭ്രാന്തനെന്നും മുദ്രകുത്തുന്നു. അധ്യാപകർ അവനെ ശിക്ഷിച്ചു. അവൻ രോഗിയായിരുന്നില്ല, പക്ഷേ ആരും അവനെ മനസ്സിലാക്കിയില്ല. യഥാർത്ഥ ജീവിതത്തിലും, ഇപ്പോഴും ഡൽഹിയിലും മുംബൈയിലും ഉള്ള നിരവധി കുട്ടികൾ ഇത് നേരിടുന്നു. അതായത് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം തന്നെ ഒരു പരിധി വരെ 'നോർമൽസി' അഥവാ 'സാധാരണത്വം' എന്ന ആശയത്തിൽ അധിഷ്ഠിതമാണ്.



ഇന്ന്, ഇന്ത്യയിൽ മാനസികാരോഗ്യത്തെക്കുറിച്ച് ധാരാളം ചർച്ചകൾ നടക്കുന്നുണ്ട്. പക്ഷെ പല കുടുംബങ്ങളും മാനസിക പ്രശ്നങ്ങൾ മറയ്ക്കുന്നു. പൂനെ ഹൈക്കോടതിയിൽ നടന്ന പ്രശസ്തമായ ഒരു കേസ് , അഞ്ജലി എന്ന സ്ത്രീയെ ഭ്രാന്തി എന്ന് ചാപ്പകുത്തി അവരുടെ കുടുംബം വർഷങ്ങളോളം ഒരു ചെറിയ മുറിയിൽ പൂട്ടിയിട്ടതുമായി ബന്ധപ്പെട്ടായിരുന്നു. വെളിച്ചം കാണാതെ ആ സ്ത്രീ വർഷങ്ങളോളം ഒരു മുറിയിൽ കഴിഞ്ഞു. ഇത് കാണിക്കുന്നത് ഭ്രാന്ത് എന്താണെന്ന് ഇപ്പോഴും തീരുമാനിക്കുന്നത് ശാസ്ത്രമല്ല, സമൂഹമാണ് എന്നാണ്. അധികാരമുള്ളവർ ഭ്രാന്തിനെ കുറിച്ച് സംസാരിക്കുന്നു. മറ്റുള്ളവർ നിശബ്ദത പാലിക്കുന്നു.

# സി ബി ഐ സിനിമകളും കേരളീയ പൊതുബോധവും

Abid Khan S
II^nd BSc Physics



മമ്മൂട്ടി സിബിഐ ഓഫീസറുടെ വേഷം കൈകാര്യം ചെയ്യുന്ന സിബിഐ സിനിമകൾ നമ്മുടെ ജനപ്രിയ സംസ്കാരത്തിന്റെ തന്നെ ഭാഗമായി മാറിയിട്ടുണ്ട്. സേതുരാമയ്യർ എന്ന ശാന്തനും ബുദ്ധിരാക്ഷസനുമായ ഓഫീസർ എല്ലാ പ്രദിബന്ധങ്ങളെയും അതിജീവിച്ചു സത്യം കണ്ടെത്തുന്നതായാണ് സിനിമയുടെ ആഖ്യാനം.

ഈ സിനിമകളിൽ, ലോക്കൽ പോലീസിനെ അഴിമതിക്കാരും അന്വേഷണ ബുദ്ധി ഇല്ലാത്തവരും ആയിട്ടാണ് പ്രതിനിധാനം ചെയ്യുന്നത്. അവർ വരുത്തുന്ന തെറ്റുകൾ ക്രമാസമാധാനാവസ്ഥ തകർക്കുകയും വ്യക്തി ജീവിതങ്ങൾ ദുരിതത്തിലാക്കുന്നതായും കാണിക്കുന്നു. എന്നാൽ സിബിഐ ഓഫീസർ വരുമ്പോൾ കേസ് ഗൗരവമുള്ളതായി മാറുന്നു. ചെറിയ ചെറിയ സൂചനകളിലൂടെ ഉന്നത കുലജാതനായ സേതുരാമയ്യർ കേസ് തെളിയിക്കുന്നു. അങ്ങനെ കേന്ദ്ര ഏജൻസി ആയ സിബിഐ ലോക്കൽ പോലീസിനേക്കാൾ മികച്ചതാണെന്ന് തെളിയിക്കുന്നു..
എന്താണ് ഈ സിബിഐ ആഖ്യാനത്തിന്റെ മറുവശം? എന്താണ് ഇവിടെ തമസ്കരിക്കപ്പെടുന്നത്? സിബിഐ ഓഫീസർ ഒരു ബ്രാഹ്മണനാണ്. അദ്ദേഹത്തിന്റെ പേര് അയ്യർ. അദ്ദേഹം വെളുത്ത വസ്ത്രം ധരിക്കുന്ന, സുന്ദരനായ, കുറിയണിഞ്ഞ, സസ്യാഹാരിയായ മത വ്യവഹാരങ്ങളിൽ അഗാധ പാണ്ഡ്യത്തമുള്ള വ്യക്തിയാണ്. സേതുരാമയ്യർ ഒരിക്കലും വൈകാരികമായി പ്രതികരിക്കാറില്ല. അതിനാൽ തന്നെ എപ്പോഴും ബഹുമാനിക്കപ്പെടുന്നു. അധികാരം ഏറ്റവും സൗമ്യമായും ബുദ്ധിപരമായും എന്നാൽ ഗുണപരമായും പ്രയോഗിക്കാൻ സേതുരാമയ്യർക്കു പ്രത്യേക കരവിരുതാണ്. ഇത്തരം കഥപറച്ചിൽ ധാർമികതയെ ജാതീയതയുമായ് ചേർത്തുവെക്കുന്നു.

മേൽപറഞ്ഞ സിബിഐ സിനിമകളിൽ അസാനിധ്യം കൊണ്ട് ശ്രദ്ധിക്കപ്പെടുന്നത് ദളിത്, ആദിവാസി കഥാപാത്രങ്ങളാണ്. അധികാരികളും കോടതികളും അവരോട് നീതിപൂർവ്വം പെരുമാറുന്നില്ല. പക്ഷേ സിബിഐ സിനിമകൾ ഇത് മറക്കുകയും നന്മതിന്മ ദ്വന്ദത്തിലൂടെ അധികാരത്തെ ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു. ജീവിതത്തിന്റെ ഒരുവശത്തെ പൂർണ ചിത്രമായി പ്രഖ്യാപിക്കുന്നു.
സിബിഐ 5 – ദി ബ്രെയിൻ പോലുള്ള പുതിയ സിനിമകളിൽ പോലും നമുക്ക് ഒരേ മാതൃകയിലുള്ള കഥ കാണാം. ബ്രാഹ്മണ ഉദ്യോഗസ്ഥൻ വരുന്നു, അദ്ദേഹം കേസ് പരിഹരിക്കുന്നു, എപ്പോഴും വിജയിക്കുന്നു. ഇങ്ങനെ കേന്ദ്ര ഏജൻസികളാണ് ഏറ്റവും നല്ലതു എന്ന പൊതുബോധം സൃഷ്ടിച്ചു കൊണ്ട് ഇത്തരം ഏജൻസികളുടെ രാഷ്ട്രീയ ബന്ധ ബന്ധനങ്ങളും അധികാര ദുർവിനിയോഗവും കാഴ്ചയിൽ നിന്നും മറക്കുന്നു. കാഴ്ചക്കാരെ സിനിമയിൽ കാണുന്നത് മാത്രം വിശ്വസിക്കാൻ പ്രേരിപ്പിക്കുന്നു.
സിബിഐ സിനിമകൾ കാണുമ്പോൾ നാം ചോദിക്കേണ്ട ഒരു ചോദ്യമുണ്ട്. ഈ ആഖ്യാനങ്ങളിൽ ആരെയാണ് അദൃശ്യമാക്കിയിരിക്കുന്നത്? ഈ ചോദ്യം ആത്യന്തം ചോദിച്ചു കൊണ്ടേയിരിക്കുക.

സിബിഐ സിനിമകളിൽ അസാനിധ്യം കൊണ്ട് ശ്രദ്ധിക്കപ്പെടുന്നത് ദളിത്, ആദിവാസി കഥാപാത്രങ്ങളാണ്. അധികാരികളും കോടതികളും അവരോട് നീതിപൂർവ്വം പെരുമാറുന്നില്ല. പക്ഷേ സിബിഐ സിനിമകൾ ഇത് മറക്കുകയും നന്മ തിന്മ ദ്വന്ദത്തിലൂടെ അധികാരത്തെ ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു. ജീവിതത്തിന്റെ ഒരുവശത്തെ പൂർണ ചിത്രമായി പ്രഖ്യാപിക്കുന്നു.

# ഡിജിറ്റൽ മതവും ഓൺലൈൻ ഭക്തിയും

**Amrita M S**
Ist BSc Physics

ഇന്ന്, കേരളത്തിലെ മിക്കവാറും എല്ലാ കുടുംബങ്ങളും സ്മാർട്ട് ഫോണുകളുമായി ഇഴുകി ചേർന്ന് ജീവിക്കുന്നു. പഠനത്തിനും വിനോദത്തിനും തൊഴിലിടങ്ങളിലും നമ്മൾ ഇത് ഉപയോഗിക്കുന്നു. എന്നാൽ ഇപ്പോൾ, പലരും പ്രാർത്ഥനയ്ക്കും ആത്മീയ ജീവിതത്തിനും സ്മാർട്ട്ഫോണുകലെ ആശ്രയിക്കാൻ തുടങ്ങിയിരിക്കുന്നു. ദൈവത്തിലേക്കുള്ള ആത്മീയ യാത്രയിൽ സ്മാർട്ട് ഫോണുകൾ സഹായകരമാകുമോ?

പലരും ഇപ്പോൾ യൂട്യൂബിലും ഫേസ്ബുക്കിലും ഓൺലൈൻ പൂജകൾ, ക്ഷേത്രാചാരങ്ങളുടെ തത്സമയ സംപ്രേക്ഷണങ്ങൾ എന്നിവ മുടങ്ങാതെ കാണാറുണ്ട്. ഗുരുവായൂർ, ശബരിമല തുടങ്ങിയ കേരളത്തിലെ ചില ക്ഷേത്രങ്ങൾ എല്ലാ ദിവസവും തത്സമയ ദർശനം കാണിക്കാറുണ്ട്. ക്ഷേത്രത്തിൽ പോകാൻ കഴിയാത്ത ആളുകൾ അത് അവരുടെ വീടുകളിൽ നിന്ന് കാണുന്നു. ഇത് അവർക്കു ആത്മീയ സംതൃപ്തി നൽകിയേക്കാം.

കോവിഡ് കാലത്ത് ആരാധനാലയങ്ങളിൽ പോകാൻ കഴിയാതെ വന്നപ്പോഴാണ് പലരും പ്രാർത്ഥനയ്ക്കായി ഫോൺ ഉപയോഗിക്കാൻ തുടങ്ങിയത്. ഓൺലൈൻ ഖുറാൻ ക്ലാസുകൾ, ബൈബിൾ വായനകൾ, ഭഗവദ്ഗീത പ്രഭാഷണങ്ങൾ എന്നിവ പ്രചാരത്തിലായി. യുവ കുടുംബാംഗങ്ങളുടെ സഹായത്തോടെ പ്രായമായവർ പോലും സ്മാർട്ട്ഫോണുകൾ ഉപയോഗിക്കാൻ തുടങ്ങി.

ഇതിനു ചില നല്ല വശങ്ങളുണ്ട്.തിരക്കുള്ള ആളുകൾക്കും രോഗികൾക്കും ദൂരെയുള്ളവർകും വളരെയധികം സഹായകരമാണ്. ഇത് നമ്മുടെ വീടുകളിൽ ആത്മീയ അന്തരീക്ഷം സൃഷ്ടിക്കുന്നു. സ്മാർട്ട് ഫോണുകളുടെ സഹായത്തോടെ പാചകം ചെയ്യുമ്പോഴോ യാത്ര ചെയ്യുമ്പോഴോ ആത്മീയ പ്രഭാഷണങ്ങൾ കേൾക്കാൻ കഴിയും.

എന്നാൽ ഇത് യഥാർത്ഥ ഭക്തിയല്ലെന്ന് കരുതുന്നവരുമുണ്ട്. ഒരുമൊബൈൽ സ്ക്രീനിലൂടെ കാണുന്നത് അമ്പലത്തിലോ പള്ളിയിലോ പോകുന്നതിന് തുല്യമല്ലെന്ന് അവർ വാദിക്കുന്നു. നമ്മുടെ ആത്മീയ ജീവിതത്തിൽ നമ്മൾ മടിയന്മാരായിമാറുകയും അമിതമായ ഓൺലൈൻ മതം ആഴത്തിലുള്ള വികാരമില്ലാതെ പുറമെയുള്ള പ്രകടനമായി ഭക്തിയെ പരുവപ്പെടുത്തുന്നതായും ആശങ്കപ്പെടുന്നവരുണ്ട്. ചാവുകടലിലെ നീന്തൽ പോലെ ജലത്തിന്റെ വന്യതയും ആഴങ്ങളിലെ നിഗൂഢതയും അറിയാതെ പുറമെയുള്ള കാട്ടിക്കൂട്ടലായി ചിലപ്പോഴെങ്കിലും ഡിജിറ്റൽ ഭക്തി രൂപാന്തരം പ്രാപിച്ചോ എന്ന് സംശയിക്കുന്നവരുണ്ട്.

സ്മാർട്ട്ഫോണുകൾ മനുഷ്യന് ഏറ്റവും ഉപയോഗപ്രദമായതാണ്. എങ്കിലും യഥാർത്ഥ ഭക്തി ഉള്ളിൽ നിന്ന് വരണം. ഒരു പഴയ സിനിമ ഗാനത്തിന്റെ ഈരടികൾ നമുക്ക് ഓർക്കാം. 'ഹൃദയം ദേവാലയം'.

**നമ്മുടെ ആത്മീയ ജീവിതത്തിൽ നമ്മൾ മടിയന്മാരായിമാറുകയും അമിതമായ ഓൺലൈൻ മതം ആഴത്തിലുള്ള വികാരമില്ലാതെ പുറമെയുള്ള പ്രകടനമായി ഭക്തിയെ പരുവപ്പെടുത്തുന്നതായും ആശങ്കപ്പെടുന്നവരുണ്ട്. ചാവുകടലിലെ നീന്തൽ പോലെ ജലത്തിന്റെ വന്യതയും ആഴങ്ങളിലെ നിഗൂഢതയും അറിയാതെ പുറമെയുള്ള കാട്ടിക്കൂട്ടലായി ചിലപ്പോഴെങ്കിലും ഡിജിറ്റൽ ഭക്തി രൂപാന്തരം പ്രാപിച്ചോ എന്ന് സംശയിക്കുന്നവരുണ്ട്.**

# വലിയ ഇടയന് വിട!

**Mayookha Sanil**
Ist Bcom Finance



ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പയുടെ രാജിക്കുശേഷം 2013 മാർച്ചിൽ പുതിയ മാർപാപ്പയെ തിരഞ്ഞെടുക്കാൻ വത്തിക്കാനിൽ കർദിനാൾമാരുടെ കോൺക്ലേവ് നടക്കുന്ന സമയം. ചിലർ കാറിലും അടുത്തു താമസിക്കുന്നവർ നടന്നുമാണ് സിനഡ് ഹാളിലേക്ക് എത്തിക്കൊണ്ടിരുന്നത്. ലോകമെങ്ങുമുള്ള മാധ്യമങ്ങൾ, ഓരോരുത്തരും വരുന്നത് ചിത്രീകരിച്ചുകൊണ്ടിരുന.. ചില കർദിനാൾമാർ അല്പനേരംനിന്ന് റിപ്പോർട്ടർമാരോട് സംസാരിക്കുകയും ചെയ്തു. രഹസ്യാത്മകത കർശന ചട്ടമായതിനാൽ മറ്റുചിലർ ചോദ്യങ്ങൾ അവഗണിച്ച് മുന്നോട്ടുപോയി.

ആരോപണങ്ങൾ നേരിട്ടിട്ടുള്ള ചില കർദിനാൾമാരെ സിനഡിൽ പങ്കെടുപ്പിക്കരുതെന്നാവശ്യപ്പെട്ട് ചില പ്രതിഷേധക്കാരും അവിടെയുണ്ടായിരുന്നു. ഇതിനിടെ, ബ്യൂണസ് ഐറിസ്കർദിനാളായ ഹോർഹെ മാരിയോ ബെർഗോഗ്ലിയോ ഒറ്റയ്ക്കാണ് സെയ്ന്റ് പീറ്റേഴ്സ് സ്ക്വയറിലേക്ക് വന്നത്. കറുത്ത കോട്ടുധരിച്ച്, കൈയിൽ ബാഗുമായി കർദിനാൾമാരുടെ പതിവ് തൊപ്പിയില്ലാതെയുള്ള വരവ്. അതുകൊണ്ടുതന്നെ അദ്ദേഹത്തെ ആരും ശ്രദ്ധിച്ചില്ല. ഏതാനും ദിവസങ്ങൾക്കുശേഷം മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം ഫ്രാൻസിസ് എന്ന പേരു സ്വീകരിച്ചു. ഫ്രാൻസിസ് മാർപാപ്പ. ഇതായിരുന്നു അദ്ദേഹം. ആൾക്കൂട്ടത്തിൽ തനിയെയായിരുന്നയാൾ. പാരമ്പര്യങ്ങളെ വെല്ലുവിളിച്ചയാൾ. രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം ആഗോള കത്തോലിക്കസഭയിൽ നവീകരണത്തിന്റെ വിളക്കേന്തി മുന്നിൽ നടന്നയാൾ. പാവപ്പെട്ടവർക്കായി സംസാരിക്കുന്നതിന് കമ്യൂണിസ്റ്റാകേണ്ടതില്ലെന്ന് ആവർത്തിച്ചയാൾ. അദ്ദേഹത്തിന്റെ വിടവാങ്ങൽ കത്തോലിക്കാ വിശ്വാസികൾക്കു മാത്രമല്ല, സ്നേഹവും കരുതലും സാഹോദര്യവും ആഗ്രഹിക്കുന്ന ലോകമെങ്ങുമുള്ളവർക്ക് തീരാനഷ്ടമാണ്.

# ദുഃഖം

**Abhinav Saji**
Ist Bcom BIS

പുഴവക്കിൽ നിന്നും പറന്നു പോയ
കിളികളുടെ ചിറകടികൾ
വയലുകളിൽ അടർന്നു വീണു.
ദുഃഖമൊരിളം തൂവലായിരുന്നു .
പോക്കുവെയിലായിരുന്നു.'
'കാവിലമ്മയുടെ കാല്ച്ചിലമ്പൊലിയും
കലി കേറിയുടഞ്ഞു കിടക്കുന്ന
താഴ്വരയിൽ നിന്നും കരിമ്പനക്കാടിന്റെ
പ്രേത മര്മ്മരവും ഒരു മഴച്ചാറലായി
പാറി വന്നു.
ദുഃഖം ഒരു മഴച്ചാറലായിരുന്നു.
വഴിതെറ്റി വന്നെൻ ജാലകച്ചില്ലിൽ
ചുംബിച്ചുറങ്ങുന്ന മഴച്ചാറൽ.

# ഞങ്ങൾ വെറുതെയിരിക്കുകയാണ്

**Sudeesh S.M.Pillai**
IIIRD B.A English

ഞങ്ങൾ വെറുതെയിരിക്കുകയായിരുന്നു.
ഞങ്ങളുടെ വയലേലകൾ
കൊട്ടാരങ്ങളായപ്പോൾ,
പച്ചക്കുന്നുകൾ തവിട്ടുനിറമായപ്പോൾ,
ഞങ്ങൾ വെറുതെയിരിക്കുകയായിരുന്നു,
ഞങ്ങളുടെ പുഴകൾ വരണ്ടപ്പോൾ
മീനുകൾ വരണ്ടമണലിൽ മറഞ്ഞപ്പോൾ.
പൂക്കളുടെ സുഗന്ധം കൊഴിഞ്ഞപ്പോൾ,
തോണിപ്പാട്ട് നിലച്ചപ്പോൾ,
ഞങ്ങൾ ഇപ്പോഴും വെറുതെയിരിക്കുകയാണ്.
അവരുടെ ഭയത്തിന്റെറ രാഷ്ട്രത്തിൽ.

# ഭാരതം, അംബ, ഭാരതാംബ

**Abdul Bazith**
III RD B.A. English

ഭാരതത്തെ മാതാവായി പരാമർശിച്ചു കൊണ്ട് രാജ്യത്തോടുള്ള സ്നേഹവും ആദരവും ആഴമേറിയ ബന്ധവും പ്രകടിപ്പിക്കുവാൻ പൊതുവേ ഉപയോഗിച്ച് വരുന്ന ഒരു പദമാണ് ''ഭാരതാംബ''. സ്വാതന്ത്ര്യസമരകാലത്ത് ബ്രിട്ടീഷ് അധിനിവേശത്തിനെതിരെയുള്ള ചെറുത്തുനിൽപ്പിന്റെ ഭാഗമായി എഴുത്തുകാരും സംസ്കാരിക നായകന്മാരും രാഷ്ട്രീയ നേതാക്കളും ഭാരതാംബ എന്ന ''സങ്കൽപ്പത്തെ'' വിവിധ രീതിയിൽ ഉപയോഗിച്ചുകൊണ്ട് പ്രസ്തുത ആശയത്തെ കൂടുതൽ ശക്തമാക്കി. സ്ത്രീ വിരുദ്ധതയുടെ അംശങ്ങൾ നിലനിൽക്കുമ്പോഴും മക്കൾ മാതാവിനെ സംരക്ഷിക്കുന്നതുപോലെ ഭാരതമാകുന്ന മാതാവിനെ സംരക്ഷിക്കാനും വിദേശാധിപത്യത്തിൽ നിന്നും മോചിപ്പിക്കാനും ഭാരതാംബ സങ്കല്പം ജനങ്ങളോട് ആഹ്വാനം ചെയ്തു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിലും



ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലും ഭാരതാംബയെ ചുറ്റിപ്പറ്റിയുള്ള ചിന്താധാരകൾ കൂടുതൽ പ്രചാരത്തിലായി. ബങ്കിം ചന്ദ്ര ചാറ്റർജിയുടെ ''ആനന്ദമഠം'' എന്ന നോവലിലൂടെയും അബനീന്ദ്രനാഥ ടാഗോറിന്റെ ചിത്രങ്ങളിലൂടെയും ഭാരതാംബ സാഹിത്യത്തിന്റെയും കലയുടെയും ലോകത്തേക്ക് കടന്നു കയറി. പക്ഷേ അത് ഇന്ന് കാണുന്ന ഭാരതാംബ ആയിരുന്നില്ല, മറിച്ച്, വെള്ള സാരി ധരിച്ച്, പുസ്തകങ്ങളും കറ്റയും, വെളുത്ത തുണിയും കയ്യിൽ ഏന്തി ഒരേസമയം വിശാലമായ അറിവിന്റെയും പ്രകൃതിയുടേയും പ്രതീകമായ ഒരു സ്ത്രീ ആയാണ് അബനീന്ദ്രനാഥ ടാഗോർ ഭാരതാംബയെ വരച്ചത്. ജനങ്ങളുടെ ഉള്ളിൽ പ്രകൃതിയോടും മാതൃരാജ്യത്തോടും അടുപ്പം തോന്നാൻ സഹായിക്കുന്നതിനോടൊപ്പം ദേശീയതയ്ക്ക് വിശുദ്ധ പരിവേഷം നൽകാനും ഇത് സഹായിച്ചു. 1983ൽ ഉത്തർപ്രദേശിലെ വാരണാസിയിൽ ഭാരതാംബയ്ക്ക് വേണ്ടി ഒരു ക്ഷേത്രം നിർമ്മിച്ചിരുന്നു. എന്നാൽ അവിടുത്തെ പ്രതിഷ്ഠ മാർബിളിൽ നിർമ്മിച്ച ഇന്ത്യയുടെ ഭൂപടമായിരുന്നു. പ്രാർത്ഥനയ്ക്കും മറ്റുമായി ജനങ്ങൾ അവിടെ ഒഴുകി എത്തിയിരുന്നു. മധ്യപ്രദേശ്, ഹരിദ്വാർ, രാജസ്ഥാനിലെ ചില ഭാഗങ്ങൾ, എന്നിവിടങ്ങളിൽ സാരിയുടുത്ത, കയ്യിൽ പതാകയേന്തിയ ഭാരതാംബയുടെ ചിത്രങ്ങളും രൂപങ്ങളും ഹിന്ദു ഉത്സവാഘോഷങ്ങളുടെ ഭാഗമായി പ്രദർശിപ്പിച്ചിരുന്നു. താമസിയാതെ ''ഭാരത് മാതാ കീ ജയ്''(ഭാരത മാതാവ് വിജയിക്കട്ടെ) എന്ന മുദ്രാവാക്യം സൃഷ്ടിക്കപ്പെടുകയും ഭാരതാംബയെ ഹിന്ദുമത ചിഹ്നങ്ങളുമായി ചേർത്തുവയ്ക്കുകയും ചെയ്തു.

രാജ്യസ്നേഹം എന്നാൽ രാജ്യത്തെ മാതാവായും ദേവതയായും സങ്കൽപ്പിച്ച് ആരാധിക്കുകയാണ് എന്ന പ്രത്യയശാസ്ത്ര പദ്ധതി ബഹുസ്വരമായ ഒരു രാഷ്ട്രത്തിലെ വ്യത്യസ്ത ജനവിഭാഗങ്ങൾക്ക് സ്വീകാര്യമായിരുന്നില്ല. പല മതങ്ങളുള്ള, ഒരേ പ്രാർത്ഥന രീതി പിൻതുടരാത്ത ഇന്ത്യയിൽ, രാഷ്ട്രത്തെ ദേവതയായി കാണരുത് എന്ന ചർച്ചകൾ ഉയർന്നുവന്നു. കാരണം അധിശത്വ വർഗ ഭാരതാംബ സങ്കല്പത്തിൽ നിന്നും ന്യൂനപക്ഷ വിഭാഗങ്ങൾ പുറന്തള്ളപ്പെടുകയുണ്ടായി. അവരും കറകളഞ്ഞ രാജ്യസ്നേഹികൾ ആയിരുന്നു. പക്ഷേ രാജ്യത്തെ ദേവതാരൂപത്തിൽ ആരാധിക്കാൻ അവർക്ക് കഴിഞ്ഞില്ല. ഈ രീതിയിൽ ദേശസ്നേഹം ഒരു വിഭാഗത്തിന്റെ മാത്രം കുത്തകാവകാശമാക്കി മാറ്റാൻ ഭാരതാംബ സങ്കല്പം വഴിവച്ചു.

എന്നാൽ ഇന്ത്യയെ പോലെ ശക്തമായ ഭരണഘടനയുള്ള, മതേതരത്വം മുറുകെ പിടിക്കുന്ന, ഒരു രാജ്യത്ത്, ഭാരതാംബയെ ഒരു ദേശീയ മത സ്വത്വം ആക്കാൻ നിയമപരമായി കഴിയില്ല. ജനങ്ങൾക്ക് രാജ്യത്തെ ആഴത്തിൽ സ്നേഹിക്കാൻ കഴിയും, എന്നാൽ ഏതെങ്കിലും ഒരു മത രാഷ്ട്രീയ രൂപത്തിൽ രാജ്യത്തെ ആരാധിക്കുന്നതിനെ നിയമം പിൻതുണയ്ക്കുന്നില്ല . അതിനാൽ നിരവധി ഭാഷകളും ആചാരങ്ങളും ഉള്ള ഈ രാജ്യത്ത് എന്താണ് ഭാരതാംബയെന്നും ആരാണ് ഭാരതാംബ തങ്ങളുടേതാണ് എന്ന് കരുതുന്നതെന്നും നാം ചോദിക്കേണ്ടിയിരിക്കുന്നു.

**രാജ്യസ്നേഹം എന്നാൽ രാജ്യത്തെ മാതാവായും ദേവതയായും സങ്കൽപ്പിച്ച് ആരാധിക്കുകയാണ് എന്ന പ്രത്യയശാസ്ത്ര പദ്ധതി ബഹുസ്വരമായ ഒരു രാഷ്ട്രത്തിലെ വ്യത്യസ്ത ജനവിഭാഗങ്ങൾക്ക് സ്വീകാര്യമായിരുന്നില്ല. പല മതങ്ങളുള്ള, ഒരേ പ്രാർത്ഥന രീതി പിൻ തുടരാത്ത ഇന്ത്യയിൽ, രാഷ്ട്രത്തെ ദേവതയായി കാണരുത് എന്ന ചർച്ചകൾ ഉയർന്നുവന്നു. കാരണം അധിശത്വ വർഗ ഭാരതാംബ സങ്കല്പത്തിൽ നിന്നും ന്യൂനപക്ഷ വിഭാഗങ്ങൾ പുറന്തള്ളപ്പെടുകയുണ്ടായി. അവരും കറകളഞ്ഞ രാജ്യസ്നേഹികൾ ആയിരുന്നു. പക്ഷേ രാജ്യത്തെ ദേവതാരൂപത്തിൽ ആരാധിക്കാൻ അവർക്ക് കഴിഞ്ഞില്ല. ഈ രീതിയിൽ ദേശസ്നേഹം ഒരു വിഭാഗത്തിന്റെ മാത്രം കുത്തകാവകാശമാക്കി മാറ്റാൻ ഭാരതാംബ സങ്കല്പം വഴിവച്ചു.**

# പരിത്യജിച്ച ഉടയാട

**Parvathy Mol**
II^ND BSc Physics

അനാഥത്വത്തിൽ നിന്ന് സനാഥത്വത്തിലേക്കുള്ള മനസ്സിൻറെ ആദ്യ ചുവടുവയ്പായിരുന്നു അത്. അരക്ഷിതാവസ്ഥയിൽ നിന്നും ആർജിച്ചെടുത്ത ഊന്നുവടിപോലെ പെട്ടെന്നൊരു ധൈര്യമായിരുന്നു ഉമയ്ക്ക്. അവൾ തൻറെ മുറിയിലേക്ക് ഓടി വാതിലും ജനലും എല്ലാം ബന്ധിച്ചു അല്പനേരം കണ്ണാടിയെ നോക്കി താനാരാണെന്ന് സൂക്ഷ്മമായി നോക്കി കണ്ടു . ജീവിതത്തിൻറെ കൊഴിഞ്ഞുപോയ ഏതോ ഒരു നാഴികയിൽ അവൾ ആത്മബോധസൂചകമായി കരുതിവെച്ച വെള്ളമുണ്ടും ഷർട്ടും അലമാരയിൽ നിന്നും പുറത്തെടുത്തു കുറച്ചു നിമിഷങ്ങൾക്കുള്ളിൽ രൂപാന്തരം പ്രാപിച്ച ഏതോ ഒരു ജീവിയെ പോലെ അവൾക്കും മാറ്റം വന്നു. ഉമ അങ്ങനെ ഉമാവല്ലഭനായി.

ഗർഭസ്ഥശിശുവായി പിറവിയെടുത്തപ്പോൾ ആത്മാവ് സ്വീകരിച്ച സ്ത്രീയുടെ ശരീരം ത്യജിച്ചു പുരുഷ രൂപം സ്വീകരിച്ചുകൊണ്ട് അവൾ പുതിയ ജന്മമെടുത്തു. വസ്ത്രധാരണത്തിൽ മാത്രമല്ല അടിമുതൽ മുടി വരെ അവൾ സ്വയം ഉമാവല്ലഭനായി ചമഞ്ഞൊരുങ്ങി. മുറിയിൽ നിന്നും പുറത്തുവന്ന ഉമാവല്ലഭനെ കണ്ട് ചുറ്റുമുള്ളവർ അത്ഭുതപ്പെട്ടു. പെട്ടെന്ന് പിറകിൽ നിന്നും അമ്മയുടെ ചോദ്യം ഉയർന്നു : 'ഒടുവിൽ നീ അത് ചെയ്തുവല്ലേ ? എനിക്ക് പിറന്നത് ഒരു പെൺകുട്ടിയാണ്. ഞാൻ സ്നേഹിച്ചതും ലാളിച്ചതും ആശിച്ചു വളർത്തിയതും ഒരു പെൺകുട്ടിയെയാണ്. നിയമവിരുദ്ധമായി പിറവികൊണ്ട ആൺകുട്ടിയെ ഇന്ന് മുതൽ എനിക്കും ഈ വീടിനും ആവശ്യമില്ല .' വിവാഹം കഴിഞ്ഞ് രണ്ട് വർഷം തികയ്ക്കുമുൻപ് ഭർത്താവിനെ നഷ്ടമായ മൈഥിലിയ്ക് ആശിച്ചുകിട്ടിയ സമ്പാദ്യം ആയിരുന്നു ഈ പെൺകുഞ്ഞ്. ജീവൻ പകർന്ന് സ്നേഹിച്ചു വളർത്തിയ തൻറെ കുഞ്ഞിൻറെ ബുദ്ധി തിരിഞ്ഞുപോയെന്ന അലമുറയോടെ മൈഥിലി തൻറെ മുറിയിൽ കയറി വാതിൽ അടച്ചു. ഇന്നലെയോളം ഒരുമിച്ച് കളിച്ചു ഒപ്പം നിഴൽ പോലെ നടന്നും ചിരിച്ചും പ്രായവ്യത്യാസമന്യേ ഒന്നിച്ചുനടന്ന അമ്മയാണ് ഇന്ന് തന്നെ തള്ളിപ്പറഞ്ഞതെന്ന ഉത്തമബോധ്യം ഉണ്ടായിരുന്നിട്ടും അടിപതറാതെ ഉമാവല്ലഭൻ ഒരു നിമിഷം മൗനമായി നിലകൊണ്ടു. പെൺകുട്ടിയെ വളർത്തിയ പെറ്റമ്മയ്ക്ക് മകൾ പെട്ടെന്ന് മകനായി മാറിയത് അംഗീകരിക്കാൻ കുറച്ചു കാലതാമസം ഉണ്ടാകും എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ട് ഉമാവല്ലഭൻ വീട് വിട്ടിറങ്ങി. പകൽ മുഴുവൻ അലഞ്ഞുതിരഞ്ഞ് നടന്നിട്ടും താമസിക്കാൻ ഒരു വീട് കിട്ടിയില്ല. ഇതിനിടയിൽ പലരുടെയും മോശപ്പെട്ട വാക്കുകളും രൂക്ഷമായ നോട്ടവും മൃഗീയമായ പെരുമാറ്റവും അവന് അനുഭവിക്കേണ്ടതായി വന്നു . അതിനെ എല്ലാം ആത്മധൈര്യത്തോടെ നേരിട്ട് അവൻ ഒടുവിൽ ഒരു അഭയസ്ഥാനം കണ്ടെത്തി.

വാർദ്ധക്യവേരുകൾ കെട്ടിപ്പുണിഞ്ഞ ഒരു വൃദ്ധൻ ജീവിതമാർഗമായി തന്റെ വീടിൻറെ ഒരു മുറി വാടകയ്ക്ക് നൽകുമായിരുന്നു. മുൻപ് അവിടെ താമസിച്ചുപോന്ന ഒരു തമിഴൻ പെട്ടെന്ന് നാട്ടിലേക്ക് തിരിച്ചു പോയതിനാൽ ആ മുറി ഇപ്പോൾ ഒഴിഞ്ഞു കിടക്കുകയാണ്. അപ്പോഴാണ് അവന്റെ സാഹചര്യവശാൽ തൽക്കാലം താമസിക്കാൻ ഒരു മുറിയായി . ഏതാണ്ട് വൈകുന്നേരത്തോടെയാണ് അവർ എത്തി



ച്ചേർന്നത്. ' വന്നപാടെ മുറിയുടെ ഒരു മൂലയിൽ തന്റെ സാധനങ്ങൾ എല്ലാം ഒരുക്കിവച്ച് അവനോട് ഇന്നത്തെ ഭക്ഷണം ഇവിടുന്ന് ആകാമെന്ന് വൃദ്ധൻ പറഞ്ഞു. ഇന്നത്തെ ഒരു അത്താഴവും ലഭ്യമായെന്ന സമാധാനത്തിൽ അവൻ സുദീർക്കമായി കുളിച്ചു. കുളി കഴിഞ്ഞ് വന്ന അവനോട് തൻറെ പേര് എന്താണെന്ന് വൃദ്ധൻ ചോദിച്ചു. അതുവരെ ഇല്ലാത്ത ശബ്ദഗാംഭീര്യത്തോടെ അവൻ പറഞ്ഞു: ''ഉമാവല്ലഭൻ. '' ജീവിതത്തിൽ അപൂർവമായി കേട്ട പേരുകളിൽ ഒന്നാണ് ഇതെന്ന് വൃദ്ധൻ മറുപടി പറഞ്ഞത് കേട്ട് തന്റെ അപൂർവ ജന്മത്തെപ്പറ്റി ഓർത്ത് അവൻ മനസ്സിൽ ആനന്ദിച്ചു. അത്താഴം കഴിഞ്ഞു മുറിയിൽ എത്തിയപ്പോൾ രാത്രിയിൽ ഇതുവരെ ഉണ്ടാകാത്ത ഒരനവധ്യ മോഹനശോഭയുള്ളതായി അവനു തോന്നി.

ചെറുപ്പം മുതലേ ഡയറിക്കുറിപ്പുകൾ എഴുതുന്ന ശീലം പതിവായതിനാൽ ദിശാബോധത്തോടെ തുറന്നുവെച്ച് ഡയറിക്ക് മുന്നിൽ അവനിരുന്നു. അത് തുറക്കപ്പെട്ടത് സ്വന്തം ജീവിതത്തെ പോലെ തന്നെ ഒരു പുതിയ താളിലേക്ക് ആയിരുന്നു. ഇന്നലെ വരെ ശരീരം അണിഞ്ഞ സ്ത്രീയുടെ പരിവേഷം ത്യജിച്ചതുപോലെ. സ്വന്തം ഡയറിയിൽ നിന്നും ഓർമ്മകളും അവൻ വായിച്ചിരുന്നു . പുതിയ പ്രതീക്ഷകൾ ഇതളിടുന്ന കരിമൊട്ടുകളെ പോലെ അവന്റെ മനസ്സിലെ ഉമാവല്ലഭകാവ്യങ്ങൾ,,, അക്ഷരങ്ങളായി ഡയറിയിൽ ഓളമിട്ടു. ആ ഒഴുക്കിൽ പെട്ട് അറിയാതെ അവൻ ഉറങ്ങിപ്പോയി. പ്രഭാതത്തിന്റെ പൂമരത്തിൽ ഇരുന്ന് പാട്ടുപാടുന്ന മിഥുനപ്പക്ഷികളുടെ ശബ്ദം കേട്ടാണ് പിറ്റേന്ന് രാവിലെ അവൻ ഉണർന്നത്. പുതിയ വ്യക്തിത്വം പിറവികൊണ്ട തൻറെ നവജീവിതത്തെ പ്രത്യാശയോടെ നോക്കിക്കൊണ്ട് അവൻ പതിയെ മുറ്റത്തേക്ക് ഇറങ്ങി.....

# അഗ്നിപർവ്വതം

Yusra Khadeeja
III[RD] BA English

അവൾ എഴുതാൻ തുടങ്ങിയപ്പോൾ
അയാൾ വിരൽ ഗുരുദക്ഷിണയായി ചോദിച്ചു.
സംസാരിക്കൻ തുടങ്ങിയപ്പോൾ
നാവിൽ പിടിച്ചു.
ചിന്തിക്കാൻ തുടങ്ങിയപ്പോൾ
മുറിയിലടച്ചു.
അയാളറിഞ്ഞില്ല
അവളുടെ ഹൃദയം
ഒന്നുരച്ചാൽ തീപ്പോരി തുപ്പുമെന്ന്.
കാട്ടുതീയായ് പടരുമെന്ന്.
ഭൂമിക്കിടയിൽ ഒരഗ്നിപർവതമുണ്ടെന്ന്,
അയാളറിഞ്ഞില്ല അതയാളെ വിഴുങ്ങുമെന്ന്.

# ഞാൻ ഗാന്ധി

Devanjana S. S.
1[st] B COM BIS

ഞാൻ ഗാന്ധി
ഞാൻ ഏറെക്കാലം ജീവിച്ചു,
ജന്തുക്കളുടെ കശപിശ കണ്ടു.

ഞാൻ ഗാന്ധി,
ഞാൻ വസന്തത്തിന്റെ ശബ്ദം കേട്ടില്ല
നക്ഷത്രത്തങ്ങളുടെ പാട്ട് കേട്ടില്ല.

ഞാൻ ഗാന്ധി,
ഞാൻ സ്വന്തമാക്കിയത്
മണ്ണിന്റെ നിറം,
അകാശത്തിന്റെ നിറം;
അടുത്തിരുന്ന പെണ്ണിന്റെ
കവിളുകളുടെ നിറം കണ്ടില്ല.

ഞാൻ ഗാന്ധി,
അനേകം കാൽപാടുകളുടെ ഇടയിൽ
നഷ്ടപ്പെട്ട ഒരു കാൽപ്പാട്
എന്റെ നിഴലിൽ
ഇപ്പോഴും വെടിയുണ്ട ചിരിക്കുന്നു.



# അംബേദ്കർ

**Nowrin Sulthana**
III^RD B.A English

മേഘങ്ങളുടെ കടന്നുകയറ്റം;
നരച്ച കടലിന്റെ ആർത്തി;
ഇവക്കിടയിലലിഞ്ഞ ആദ്യശബ്ദം നീ.
നീ ഒരിടിമുഴക്കം, പക്ഷെ
മഴപെയ്യിച്ചില്ല, ഒരിടിമിന്നലായ് മാഞ്ഞുപോയി.
നീ വിത്തെറിഞ്ഞു,മണ്ണിനെയുണർത്തി,
കൊയ്തിനു നിൽക്കാതെ നടന്നുപ്പോയി.
നിൻറ് അക്ഷരങ്ങളെ കീറിമുറിച്ച്
ശവത്തിനായ് കടിപിടി കൂടുന്നു
ഒരു സിംഹവും കഴുതപ്പുലിയും.



# ഡൊണാൾഡ് ട്രംപിന്റെ രണ്ടാം വരവും മാറിവരുന്ന ലോക ക്രമവും


**Nikitha Manoj**
III[RD] BA Ecomaths

**അമേരിക്കൻ വ്യവസായിക വിപ്ലവത്തിന്റെയും, ആഗോളവൽക്കരണത്തിന്റെയും, ഉദാരണവൽക്കരണത്തിന്റെയും അലയടികൾ ലോകരാഷ്ട്രങ്ങളിൽ ആകെ വ്യാപിച്ചു . ഇത്തരം സാഹചര്യങ്ങളിലാണ് അമേരിക്കയുടെ ഭരണതലവനായി ഡൊണാൾഡ് ട്രംപ് വീണ്ടും അധികാരത്തിലേക്ക് എത്തുന്നത് .**

ലോകം വികസനത്തിന്റെ പാതയിലാണ്. ശാസ്ത്ര സാങ്കേതിക മേഖലയിലെല്ലാം വികസനം ലക്ഷ്യമിട്ടുകൊണ്ട് ലോകരാജ്യങ്ങളാകെ മത്സരാരാധിഷ്ഠിത വളർച്ചയുടെ പടവുകളിലാണ്. വികസിത- വികസ്വര രാജ്യങ്ങളിലാകെ ഈ വളർച്ചയുടെ പടർപ്പുകൾ വ്യാപിച്ചു കഴിഞ്ഞു. ചന്ദ്രനിൽ മനുഷ്യനെ വരെ എത്തിക്കുന്ന പരീക്ഷണനിരീക്ഷണങ്ങളിലൂടെ ലോകരാജ്യങ്ങൾ കടന്നു പോവുകയാണ്. കൃഷി, വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം, പശ്ചാത്തല സൗകര്യം, ആധുനികം സുസ്ഥിരവികസനം, ആണവോർജ്ജ വികസനം തുടങ്ങി നാനാ മേഖലയിലും ഒന്നാമതായി ലോകരാഷ്ട്രമായി മാറുവാനുള്ള മത്സരത്തിലാണ് ലോകരാഷ്ട്രങ്ങളാകെ തന്നെ. അമേരിക്കയും ചൈനയും പോലുള്ള വൻകിട രാജ്യങ്ങൾ പശ്ചാത്തല വികസനത്തിന് പുതിയ കണ്ടുപിടുത്തങ്ങൾ നൽകുമ്പോൾ ഇന്ത്യ അടക്കമുള്ള വികസ്വര രാജ്യങ്ങൾ അമേരിക്കയോടൊപ്പം എന്ന ലക്ഷ്യത്തിനായി മുന്നേറുകയാണ്. ഈ മത്സരങ്ങളുടെ ആകെ ചരിത്രം പരിശോധിച്ചാൽ എണ്ണിയാൽ ഒടുങ്ങാത്ത യുദ്ധങ്ങളിൽ എത്തപ്പെടും, അമേരിക്ക ചൈന ആഭ്യന്തര യുദ്ധവും, ഇറാൻ- ഇസ്രയിൽ തർക്കവും തുടങ്ങി എണ്ണയുടെയും ഊർജ്ജത്തിന്റെയും മനുഷ്യവാസത്തിന്റെ അതിർത്തിയുടെയും തുടങ്ങി നിരവധി യുദ്ധ ചരിത്രങ്ങൾ നമുക്ക് മുന്നിലുണ്ട്. ഒന്നാം ലോകമഹായുദ്ധവും രണ്ടാം ലോക മഹായുദ്ധവും ഹിരോഷിമയും നാഗസാക്കിയും തുടങ്ങി ലോകരാജ്യങ്ങൾ തമ്മിൽ യുദ്ധം ചെയ്തും വെട്ടിപ്പിടിച്ചും നയങ്ങൾ സ്വീകരിച്ചതിന്റെ ചരിത്രം നമുക്ക് മുന്നിലുണ്ട്.

ഈ യുദ്ധങ്ങൾക്ക് അറുതി വരുത്തിക്കൊണ്ട് സമാധാന അന്തരീക്ഷം നൽകി ഐക്യരാഷ്ട്ര സംഘടനയുടെ രൂപീകരണം മുതൽ ലോക രാഷ്ട്രങ്ങളിൽ അമേരിക്കയുടെ സ്ഥാനം മുകളിൽ തന്നെ. ഇന്ത്യ അടക്കമുള്ള രാജ്യങ്ങൾ നയതന്ത്ര സ്വീകരണത്തിലും അതിർത്തി വിഷയങ്ങളിലും, യുദ്ധ നിലപാടുകളിലും, വികസനത്തിലും ഉറ്റുനോക്കുന്ന രാഷ്ട്രമായി അമേരിക്ക മാറിക്കഴിഞ്ഞു. ജനസംഖ്യ വളർച്ച ഉൾപ്പെടെയുള്ള വിഷയങ്ങളിൽ അമേരിക്കയുടെ നിലപാട് ലോകരാഷ്ട്രങ്ങളിൽ ആശങ്ക പരത്തിയിട്ടുണ്ട്.

അമേരിക്ക എക്കാലത്തും സ്വീകരിച്ചിട്ടുള്ള കച്ചവടതന്ത്രങ്ങളും വ്യവസായിക മാറ്റങ്ങളും, ഡോളർ മൂല്യത്തിലെ മാറ്റങ്ങളുമെല്ലാം ലോകരാഷ്ട്രങ്ങളെയകെ ബാധിച്ചിട്ടുണ്ട്. ആദ്യകാലഘട്ടത്തിൽ രൂപയുടെ അടക്കമുള്ള മൂല്യനിർണയം സ്വർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെട്ടിരുന്നതിൽ നിന്നും ഡോളറിന്റെ മൂല്യത്തിന്റെ അടിസ്ഥാനത്തിലേക്ക് മാറ്റപ്പെട്ടതിൽ വരെ എത്തിനിൽക്കുന്ന ലോക രാഷ്ട്രങ്ങൾക്ക് മുന്നിലെ അമേരിക്കയുടെ സ്വാധീനം എണ്ണിയാൽ ഒടുങ്ങാത്തതാണ്. എന്നാൽ അമേരിക്കയിൽ നടന്നു വരുന്ന വംശീയഹത്യകൾ ലോകരാഷ്ട്രങ്ങളിൽ ആകെ തന്നെ പ്രതിഷേധ ജ്വാല പടർത്തിയിട്ടുണ്ട്. കുടിയേറി പാർക്കുന്ന ആഫ്രിക്കൻ ജനതയുടെ വിഷയങ്ങൾ അടക്കം അമേരിക്കൻ ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നിലപാടുകൾ എന്നും ശ്രദ്ധേയമാണ്. അമേരിക്കൻ വ്യവസായിക വിപ്ലവത്തിന്റെയും, ആഗോളവൽക്കരണത്തിന്റെയും, ഉദാരണവൽക്കരണത്തിന്റെയും അലയടികൾ ലോകരാഷ്ട്രങ്ങളിൽ ആകെ വ്യാപിച്ചു . ഇത്തരം സാഹചര്യങ്ങളിലാണ് അമേരിക്കയുടെ ഭരണതലവനായി ഡൊണാൾഡ് ട്രംപ് വീണ്ടും അധികാരത്തിലേക്ക് എത്തുന്നത് .

വിവാദങ്ങളുടെ പ്രതിഷേധങ്ങളുടെയും ഒന്നാം ഭരണകാലയളവിന്റെ ഇടവേളയ്ക്ക് ശേഷം ട്രംപിന്റെ രണ്ടാം വരവ് ലോക ക്രമങ്ങളിൽ അനുകൂലമായും പ്രതികൂലമായും ബാധിച്ചിട്ടുണ്ട്. വ്യവസായിക അധിഷ്ഠിത വികസനത്തിൽ ഒന്നാം സ്ഥാനത്തുള്ള അമേരിക്ക പട്ടിണി സൂചികയിലും സന്തോഷ സൂചികയിലും ഏറെ പിന്നിലാണ്. അതായത് ഒരു വശത്ത് വികസനത്തിൽ നിന്നും വികസനത്തിലേക്ക് കുതിക്കുമ്പോഴും അടിസ്ഥാന വിഭാഗങ്ങളുടെയും കറുത്ത

അമേരിക്കക്കാർ എന്ന് വിശേഷിക്കപ്പെടുന്ന അതിർത്തിവാസികൾക്ക് അടക്കം വികസന മുരടിപ്പിന്റെയും അലയടികൾ നേരിടേണ്ടിവരുന്നു. വംശീയ ലോകപാതകങ്ങളുടെ ഈറ്റില്ലമായി അമേരിക്ക മാറിയതിന്റെ ഉദാഹരണങ്ങൾ കറുത്ത വംശജനായ യുവാവിന്റെ മരണത്തിലൂടെ ലോക രാഷ്ട്രങ്ങൾക്ക് മുന്നിൽ തെളിഞ്ഞതാണ്. അതിൻറെ പേരിൽ നടക്കപ്പെടുന്ന ക്രൂര പീഡനങ്ങളുടെയും വാർത്തകൾ ഒട്ടും കുറവല്ല . ഇത്തരം സാമൂഹിക പ്രതിഷേധങ്ങളുടെ അലകൾ പലപ്പോഴും മറ്റു രാജ്യങ്ങളിലേക്കും വ്യാപിക്കപ്പെടാറുണ്ട് . ഇന്ത്യ അടക്കമുള്ള രാജ്യങ്ങളിൽ അതിൻറെ ഭാഗമായി ഉയർന്നുവന്ന പ്രതിഷേധങ്ങൾ ചെറുതല്ല.

സാമ്പത്തിക വിഷയങ്ങളിൽ അമേരിക്കൻ നയങ്ങൾ ലോകത്താകമാനം മാറ്റം വരുത്തുന്നു. ഉത്പന്നങ്ങളുടെ കയറ്റുമതിയിൽ എന്നും മുന്നിൽ നിൽക്കുന്ന രാജ്യമാണ് അമേരിക്ക. കയറ്റുമതി ഇറക്കുമതി നികുതികളിൽ അമേരിക്ക സ്വീകരിച്ച പുതിയ നയങ്ങൾ മറ്റ് രാഷ്ട്രങ്ങളിൽ വിലക്കയറ്റത്തിനടക്കം കാരണമായത് വിവാദപരമായി സാമൂഹിക നിരീക്ഷകർ നോക്കിക്കാണുന്നതാണ്. തൊഴിലാളിയുടെ ക്ഷേമവും ലാഭവും പരസ്പര വിരുദ്ധമായി നിലകൊള്ളുകയും അതിൻറെ പേരിൽ പോരാട്ടങ്ങൾ നടന്നിട്ടുള്ള രാഷ്ട്രമാണ്. ഇത്തരം മാറ്റങ്ങൾ ലോക രാജ്യങ്ങളിലാകെ തന്നെ സാമ്പത്തികമാറ്റം കൊണ്ടുവന്നിട്ടുണ്ട്. അറബ് വസന്തം അടക്കമുള്ള വിപ്ലവകരമായ പോരാട്ടങ്ങളുടെ നാളുകളിൽ അതിൻറെ അലകൾ ഇന്ത്യ പോലുള്ള വികസ്വര രാജ്യങ്ങളിലും മാറ്റം വരുത്തിയിട്ടുണ്ട്. പാരിസ്ഥിക വിഷയങ്ങളിൽ അമേരിക്കൻ നയങ്ങൾ എന്നും സുപ്രധാനമാണ്. ആമസോൺ കാടുകൾക്ക് തീ പിടിച്ചതടക്കമുള്ള പാരിസ്ഥിതിക വിഷയം ചർച്ചയാകുന്ന നാളുകളിൽ അമേരിക്ക പോലൊരു വൻകിട രാഷ്ട്രം സ്വീകരിക്കേണ്ട മുൻകരുതലുകളും തീരുമാനങ്ങളും ലോകരാഷ്ട്രങ്ങൾ ആകെ മാതൃകയാക്കേണ്ടത് തന്നെയായിരുന്നു.

വ്യവസായിക കേന്ദ്രങ്ങളിൽ നിന്നും വാഹനങ്ങളിൽ നിന്നും ഉയരുന്ന പുകപടലം അന്തരീക്ഷ മലിനീകരണത്തിന്റെ തോത് വർദ്ധിപ്പിച്ചുകൊണ്ടേയിരിക്കുന്നു. ജനസംഖ്യയിൽ എന്നും മുൻപന്തിയിൽ നിൽക്കുന്ന അമേരിക്കയിൽ പരിസ്ഥിതി മലിനീകരണത്തിന്റെ തോത് കുറയ്ക്കാനായാൽ അത് ലോക രാഷ്ട്രങ്ങളിൽ ആകെ ഒരു മാറ്റത്തിന് കാരണമായേക്കാം. ടൂറിസം മേഖലയിലും, കുടിയേറ്റ തൊഴിലാളികളുടെ നിയമങ്ങളിലും , പൗരത്വത്തിലുമടക്കം അമേരിക്ക അടുത്തിടെ കൊണ്ടുവന്ന ഭേദഗതികൾ ഇന്ത്യ പോലുള്ള രാജ്യങ്ങളിൽ നിന്നുൾപ്പെടെ വിദേശത്തേക്ക് ചേക്കേറുന്നവർക്കും ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. ഇത് അതിർത്തികൾക്ക് അപ്പുറം ആശയങ്ങളും പുതിയ നൂതന സാങ്കേതികവിദ്യയും സഞ്ചരിക്കുന്നതിന് തടസ്സം സൃഷ്ടിക്കുമ്പോൾ ലോകക്രമത്തിൽ തന്നെ മാറ്റം ഉണ്ടാകുന്നു.

**സമാധാനം പുലരുന്ന ലോകത്തിനായി . ഐക്യരാഷ്ട്ര സംഘടന പരിശ്രമിക്കുമ്പോഴും യുദ്ധങ്ങൾ അവസാനിപ്പിക്കുവാനുള്ള ആഹ്വാനം പുറപ്പെടുവിപ്പിക്കുമ്പോഴും ഇസ്രയേലിന് അമേരിക്കയിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾ യുദ്ധം ഏൽപ്പിക്കുന്ന ആഘാതത്തിന്റെ തോത് ഇരട്ടിപ്പിച്ചു.മരണസംഖ്യ , അനാഥത്വം, പട്ടിണി , ദാരിദ്ര്യം തുടങ്ങിയ സർവ്വതല മേഖലയിലും യുദ്ധങ്ങൾ ആഘാതങ്ങൾ സൃഷ്ടിച്ചുകൊണ്ടേയിരുന്നു .**

യുദ്ധങ്ങൾ എന്നും ലോകമനസാക്ഷിക്ക് ഏൽപ്പിച്ച ആഘാതങ്ങൾ ചെറുതല്ല. ഏറ്റവും ഒടുവിലായി ഇസ്രയേൽ പലസ്തീൻ വിഷയത്തിൽ യുദ്ധസാമഗ്രികൾ അടക്കം വിതരണം ചെയ്തുകൊണ്ട് യുദ്ധം പ്രോത്സാഹിപ്പിക്കുന്ന രാജ്യമായി അമേരിക്ക മാറിക്കഴിഞ്ഞു . യുദ്ധ ഉപകരണങ്ങളുടെ കയറ്റുമതിയിലൂടെ സാമ്പത്തിക നേട്ടം നേടുന്ന അമേരിക്ക പോലൊരു രാജ്യത്ത് രാഷ്ട്ര താല്പര്യങ്ങൾ സംരക്ഷിക്കുക എന്നത് മാത്രം ലക്ഷ്യമിട്ടുകൊണ്ട് ഇത്തരം വസ്തുക്കളുടെ കയറ്റുമതിയും അതുവഴി യുദ്ധങ്ങളും പ്രോത്സാഹിപ്പിക്കപ്പെടുന്ന സാഹചര്യത്തിലാണ് ട്രംപിന്റെ രണ്ടാം വരവ്. പലസ്തീൻ ഇസ്രയിൽ വിഷയത്തിൽ



അമേരിക്കയുടെ പുതിയ നിലപാട് ലോകരാഷ്ട്രങ്ങൾ ആകെ ആകാംഷയോടെയാണ് ഉറ്റു നോക്കിയത്.

സമാധാനം പുലരുന്ന ലോകത്തിനായി ഐക്യരാഷ്ട്ര സംഘടന പരിശ്രമിക്കുമ്പോഴും യുദ്ധങ്ങൾ അവസാനിപ്പിക്കുവാനുള്ള ആഹ്വാനം പുറപ്പെടുവിപ്പിക്കുമ്പോഴും ഇസ്രയേലിന് അമേരിക്കയിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾ യുദ്ധം ഏൽപ്പിക്കുന്ന ആഘാതത്തിന്റെ തോത് ഇരട്ടിപ്പിച്ചു. മരണസംഖ്യ, അനാഥത്വം, പട്ടിണി, ദാരിദ്ര്യം തുടങ്ങിയ സർവ്വതല മേഖലയിലും യുദ്ധങ്ങൾ ആഘാതങ്ങൾ സൃഷ്ടിച്ചുകൊണ്ടേയിരുന്നു. ലോകസമാധാനം പുലരുക തന്നെ വേണം. സമാധാനത്തോടെ, അവകാശത്തോടെ ജീവിക്കുവാൻ ഉള്ള സ്വാതന്ത്ര്യം ഏതൊരു രാജ്യത്തെ പൗരനും അർഹിക്കുന്നതാണ്.

അമേരിക്കയിലെ ആഭ്യന്തര കലാപങ്ങൾ, സാമ്പത്തിക നയങ്ങൾ തുടങ്ങിയവ ഇനിയും ലോകരാഷ്ട്രങ്ങളെ ഒക്കെ ബാധിച്ചേക്കാവുന്ന സാഹചര്യത്തിൽ ഐക്യരാഷ്ട്ര സംഘടന അടക്കം ഇടപെട്ട് ഇത്തരം വിഷയങ്ങളിൽ കരാർ ഒപ്പിടുക എന്നത് പ്രധാനപ്പെട്ടതാണ്. സുസ്ഥിരവികസനത്തിൽ നേട്ടങ്ങൾക്കായി മുന്നേറാൻ അമേരിക്ക തയ്യാറായാൽ അത് ചെറുതും വലുതുമായ ലോക രാഷ്ട്രങ്ങളെ അനുകൂലമായി ബാധിക്കും. ലോക വികസനം സാധ്യമാകും. 'ലോക സമസ്ത സുഖിനോ ഭവന്തു' എന്ന ലോകതത്ത്വം വിജയിക്കണം. എല്ലാ രാഷ്ട്രങ്ങളിലും വികസനം വ്യാപിക്കണം. ഒന്നായി നല്ല നാളെ വരവേൽക്കാനാവണം.

**ലോകസമാധാനം പുലരുക തന്നെ വേണം. സമാധാനത്തോടെ, അവകാശത്തോടെ ജീവിക്കുവാൻ ഉള്ള സ്വാതന്ത്ര്യം ഏതൊരു രാജ്യത്തെ പൗരനും അർഹിക്കുന്നതാണ്.**

# പറയാതെ പോയ കുറിപ്പുകൾ

**Gopika**
IInd BCOM

**"താലിബാൻ ഭീകരകൾക്ക് എതിരെ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി ഇതാ ഒരു പെൺകരുത്ത്-മലാല യൂസഫ് സായി"**
**ദിനപത്രത്തിന്റെ തലക്കെട്ടിൽ ഉമ കൗതുകത്തോടെ നോക്കി നിന്നു... അവൾ അച്ഛനോട് ഉറക്കെ വിളിച്ചു പറഞ്ഞു "ഞാനും ഒരിക്കൽ ചരിത്രം ആകും.. ലോകം അറിയപ്പെടും.." ഉമ തന്റെ ആഗ്രഹത്തെ നെഞ്ചോട് ചേർത്തു..**

ഇരുൾത്തൊപ്പി നീക്കി സൂര്യകിരണങ്ങൾ നന്തിയൂർ ഗ്രാമത്തിനെ തഴുകുവാൻ തുടങ്ങിയിരുന്നതേ ഉണ്ടായിരുന്നുള്ളു. ദിനപത്രവുമായി മഞ്ഞുമൂടിയ താഴ്വരയിലൂടെ മൂളിപാട്ട് പാടി മനുവിന്റെ സൈക്കിൾ എത്തുക പതിവായിരുന്നു. വേലിക്ക് അരികിലായി സജ്ജീകരിച്ചിരുന്ന പി.വി.സി പൈപ്പിനുള്ളിലേക്ക് പാത്രം തിരുകി, ചൂടേറിയ വാർത്തകൾ ഓരോ ഉമ്മറത്തിണ്ണയിലേക്കും എത്തിക്കാനുള്ള തിരക്കിലാണ് മനു ഓരോ ദിവസവും. എന്നാൽ ഇന്ന് ആ വരവിന് പതിവിലും വേഗത ഏറെ ആയിരുന്നു.



അമ്പലം കുന്ന് കുടുംബത്തിന്റെ നടവഴിയിലൂടെ മനു കിതച്ചുകൊണ്ട് ഓടിയെത്തിയപ്പോഴേക്കും സമയം 6:30 പിന്നിട്ടിരുന്നു.
'രവി ഏട്ടാ.....! രവി ഏട്ടാ...'മനുവിന്റെ ശബ്ദം ആ കുടുംബത്താകെ മുഴങ്ങി.'സുഭദ്രേ, ഉമ്മറത്ത് ആരോ വിളിക്കുന്നു; ഒന്നു നോക്കൂ' എന്ന് പറഞ്ഞ് രവി കിടക്കയിൽ തിരിഞ്ഞു കിടന്നു. സുഭദ്ര വാതിൽ തുറന്നു'എന്താ മനു ..?' 'രവി ഏട്ടൻ ഇല്ലേ....?' മനു ചോദിച്ചു... പിന്നിൽ നിന്ന് രവി പ്രത്യക്ഷപ്പെട്ടു. 'എന്താ മനു?' മനുവിന്റെ മുഖം പരിഭ്രാന്തമായിരുന്നു. മനു രവിക്ക് മുന്നിൽ ദിനപത്രം വെച്ച് നീട്ടി. തലക്കെട്ടിലൂടെ രവി കണ്ണോടിച്ചു... രവിയുടെ കണ്ണുകളിൽ തീക്ഷ്ണത നിറഞ്ഞു, ആ കണ്ണുകളിൽ നിറയുന്ന കണ്ണീർ കണങ്ങൾക്ക് അർത്ഥതലങ്ങൾ പലതായിരുന്നു.



പുറത്ത് കാലവർഷം ശക്തി പ്രാപിച്ചിരുന്നു, ഉമ തന്റെ കമ്പിളിക്കുള്ളിൽ ചുരുങ്ങിക്കൂടിയിരുന്നു. മഴയെന്നും ഉമയ്ക്ക് ഒരു ആനന്ദമായിരുന്നു. എന്നാൽ ഇന്ന് താൻ മഴ കണ്ടിട്ട് നാളുകൾ ആയിരിക്കുന്നു, ഉമ ഓർത്തു. മുറിയിലേക്ക് അലയടിച്ച് വന്നിരുന്ന ശീതങ്കം സൃഷ്ടിച്ച നനവ് ഉമയ്ക്ക് താങ്ങാവുന്നതിനും അപ്പുറമായിരുന്നു.
ഒരാൾക്ക് കഷ്ടിച്ചു നിൽക്കാൻ കഴിയുന്ന മുറി; മുറിയുടെ വലതുവശത്തായി ചെറിയ ഒരു ജനാല അതിന്റെ കമ്പികൾ ഇരുമ്പ് വലകൾ കൊണ്ട് ബന്ധിച്ചിരുന്നു. മുറിയിൽ കിടക്കക്കരികയിലായി ഒരു ഇരുമ്പ് പാത്രമുണ്ടായിരുന്നു. ഈ നാല് ചുവരുകൾ തന്റെ ലോകമായി മാറിയിട്ട് രണ്ടു വർഷങ്ങൾ പിന്നിടുന്നു. ആ മുറിയിൽ തന്റേത് എന്ന് അവകാശപ്പെടാൻ അവൾക്ക് ഒരു ഡയറി ഉണ്ടായിരുന്നു. ഒരു ഭ്രാന്തിയെ പോലെ അവൾ എന്തൊക്കെയോ കുത്തിക്കുറിക്കുന്ന ഡയറി...! അവൾ ഡയറി തുറന്നു.. കട്ടിലിന്റെ അരികിൽ പിടിച്ച് അവൾ മെല്ലെ എഴുന്നേൽക്കാൻ ശ്രമിച്ചു.. എങ്കിലും അവളുടെ ശരീരം അവളുടെ ശ്രമത്തെ തളർത്തിയിരുന്നു. ഡയറിയുടെ ഏടുകളിലൂടെ കടന്നുപോയപ്പോൾ അവളുടെ കണ്ണുകൾ..., ആ കത്തിലേക്ക് കണ്ണ് ഉടക്കി...!

'താലിബാൻ ഭീകരകൾക്ക് എതിരെ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി ഇതാ ഒരു പെൺകരുത്ത്-മലാല യൂസഫ് സായി' ദിനപത്രത്തിന്റെ തലക്കെട്ടിൽ ഉമ കൗതുകത്തോടെ നോക്കി നിന്നു... അവൾ അച്ഛനോട് ഉറക്കെ വിളിച്ചു പറഞ്ഞു 'ഞാനും ഒരിക്കൽ ചരിത്രം ആകും.. ലോകം അറിയപ്പെടും..'ഉമ തന്റെ ആഗ്രഹത്തെ നെഞ്ചോട് ചേർത്തു..
ഡിഗ്രി റാങ്ക് ഈ കൊല്ലം ഉമയ്ക്ക് തന്നെ, ഉന്നത പഠനത്തിനായി ദില്ലിയിൽ പോകണം, അവൾ പറഞ്ഞു. അഭിനന്ദനവുമായി ബന്ധുമിത്രാദികളും നാട്ടു സമിതികളും എത്തിച്ചേർന്നു. മലയാളികളുടെ കുലീനമായ സ്വഭാവം അവിടെ പ്രത്യക്ഷപ്പെടാൻ ഏറെ കാലതാമസമുണ്ടായിരുന്നില്ല. സ്വന്തം വേലിയിൽ അല്പം പോലും ശ്രദ്ധ നൽകാതെ അയൽപക്കത്തെ നന്നാക്കി സമൂഹം പരിവർത്തനം ആക്കാൻ ശ്രമിക്കുന്ന നാട്ടുകൂട്ടം അവിടെയും പിരിമുറുക്കി.
'എന്താ രവി മകളെ ദൂരേക്ക് അയക്കുവാണെന്ന് കേട്ടു?' ശങ്കരൻ (നാട്ടുകൂട്ടത്തിൽ ഒരുവൻ) അന്വേഷിച്ചു.'പെൺകുട്ടികൾ പുറത്തു പോയാൽ എന്താ ഉണ്ടാകുന്നത് എന്ന് രവി നിനക്ക് നിശ്ചയം ഇല്ലേ?'എന്ന് മറ്റൊരു അഭിപ്രായം...'ഇനി കുട്ടിക്ക് വേണ്ടിയത് ഒരു തുണയാണ്,' 'കല്യാണം കഴിച്ചിട്ടും പഠിക്കുന്നില്ലേ... പെൺകുട്ടികൾ... ആ കുന്നത്ത് മാധവിയുടെ മകൾ കല്യാണം കഴിഞ്ഞല്ലേ ജോലി കിട്ടിയത്?'ഈ ചോദ്യങ്ങൾ രവിയുടെ മനസ്സിനെ അലട്ടി. രവിയും സുഭദ്രയും ചർച്ചയിലായി... സുഭദ്രയ്ക്കും നാട്ടു കൂട്ടത്തിന്റെ അഭിപ്രായം തന്നെയായിരുന്നു.'ഉമേ.. ഉമേ..' 'എന്താ അച്ഛാ..'ഉമ ചോദിച്ചു.'മോളെ നിനക്ക് ഒരു ആലോചന വന്നിട്ടുണ്ട്...'ഉമ ബാക്കി കേൾക്കാൻ നിൽക്കാതെ പറഞ്ഞു 'എനിക്ക് തുടർന്ന് പഠിക്കേണ്ടേ അച്ഛാ?' ഉമയെ നിശബ്ദമാക്കുന്ന വിധത്തിലായിരുന്നു സുഭദ്രയുടെ മറുപടി 'ദാ നോക്ക് നിനക്ക് താഴെ 2 ആൺകുട്ടിയോള് ആണ്, നിന്നെ പഠിപ്പിച്ചാലും നീ മറ്റൊരു വീട്ടിൽ പോവേണ്ടിയതാണ്. പക്ഷേ അവൻ മാർക്ക് ജോലി അനിവാര്യമാണ്... അവരാണ് കുടുംബം നോക്കേണ്ടത്..'ഉമ മൂകയായി. രവി തുടർന്നു 'മോളെ.. എന്റെ അകന്ന സുഹൃത്തിന്റെ പരിചയക്കാരനാണ്, നമ്മുടെ സ്ഥിതിയൊക്കെ പയ്യനറിയാം, പയ്യന് ദില്ലിയിൽ സോഫ്റ്റ്വെയർ എൻജിനീയറിങ് പാസായതാണ്, അവിടെ

ഉയർന്ന ജോലിയാണ് അവൻ നിന്നെ തുടർന്ന് പഠിപ്പിക്കാം എന്ന് ഏറ്റിട്ടുമുണ്ട്'.

യൗവനത്തിലേക്ക് ചുവട് പിടിച്ചു തുടങ്ങിയ ഉമയുടെ മനസ്സിന് ഇത് ഉൾക്കൊള്ളാൻ പ്രയാസമായിരുന്നു. തന്റെ മുറിക്കുള്ളിൽ അവൾ ഉറക്കെ കരഞ്ഞു. തന്റെ ഭാവി ചോദ്യചിഹ്നവുമായി അവൾക്കു മുന്നിൽ നിൽക്കുമ്പോഴാണ് ഉമയെ തേടി ഒരു കത്ത് വരുന്നത്.'മോളെ വിഷ്ണുവിന്റെ കത്താണ്, നിനക്കാണ്'. ഏറെ വിസമ്മതത്തോടെ ഉമ അത് വാങ്ങി.. ഉമ കത്ത് പൊട്ടിച്ചു.

പ്രിയപ്പെട്ട ഉമയ്ക്ക്....

ഉമേ എന്ന് വിളിക്കാൻ എത്രമാത്രം പരിചയമുണ്ടെന്ന് ഉള്ളത് ഒരു ചോദ്യമാണെങ്കിലും... ഇന്ന് ഈ വരികൾ എഴുതുമ്പോൾ എന്റെ കൈ വിറക്കുന്നുണ്ട്... ആദ്യമായി ഇത്തരത്തിൽ ഒരു പെൺകുട്ടിയോട് മനസ്സ് തുറക്കുന്നത്, അതുകൊണ്ടാണ് മൊബൈൽ ഫോൺ സജീവമായിരിക്കുന്ന ഈ കാലത്ത് ഫോണിൽ കൂടിയുള്ള ചമ്മൽ ഒഴിവാക്കാൻ ആണ് ഇത്തരത്തിൽ ഒരു കത്തിനെ കൂട്ടുപിടിച്ചത്. ഉമയ്ക്ക് ഞാൻ അച്ഛന്റെ സുഹൃത്തിന്റെ മകൻ ആണെങ്കിലും എനിക്ക് ഉമ എന്റെ ഏറെ നാളത്തെ സ്വപ്ന സാക്ഷാത്കാരമാണ്. പലപ്പോഴും അമ്പലത്തിൽ താൻ അമ്മയോടൊപ്പം എത്തി പ്രാർത്ഥനയിൽ മുഴുകുമ്പോൾ ദൂരെ നിന്ന് കൗതുകത്തോടെ ഞാൻ നോക്കി നിന്നിട്ടുണ്ട്, പിന്നെ തന്നെ കാണാനായി ക്ഷേത്രദർശനം ഒരു പതിവായി മാറി. തനിക്ക് സമ്മതമാണെങ്കിൽ നമുക്ക് ഒരുമിച്ച് ജീവിതം സ്വപ്നം കാണാം. തന്റെ കല്യാണത്തിന് ചിറക് നൽകാൻ ഞാൻ ഒപ്പം ഉണ്ടാകും..

എന്ന് സ്വന്തം
വിഷ്ണു...!

അവസാനത്തെ വരി വായിച്ചപ്പോഴേക്കും ഉമയ്ക്ക് ഉള്ളിൽ പ്രതീക്ഷയുടെ നാമ്പുകൾ ഉയർന്നിരുന്നു. പിന്നെ വൈകിയില്ല, നാട്ടുനടപ്പായ പെൺകുട്ടിക്ക് മാർക്ക് ഇടുന്ന വേള എന്റെ നേർക്കും പയ്യനും വീട്ടുകാരും പെൺകുട്ടിയെ പെണ്ണുകാണാനായി വന്നെത്തി.. വിഷ്ണു... ഐശ്വര്യമുള്ള രൂപം.. സംസാരത്തിനിടയിൽ അവൾ ചോദിച്ചു..'കത്തിൽ എഴുതിയ പോലെ എനിക്ക് ഒപ്പം നിൽക്കുമോ?' 'ഞാൻ കൂടെയുണ്ട്' വിഷ്ണു മറുപടി നൽകി. കച്ചവടം ഉറപ്പിക്കുന്ന വേളയിലേക്ക് കാർണവന്മാർ കടന്നു ' എന്തു നൽകും?' 'അതൊന്നും വേണ്ട'വിഷ്ണുവിന്റെ മറുപടി, പിന്തുണച്ച് വിഷ്ണുവിന്റെ അമ്മ, രേണുക 'നിങ്ങൾക്ക് കുട്ടിക്ക് എന്തു കൊടുക്കണം എന്ന് ആഗ്രഹിക്കുന്നത് നൽകിയാൽ മതി, ഇത് കച്ചവടം അല്ലല്ലോ' വീട്ടുകാർക്ക് എല്ലാം ചെറുക്കനെയും കൂട്ടരെയും നന്നായി ബോധിച്ചു. ഒടുവിൽ ഉമയുടെ കഴുത്തിലും അധികാരത്തിന്റെയും ഉടമസ്ഥതയുടെയും ചരട് വീണു...!



ഉമയെ പുതിയ നഗരിയിലേക്ക് പറിച്ച് നടപ്പെട്ടു. ദില്ലിയിൽ പട്ടണത്തിൽ നിന്ന് മാറി ഒരു ചെറിയ വീട്, വിഷ്ണുവിന്റെ സംസാരത്തിൽ അവിടെ വലിയ സൗഹൃദ വലയങ്ങൾ ഇല്ലെന്ന് ഉമ തിരിച്ചറിഞ്ഞു. പുതിയ നഗരം ഉമയിൽ ഏറെ സ്വാധീനം സൃഷ്ടിച്ചു. ചരിത്ര പുസ്തകങ്ങളിൽ മാത്രം കേട്ടറിവുള്ള ചരിത്ര സ്മാരകങ്ങൾ ഉമ വിഷ്ണുവിനോടൊപ്പം സന്ദർശിച്ചു. വിഷ്ണു ഉമക്കായി സ്നേഹത്തിന്റെ വലയം സൃഷ്ടിച്ചു. തന്റെ

ഉപരിപഠനത്തെക്കുറിച്ച് വിഷ്ണുവിനോട് പറഞ്ഞു.'ഉമേ ഇപ്പോൾ ഈ വർഷത്തെ അഡ്മിഷൻ പൂർത്തിയായി, നമുക്ക് ചേരാൻ സമയമുണ്ടല്ലോ.'ഉമ തലകുലുക്കി. മാസങ്ങൾ കഴിഞ്ഞു. വിഷ്ണു കൂടുതൽ ജോലി സമ്മർദ്ദത്തിൽ ആകുന്നത് ഉമ ശ്രദ്ധിച്ചു. പക്ഷേ തന്നെ ഒരു ശത്രുവായി കാണുന്നത് ഉമയുടെ ശ്രദ്ധയിൽപ്പെട്ടു. മകനും മരുമകൾക്കും ഒപ്പം സമയം ചിലവഴിക്കാൻ രേണുക വന്നെത്തി. മരുമകൾ അല്ല മകൾ തന്നെയാണ് എന്ന് പറഞ്ഞ രേണുകയുടെ പെരുമാറ്റം മാറിത്തുടങ്ങിയിരുന്നു. സ്വര ചേർച്ചകൾ ഇല്ലാതെ വന്നു. ജീവിതത്തിലെ താളം തെറ്റിക്കുന്നതുപോലെ കോവിഡ് വന്നെത്തി. വിഷ്ണുവിന്റെ ജോലി നഷ്ടമായി ഉമ ഓർത്തു.
'എടീ... എടീ ഉമേ...'ഉമ്മ ഓർമ്മകളിൽ നിന്നും യാഥാർത്ഥ്യത്തിലേക്ക് തിരിച്ചുവന്നു. ഡയറി കമ്പിളിക്കുള്ളിൽ തിരികെ വച്ചു.'ദാ നിന്റെ ആഹാരം'രേണുക പറഞ്ഞു വാതിൽ അടച്ചു.
എനിക്ക് പനി ഇല്ല. ഇന്ന് ഇതാണ് എന്റെ ലോകം. ഉമയ്ക്ക് കാഴ്ചയ്ക്ക് മങ്ങൽ ഉണ്ടായിരുന്നു. ഡയറിയുടെ ഏടുകൾ ശക്തി ഉപയോഗിച്ച് തുറക്കാൻ ഉള്ള ബലം അവൾക്ക്

> ഇവിടെ നിന്ന് രക്ഷപ്പെടാം എന്ന് എനിക്ക് പ്രതീക്ഷയില്ല... കഴിഞ്ഞാൽ കൂടി സ്വന്തമായി മേൽവിലാസം ഇല്ലാത്ത ഞാൻ എവിടേക്ക് ചേക്കേറും..? ജീർണിച്ചു കൊണ്ടിരിക്കുന്ന ഒരു ശരീരം മാത്രം ബാക്കി...! സ്കൂളുകളിൽ പഠിക്കുമ്പോൾ വണ്ണം കൂടുന്നത് വിഷമിച്ചതിൽ നിന്ന് ഇന്ന് എന്റെ മാംസം എല്ലുമായി അടഞ്ഞു ചേർന്നിരിക്കുന്നു.

ഇല്ലായിരുന്നു. തന്റെ മെലിഞ്ഞ വിരലുകളിൽ പേന കൂട്ടിപ്പിടിച്ച് അവൾ എഴുതി.
'കണ്ണ് മങ്ങി തുടങ്ങിയിരിക്കുന്നു... ജീവന്റെ അവസാന കണങ്ങളും നഷ്ടപ്പെട്ടു തുടങ്ങിയിരിക്കുന്നു.. ഞാൻ ജീവിച്ചിരിക്കുന്നു എന്നതിന്റെ ശേഷിപ്പായി ഒരു നേർത്ത ശ്വാസമുണ്ട്. ഇന്ന് എന്റെ മാംസം എന്റെ എല്ലുകൾക്ക് മുൻപിൽ അടിയറവ് വെച്ചിരിക്കുന്നു. വിഷ്ണുവിന്റെ ജോലി നഷ്ടമായതിനെ തുടർന്ന് സ്വന്തമായി ഒരു ബിസിനസ് തുടങ്ങണം എന്ന ആശയം ഉയർന്നു. ഒടുവിൽ ബിസിനസിന് മൂലധനം ആയി അച്ഛനോട് പൈസ ആവശ്യപ്പെടാൻ വിഷ്ണുവും അമ്മയും എന്നെ നിർബന്ധിച്ചു. വഴങ്ങാതെ വന്നപ്പോൾ മർദ്ദനമായി. ഒടുവിൽ വീട്ടിലേക്ക് വിളിച്ച് എനിക്ക് നിരാശ ആയിരുന്നു മറുപടി... ഏറെ നാളുകളായി എന്റെ വിവരം ഇല്ലാതെയായപ്പോൾ എന്നെ അന്വേഷിച്ചു ആങ്ങള ഇവിടെ വന്നെങ്കിലും പല കാരണങ്ങൾ പറഞ്ഞ് എന്നെ അവരിൽ നിന്ന് മാറ്റി നിർത്തി. ഒടുവിൽ മകൻ പുതിയ ഒരു ബന്ധം ആലോചിക്കാനായി രേണുകാമയ്ക്ക് ആശയം തോന്നി. എന്നെ ഒരു മുറിക്കുള്ളിൽ ആക്കി. ഇന്ന് ഇതാണ് എന്റെ ലോകം. ആഹാരത്തിന്റെ ചൂടാറാറായിരിക്കുന്നു.... അടുക്കളയിൽ നിന്നും ഉയരുന്ന വിഭവങ്ങളുടെ മണം എന്നിലേക്ക് എത്തുന്നുണ്ടെങ്കിലും എന്റെ ഇരുമ്പ് പാത്രത്തിൽ പുളിച്ച കഞ്ഞിവെള്ളം ശേഷിക്കുന്നു ആഹാരമായി. മരുമകളുടെ സ്വാഭാവിക മരണത്തിനായി കാത്തിരിക്കുന്ന അമ്മ...! ഇവിടെനിന്ന് രക്ഷപ്പെടാം എന്ന് എനിക്ക് പ്രതീക്ഷയില്ല... കഴിഞ്ഞാൽ കൂടി സ്വന്തമായി മേൽവിലാസം ഇല്ലാത്ത ഞാൻ എവിടേക്ക് ചേക്കേറും..? ജീർണിച്ചു കൊണ്ടിരിക്കുന്ന ഒരു ശരീരം മാത്രം ബാക്കി...! സ്കൂളുകളിൽ പഠിക്കുമ്പോൾ വണ്ണം കൂടുന്നത് വിഷമിച്ചതിൽ നിന്ന് ഇന്ന് എന്റെ മാംസം എല്ലുമായി അടഞ്ഞു ചേർന്നിരിക്കുന്നു. ജീവനുള്ള അസ്ഥികൂടമായി. കണ്ണുകളുടെ കാഴ്ച നഷ്ടമായിരിക്കുന്നു. അടുക്കളയിലെ കറികളുടെ പരിമണം എന്റെ ശരീരം ആവാഹിക്കുമ്പോഴും എന്റെ ശരീരം തളർന്നുകൊണ്ടിരിക്കുന്നു. അമ്മയുടെയും വിഷ്ണുവിന്റെയും ആഗ്രഹത്തിന് ഞാൻ അടിയറവ് വെക്കുന്നു അവൾ കണ്ണുകൾ അടച്ചു.... ശ്വാസം നിശ്ചലം..!
മകളുടെ കർമ്മത്തിനായി രവിയും സുഭദ്രയും ഓടിയെത്തി. കുറ്റബോധത്തിന്റെ തീക്ഷ്ണ കിരണങ്ങൾ അവരെ കുത്തിക്കീറുന്നുണ്ടായിരുന്നു. മകളുടെ ജീർണ്ണിച്ച ശരീരത്തിന് അരികിലായി രവി ഡയറി കണ്ടു. രവിയുടെ കണ്ണുകൾ വിതുമ്പി... ഓരോ വരികളിലൂടെയും കടന്നു പോയപ്പോൾ തന്റെ ജീവൻ തന്നിൽ നിന്ന് അകന്നു മാറുന്നതായി തോന്നി.... ഒടുവിൽ അവസാന ഏടുകളിൽ രവിയുടെ കണ്ണുടക്കി.
'അച്ഛാ... ഞാൻ ലോകം അറിയപ്പെടുന്ന ഒരാൾ ആകും...! അതെ ഇന്ന് ഞാൻ ഒരു അടയാളപ്പെടുത്തലാണ്.... ഗാർഹിക പീഡനത്തിൽ മരണപ്പെട്ട ചരിത്രത്തിലെ ഒരു അധ്യായം...'
രവി ഉറക്കെ കരഞ്ഞു....!

# യാത്ര

**Pooja J**
2nd MSc Biochemistry

രാവിൽ നിന്നും  പകലിലേക്കുള്ള യാത്രയിൽ
നീ എന്നിൽ മുഖം ചേർത്തു കിടന്നു....
നിന്റെ നക്ഷത്രങ്ങളുടെ ദുർഗന്ധം എന്നെ കവർന്നു.
നിന്റെ കണ്ണുനീരിൽ ഞാൻ മുങ്ങിയില്ല,
വേദനകൾ എന്നെ അലട്ടിയില്ല,
ചിറകുകളാൽ നിന്നെ മൂടാൻ തോന്നിയില്ല.
നിന്റെ ശബ്ദം കേൾക്കാൻ ഞാൻ ശ്രമിച്ചില്ല.
എനിക്ക് എന്റെ ശബ്ദം ഉണ്ടായിരുന്നു
ഓർമകളുടെ ആത്മഹത്യാ മുനമ്പിൽ
ഞാൻ നിന്നെ നിർത്തി.
പക്ഷെ ഞാൻ പതുക്കെ
എന്റെ ശാദ്വല  ഭൂമിയിലേക്ക്  മടങ്ങി
എന്റെ മാത്രം സൂര്യോദയം കാണുവാൻ.



# തണൽ

**Rahana Rajeev**
1st BSc Physics

ഇന്ന് ഈ കത്തി എരിയുന്ന തടി
ഇന്നലെ എനിക്ക് തണലായിരുന്നു....
ആദ്യമൊക്കെ കത്തി ജ്വലിച്ചില്ലെങ്കിലും
പിന്നീട് പുകയാൻ തുടങ്ങി...
നീറി നീറി നിറഞ്ഞ കണ്ണുകൾ
കത്തിജ്വലിച്ചതിനെ പാടി പുകഴ്ത്തി
ആരും മനസ്സിലാക്കാതെ പോയത്
തിരിഞ്ഞു നോക്കാൻ ആളില്ലാത്തപ്പോൾ
മാത്രമാണ് ഞാൻ പുകഞ്ഞത്...
നീറി കണ്ണുകൾ നിറഞ്ഞു ഒഴുകിയപ്പോഴും
ഞാൻ ചിരിച്ചുകൊണ്ട് മുന്നിൽ നിന്നു
എനിക്ക് തണൽ തന്ന മനുഷ്യൻ
എനിക്കത്രയും വേണ്ടപ്പെട്ടതായിരുന്നു
ഒരു ആയുസ്സിന്റെ ദൂരം പുകഞ്ഞാലും
വേർപാടിനെ ഞാൻ വെള്ളം നിറച്ച് ഉറക്കില്ല.



# പുനർജ്ജന്മം

**Kavya Gopan**
IInd BSC Physics

ജന്മാന്ത്യത്തിൽ ഞാനി കൂടുവിട്ട്
ഒരു വൃക്ഷക്കൊമ്പിൽ ചേക്കേറും ഒരു തളിരിലയായി,
കാറ്റത്തിളകിയാടി മരത്തിന്റെ ഏറ്റവും കൊമ്പത്ത്..
ആരും തടയാതെ പെയ്തൊഴിയുന്ന മഴ മുഴുവൻ നനഞ്ഞ്,
ഇളം വെയിലത്ത് ഇളം പച്ച മിന്നിച്ച്
ഞാൻ ആർത്തുല്ലസിക്കും
ആകാശത്ത് കാർമേഘങ്ങൾ നിറഞ്ഞ്
ഇടിയും, മിന്നലും, കാലവർഷവുമായെത്തുമ്പോൾ,
ഞാനും കരിംപച്ചയണിയും.
നിറങ്ങൾ ചാലിച്ച് അന്തരീക്ഷത്തിൽ സുഗന്ധം വാരിവിതറി
ആ വൃക്ഷത്തിൽ പൂക്കൾ നിറയുമ്പോൾ
ഞാനും പൂക്കൾക്കു പിന്നിൽ അകമ്പടി സേവിക്കും .
ആർത്തുല്ലസിച്ച കാലത്തെ ഓർമകൾ നുകർന്ന്
ഞാനും മഞ്ഞയാണിയും
പിന്നീടൊരു വൃശ്ചിക കാറ്റിൽ ഞാനും ഞെട്ടറ്റ്-
മേഘങ്ങളിലൂടെ അകലേക്ക് പറക്കും
പറന്നിറങ്ങുന്ന തെളിഞ്ഞ തടാകത്തിലെ കാഴ്ചകൾ
കണ്ട് കണ്ട് ഞാനും ഒഴുകും .
ഒടുവിൽ ഇരമ്പിയെത്തുന്ന അലയെന്നെ
കരയ്ക്ക് അടുപ്പിക്കുമ്പോൾ,
കാൽനനയ്ക്കാനെത്തുന്ന കുട്ടികളുടെ പാദത്തിൽ,
ഞാനൊരു മൃദു സ്പർശമാവും.
പിന്നീട് വെയിലും മഴയും എന്നിലുടെ മണ്ണിലെത്തും
എന്നിലെ വിടവുകളും മുറിവുകളും വിടർന്ന് വിടർന്ന്
ഒരിക്കൽ ഞാനും മണ്ണിലലിഞ്ഞു ചേരും
വിണ്ടും പുതുജീവനായി നാംമ്പിടുന്നതും കാത്ത്.





**നിങ്ങളെന്റെ കറുത്തമക്കളെ ചുട്ടുതിന്നുന്നോ?**
**നിങ്ങളവരുടെ നിറഞ്ഞകണ്ണുകൾ ചൂഴ്ന്നെടുക്കുന്നോ?**
**നിങ്ങൾ ഞങ്ങടെ കുഴിമാടം കുളം തോണ്ടുന്നോ?**
**നിങ്ങളോർക്കുക നിങ്ങളെങ്ങനെ നിങ്ങളായെന്ന്!**

# നിങ്ങളോർക്കുക നിങ്ങളെങ്ങനെ നിങ്ങളായെന്ന്!

**-കടമ്മനിട്ട**

# പച്ച മഞ്ഞ CHUVAPPU

**Merin Mathew**
3rd Bsc Maths

മുടങ്ങിപ്പോയ വായനയെ തിരികെ കൊണ്ടുവരാൻ ഏറ്റവും നല്ല ഒരു മാർഗമാണ് ടി ഡി രാമകൃഷ്ണന്റെ എഴുത്തുകൾ. സുഗന്ധി എന്ന ആണ്ടാൾ ദേവനായകി ഫ്രാൻസിസ് ഇട്ടിക്കോരയെയും പോലെ മികച്ച ഒരു വായനാ അനുഭവം തരുന്ന ഒരു നോവലാണ് പച്ച മഞ്ഞ ചുവപ്പ്.

ഇന്ത്യൻ റെയിൽവേയിൽ നടക്കുന്ന അഴിമതിയെയും സ്വജനപക്ഷപാതത്തെയും 1995 ൽ ഡാനിഷ്പ്പേട്ട് ലോക്കൂർ സെക്ഷനിൽ നടന്ന തീവണ്ടി അപകടവുമായി ബന്ധപ്പെടുത്തി തികച്ചും ഫിക്ഷണൽ ആയി അവതരിപ്പിക്കുകയാണ് ഈ നോവലിലൂടെ. ഒരു മുൻ റെയിൽവേ ഉദ്യോഗസ്ഥൻ ആയതുകൊണ്ടും നല്ലൊരു എഴുത്തുകാരനായതുകൊണ്ടും തന്നെ റെയിൽവേയിലെ സാങ്കേതികമായ കാര്യങ്ങളെ എല്ലാവർക്കും മനസ്സിലാകുന്ന രീതിയിൽ അദ്ദേഹം അവതരിപ്പിക്കുന്നു.




തന്റെ അച്ഛന്റെ മരണത്തിനു കാരണമായ ആ അപകടത്തെ കുറിച്ചു 25 വർഷങ്ങൾക്ക് ശേഷം അന്വേഷിച്ചു പോകുന്ന ജേർണലിസ്റ്റ് ആയ നായിക ജ്വാലയും, കുറ്റക്കാരൻ എന്ന് കണ്ടെത്തി പിരിച്ചുവിട്ട സ്റ്റേഷൻ മാസ്റ്റർ രാമചന്ദ്രനും, അരവിന്ദനും ഒക്കെ ചേർന്നതാണ് കഥ.

എങ്കിലും ആഴത്തിലുള്ള വായനയിൽ ചില ആസ്വഭാവികതകൾ രൂപപ്പെടുന്നുണ്ട്. അപകടത്തെ പറ്റി അന്വേഷിച്ചിറങ്ങുന്ന നായികയ്ക്ക് അപകടവുമായി ഉള്ള ബന്ധം പോലെ നായിക പരിചയപ്പെടുന്ന എല്ലാവർക്കും അതുപോലെ ബന്ധം വരുന്നതിൽ എന്തോ ഒരു സ്വരച്ചേർച്ചയില്ലേ? (ഒരു വിദേശിക്ക് വരെ സത്യമറിയേണ്ട ആവശ്യകത വരുന്നു). അതുകൊണ്ട് തന്നെ നായികയ്ക്ക് സത്യങ്ങൾ അറിയാൻ ഒരുപാട് ബുദ്ധിമുട്ടേണ്ടി വരുന്നില്ല.. കാരണം അവൾ പരിചയപ്പെടുന്ന എല്ലാവർക്കും സത്യങ്ങളുടെ അങ്ങിങ്ങായി അറിയാം. പിന്നെ സന്ദർഭോചിതമല്ലാത്ത ഒരു പ്രണയം കടന്നു വരുന്നുണ്ട്. കോവിഡ് കാലത്ത് എഴുതിയ പുസ്തകം ആയതിനാൽ ഇടക്കൊക്കെ അതിനെക്കുറിച്ചു പ്രതിപാതിക്കുന്നുണ്ട്.

Human error എന്ന് വിധിയെഴുതുന്ന തീവണ്ടി അപകടങ്ങൾക്ക് പിന്നിലെ സത്യങ്ങൾ ഒരുപക്ഷെ ഇതുപോലെ വികൃതമായിരിക്കാം. എങ്കിലും ഒട്ടും മടുപ്പിക്കാതെ തന്നെ അദ്ദേഹം നമ്മെ ഇന്ത്യൻ റെയിൽവേയുടെ പിന്നാമ്പുറങ്ങളിലേക്ക് കൊണ്ടുപോകുന്നു (കഥയ്ക്ക് അപകടവുമായി ബന്ധമില്ലെന്ന് മാത്രമേ പറയുന്നുള്ളു). തന്റെ എഴുത്തുകളുടെ തനതായ ഘടന അദ്ദേഹം ഈ നോവലിലും കൈവിടുന്നില്ല എന്നതും ശ്രദ്ധയർഹിക്കുന്നു.

# ഫാഷന്റെ രാഷ്ട്രീയം

**Dilshana Najeeb M**
1st B.com Finance




ഫാഷൻ എന്നത് വസ്ത്രങ്ങൾ മാത്രമല്ല. നമ്മൾ എങ്ങനെ സ്വയം പ്രകടിപ്പിക്കുന്നു എന്നതും പ്രധാനമാണ്. കേരളത്തിലെ കോളേജ് കാമ്പസുകളിൽ, ഫാഷൻ വിദ്യാർത്ഥി ജീവിതത്തിന്റെ ഭാഗമാണ്. നമ്മൾ എന്ത് ധരിക്കുന്നു എന്നത് നമ്മുടെ വ്യക്തിത്വത്തെയും, മാനസികാവസ്ഥയെയും, ആശയങ്ങളെയും പോലും വെളിപ്പെടുത്തും. എന്നാൽ ചിലപ്പോൾ, ഫാഷനും പ്രശ്നങ്ങളും ചർച്ചകൾ സൃഷ്ടിക്കുന്നു.

പല കോളേജുകളിലും, വിദ്യാർത്ഥികൾ എന്ത് ധരിക്കണം എന്നതിനെക്കുറിച്ച് നിയമങ്ങളുണ്ട്. ചില കോളേജുകളിൽ വിദ്യാർത്ഥികൾ യൂണിഫോം ധരിക്കണമെന്ന് പറയുന്നു. മറ്റു ചിലത് വൈവിധ്യമാർന്ന വസ്ത്രധാരണം അനുവദിക്കുന്നു, പക്ഷേ ഇപ്പോഴും ചില പരിധികളുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഈ നിയമങ്ങൾ വ്യത്യസ്തമാണ്. പലപ്പോഴും, പെൺകുട്ടികൾ ഷോർട്ട് ഡ്രസ്സുകളോ സ്ലീവ്ലെസ് ടോപ്പുകളോ ധരിക്കരുതെന്ന് പറയാറുണ്ട്. സമൂഹം

ഇപ്പോഴും പുരുഷന്മാരേക്കാൾ സ്ത്രീകളുടെ വസ്ത്രങ്ങൾ എങ്ങനെ നിയന്ത്രിക്കുന്നുവെന്ന് ഇത് കാണിക്കുന്നു.

ചില വിദ്യാർത്ഥികൾ ഈ നിയമങ്ങൾ ലംഘിക്കാൻ ആഗ്രഹിക്കുന്നു. എല്ലാവർക്കും ഇഷ്ടമുള്ളത് ധരിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്ന് അവർ വിശ്വസിക്കുന്നു. വസ്ത്രധാരണം ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ ഭാഗമാണെന്ന് അവർ പറയുന്നു. മോശം പെരുമാറ്റത്തിന് ഫാഷൻ കാരണമല്ലെന്നും അവർ പറയുന്നു. എന്നാൽ ചില അധ്യാപകരും രക്ഷിതാക്കളും ഉൾപ്പെടെ മറ്റുള്ളവർ പറയുന്നത് ഫാഷൻ ലളിതവും മാന്യവുമായിരിക്കണമെന്ന്. ഫാഷന്റെ രാഷ്ട്രീയം വർഗ്ഗസംഘർഷങ്ങളുടെ മൂലകാരണമായ സാമ്പത്തിക അടിത്തറയെ കുറിച്ചാണ് സംസാരിക്കുന്നത്. എല്ലാ വിദ്യാർത്ഥികൾക്കും ബ്രാൻഡഡ് അല്ലെങ്കിൽ ട്രെൻഡി വസ്ത്രങ്ങൾ വാങ്ങാൻ കഴിയില്ല. ഫാഷൻ സ്റ്റാറ്റസ് കാണിക്കാനുള്ള ഒരു മാർഗമായി മാറുമ്പോൾ, അത് സമ്പന്നരും ദരിദ്രരുമായ വിദ്യാർത്ഥികൾക്കിടയിൽ അകലം സൃഷ്ടിക്കും. ഇത് നമ്മൾ ചിന്തിക്കേണ്ട മറ്റൊരു പ്രശ്നമാണ്.

ഫാഷൻ ഐഡന്റിറ്റിയും കാണിക്കുന്നു. ചില വിദ്യാർത്ഥികൾ അവരുടെ സംസ്കാരമോ മതമോ കാണിക്കുന്ന വസ്ത്രങ്ങൾ ധരിക്കുന്നു. ചിലർ ആധുനികരാണെന്ന് കാണിക്കാൻ ജീൻസും ടി-ഷർട്ടും ധരിക്കുന്നു. വിവിധ ശൈലികൾ കലർത്തുന്നു. ഇതെല്ലാം ഒരു വിധത്തിൽ രാഷ്ട്രീയമാണ്. ഇന്നത്തെ ലോകത്ത് വിദ്യാർത്ഥികൾ ആരാണെന്ന് സ്വയം കണ്ടെത്താൻ ശ്രമിക്കുന്നതിനെയാണ്  ഇത് കാണിക്കുന്നത്.

നമ്മൾ ചോദിക്കേണ്ടത് ഫാഷൻ നല്ലതോ ചീത്തയോ എന്ന് ആരാണ് തീരുമാനിക്കുന്നത് എന്നാണ്. വിദ്യാർത്ഥികൾക്ക് തിരഞ്ഞെടുക്കാൻ അവകാശമില്ലേ? കാമ്പസ് ഫാഷൻ സൗന്ദര്യത്തെക്കുറിച്ച് മാത്രമല്ല. അത് അധികാരം, സ്വാതന്ത്ര്യം, സ്വത്വം, സമത്വം എന്നിവയെക്കുറിച്ചാണ്. അതിനാൽ, ഫാഷന്റെ രാഷ്ട്രീയം എല്ലായ്പ്പോഴും കോളേജ് ജീവിതത്തിന്റെ ഭാഗമായിരിക്കും.

**ചില വിദ്യാർത്ഥികൾ അവരുടെ സംസ്കാരമോ മതമോ കാണിക്കുന്ന വസ്ത്രങ്ങൾ ധരിക്കുന്നു. ചിലർ ആധുനികരാണെന്ന് കാണിക്കാൻ ജീൻസും ടി-ഷർട്ടും ധരിക്കുന്നു. വിവിധ ശൈലികൾ കലർത്തുന്നു. ഇതെല്ലാം ഒരു വിധത്തിൽ രാഷ്ട്രീയമാണ്. ഇന്നത്തെ ലോകത്ത് വിദ്യാർത്ഥികൾ ആരാണെന്ന് സ്വയം കണ്ടെത്താൻ ശ്രമിക്കുന്നതിനെയാണ്  ഇത് കാണിക്കുന്നത്.**

**നമ്മൾ ചോദിക്കേണ്ടത് ഫാഷൻ നല്ലതോ ചീത്തയോ എന്ന് ആരാണ് തീരുമാനിക്കുന്നത് എന്നാണ്. വിദ്യാർത്ഥികൾക്ക് തിരഞ്ഞെടുക്കാൻ അവകാശമില്ലേ? കാമ്പസ് ഫാഷൻ സൗന്ദര്യത്തെക്കുറിച്ച് മാത്രമല്ല. അത് അധികാരം, സ്വാതന്ത്ര്യം, സ്വത്വം, സമത്വം എന്നിവയെക്കുറിച്ചാണ്.**



# ഹല്ലാ ബോൽ


Parvathy Mol

IIrd Bsc Physics


I

**പൊ**ടി മൂടിയ ചെണ്ടയിൽ
ആരോ അടിച്ചു പറഞ്ഞു
''ഹല്ലാ ബോൽ '
രവമുണരുന്നിതാ
മേഘ ഗർജനം പോൽ
ചെണ്ട കരഞ്ഞു
''ഹല്ലാ ബോൽ''
പൂണൂലിൻ വജ്രായുധപ്രഹരമേറ്റു
ചെണ്ട കരഞ്ഞു
''ഹല്ലാ ബോൽ''

II

അമ്പലങ്ങളിൽ നിന്നും
അമ്പലങ്ങളിലേക്കുള്ള യാത്രയിൽ
ചെണ്ട തന്റെ ശബ്ദം മറന്നിരുന്നു.
അമ്പലപ്പറമ്പിനു വെളിയിൽ
പായൽ ചുംബിച്ചു മതിലിൽ ചാരി
ചെണ്ട ദൈവത്തെ സ്വപ്നം കണ്ടുറങ്ങി.

III

അടികൊണ്ട ചെണ്ട പാടുന്ന പാട്ട്
ആരുടെ ഗന്ധർവ നാദം?
ഉള്ളിൽ  ഊ റുന്ന വിപ്ലവ പ്രളയം
ആരുടെ മരണ സന്ദേശം?

IV

അന്നാണ്
ചെണ്ട നാവുകളുടെ ശവപ്പറമ്പിലെത്തിയത്
ജീവനുണ്ടായിരുന്ന അവസാനത്തെ നാവ്
മരിക്കുന്നതിന് മുമ്പ് ചെണ്ടയോട് പറഞ്ഞു.
''ഹല്ലാ ബോൽ '

V

ചെണ്ട ആദ്യമായി
സ്വയം ശബ്ദിക്കാൻ തുടങ്ങി
മേഘങ്ങളും മഴയും വസന്തവും
തെരുവും തെറിയും ശൂന്യതയും
ശബ്ദ രൂപമാർന്നു
ആ ശബ്ദത്തിൽ നിന്നും
ഒരായിരം ചെണ്ടകളുണ്ടായി,
ഒരുമിച്ചു പറഞ്ഞു ''ഹല്ലാ ബോൽ '.
ആ ശബ്ദത്തിൽ
കൊട്ടാരമതിലുകളിടിഞ്ഞു.



പുതിയതായി ഉദിക്കുന്ന ഞങ്ങളുടെ രക്തസൂര്യനെ കാണുക,
നിങ്ങളുടെ ആണവ സിംഹാസനങ്ങളും കല്ലെപ്പിളർക്കുന്ന
കൽപ്പനകളും ഉപേക്ഷിക്കുക,
എന്തെന്നാൽ, അടഞ്ഞിടം പോറ്റിയ അരുമകളാകാൻ ഇനി
ഞങ്ങളെ കിട്ടില്ല.
നിങ്ങളുടെ പരമ്പരാഗതരോഗത്തിനെതിരെ
ഞങ്ങൾ പ്രതിക്രിയ തേടുന്നു
എന്റെ മരണത്തിന് ഒരു സാരവുമില്ല.
എന്റെ അംഗച്ഛേദം ചെയ്യപ്പെട്ട ശരീരം ദൃഢമായിരിക്കുന്നു.
ഞങ്ങൾ ഉടയ്ക്കപ്പെട്ടവർ, അശരണർ,
ഭരിക്കുന്ന ലോകത്തെപ്പറ്റി...
മറ്റൊരു ലോകത്തെപ്പറ്റി...

*-മുറിച്ചിട്ട ഏതോ തലയുടെ കവിത*



# പ്രിയപ്പെട്ട ദൈവത്തിനോട്

'ദൈവം എല്ലാം അറിയുന്നവനാണെങ്കിൽ, ആരെങ്കിലും ഭൂമിയിൽ ജനിക്കുമ്പോൾ തന്നെ അവൻ ചെയ്യുന്ന പിഴവുകളും നന്മകളും അറിയാമായിരിക്കുമല്ലോ അപ്പോൾ സ്വർഗ്ഗവും, നരകവും എന്തിനാണ് ദൈവം സൃഷ്ടിച്ചത്?'

'ദൈവം ഓരോരുത്തരുടെയും വിധി അവരെ സൃഷ്ടിക്കുന്നതിന് മുമ്പ് തന്നെ എഴുതി വെച്ചതായി പറയുന്നു. അവിടെ, മനുഷ്യർക്കു ആഗ്രഹിക്കാനും തിരഞ്ഞെടുക്കാനും ഉള്ള കഴിവ് എന്തിന്?'

'ദൈവം ഏറ്റവും കൂടുതൽ സ്നേഹിക്കുന്നവർക്കാ ണ് ഏറ്റവും വലിയ പരീക്ഷണങ്ങളും കഷ്ടപ്പാടുകളും കൊടുക്കുന്നതെന്ന് ഞാൻ കേട്ടിട്ടുണ്ട്. അപ്പോൾ ദൈവം മറ്റുള്ളവരെ സ്നേഹിക്കുന്നില്ലയോ? അതുകൊണ്ടാണോ അവർക്ക് ആഡംബരവും സുഖവും ലഭിക്കുന്നത്?'

'ഞങ്ങൾ പ്രാർത്ഥിച്ച് ഞങ്ങളുടെ സ്വപ്നങ്ങൾ സഫലമാക്കാൻ ദൈവത്തോട് വാഗ്ദാനങ്ങൾ നടത്തുന്നു. പക്ഷേ, ആ സ്വപ്നങ്ങൾ സാക്ഷാത്കരിച്ചതിനു ശേഷം പലരും ആ വാക്കുകൾ പാലിക്കുന്നില്ല. ഹേ ദൈവമേ, അവിടത്തെ വഞ്ചിക്കുന്നത് അല്ലേ അതിൽ? സർവ്വശക്തനായ ദൈവം മനുഷ്യരാൽ വഞ്ചിക്കപ്പെടുന്നുവോ?'

'ചിലർ മഴയ്ക്കായി അപേക്ഷിക്കുമ്പോൾ മറ്റുചിലർ സൂര്യപ്രകാശത്തിനായി പ്രാർത്ഥിക്കുന്നു. അത്തരം സാഹചര്യങ്ങളിൽ ദൈവം ആശയക്കുഴപ്പത്തിലാവു ന്നുണ്ടോ?'

'നിങ്ങൾ എല്ലാം അറിയുന്ന ദൈവമാണ്. എന്നാൽ നിങ്ങളുടെ സൃഷ്ടികൾ ആയ ഞങ്ങളുടെയും മനസ്സിൽ നിങ്ങളെ കുറിച്ചുള്ള ചിന്തകൾ എന്തിന് സൃഷ്ടിക്കുന്നു? ഇതിലൂടെ ഞങ്ങളിൽ നിന്നും നിങ്ങൾ എന്താണ് പ്രതീക്ഷിക്കുന്നത്?''

**Serena A S**
1st Bsc Chemistry

# പിന്നിലേക്കോടുന്ന മനുഷ്യർ

**Anandhu**
1st BSc Botany



ജൂൺ 12, 2025 അഹമ്മദാബാദ്. പ്രതീക്ഷകളും കാത്തിരിപ്പുകളും പേറി ഉയർന്നു പൊങ്ങിയ വിമാനം, ആലിംഗനങ്ങളും ചുംബനങ്ങളും നൽകി പറഞ്ഞയച്ച പ്രിയപ്പെട്ടവർ അറിഞ്ഞിരുന്നില്ല അത് അവർ സമ്മാനിച്ച അന്ത്യ ചുംബനങ്ങൾ ആയിരുന്നുവെന്ന്.

വിമാന അപകടം, നാടിനെ നടുക്കിയ മനസ്സിനെ മരവിപ്പിച്ച ഒരു സംഭവം, വീണ്ടും ഒരു സംഭവമെന്ന് മാധ്യമങ്ങൾ പറഞ്ഞു വച്ചു. കാരണവും സത്യാവസ്ഥകളും അറിയാൻ ആകാംക്ഷയോടെ ഇരുന്നവരിലേക്ക് മരണപ്പെട്ടവരുടെ എണ്ണം കാട്ടി തന്നുകൊണ്ട് ആ തീവ്രത എത്തിക്കാൻ മാധ്യമങ്ങൾ ഒത്തുകൂടി. വളരെ ഗൗരവം നിറഞ്ഞ ഒരു അപകടം, ഉൾക്കൊള്ളാൻ പാടുപെടുന്ന ഒരു വലിയ വാർത്തയായ് ജനങ്ങൾ അതിനെ ഏറ്റെടുത്തു. കൂടെ

social media യും തുടർന്നു. tag കൾ, story കൾ, post കൾ അങ്ങനെ പലതായ് രാജ്യത്തിലെ എല്ലാവരെയും ബാധിച്ച ഒരു അപകടമായ് അതുമാറി.

എന്നാൽ ഈ അപകടം നമ്മുടെ സമൂഹത്തിലെ മനുഷ്യരുടെ വികൃതമായ മറ്റൊരു വശം കാണിച്ചു തന്നു. മരണപ്പെട്ടവരെ അടിച്ചമർത്തികൊണ്ട് കത്തി നശിച്ച വിമാനത്തിൽ കത്താതെ കിട്ടിയ വേദപുസ്തകത്തെ അവർ ആദരിച്ചു. Social media വഴി മതം എന്ന വിഷം പടർന്നുകയറി. എല്ലാം സൃഷ്ടിച്ച സർവേശ്വരൻ സൃഷ്ടികളെ മരണത്തിനയച്ചു കൊണ്ട് സ്വയം രക്ഷനേടിയിരിക്കുന്നു. ഈ വിഡ്ഢികളുടെ വിശ്വാസം എന്ത് ലജ്ജാവഹം ആണെന്ന് ഒരു നിമിഷം ചിന്തിച്ച് പോകുന്നു.

ഇരുനൂറിലധികം ജീവനുകൾ നഷ്ടമായ അപകടത്തിൽ ജീവൻ മുറുകെ പിടിക്കാൻ സാധിച്ചത് ഒരേ ഒരാൾ. ആ വാർത്ത എല്ലാവരെയും സന്തോഷിപ്പിക്കുകയും, സമാധാനിപ്പിക്കുകയും ചെയ്തു. സ്വന്തം കൂടപ്പിറപ്പ് മരണത്തിൽ നിന്ന് കയറിവന്നതുപോലെ ആശ്വാസം നൽകി. ഭാഗ്യത്തെ സ്മരിച്ചു. എന്നാൽ ചിലർ ദൈവത്തെ മുൻനിർത്തി പറഞ്ഞു ദൈവം ആ ജീവൻ രക്ഷിച്ചു, ഏതു ദൈവം? അയാളുടെ മതമേതോ അവർ വിശ്വസിക്കുന്ന ദൈവം.! സമൂഹമാധ്യമങ്ങൾ വഴി അവരുടെ ദൈവത്തിന്റെ മഹിമ ഉയർത്തിക്കാട്ടൻ പലരും വെമ്പൽ കാട്ടി. കർമ്മഫലം കൂടെ അവർ അതിൽ കൂട്ടികലർത്തി. കർമഫലം! നമ്മുക്ക് ശരിവയ്ക്കാം ചെയ്തതിന്റെ ഫലം അനുഭവിക്കുമെന്ന് വിശ്വസിക്കാം. പക്ഷേ അവിടെ ഇല്ലാതായാ അനേകം പരം കുരുന്നുകളോ അവർ എന്ത് തെറ്റ് ചെയ്തു കർമഫലം മരണമായി മാറാൻ വേണ്ടി. ഈ ചോദ്യത്തിനും അവർക്ക് ഉത്തരമുണ്ടായിരുന്നു കഴിഞ്ഞ ജന്മത്തിലെ തെറ്റിന്റെ ഫലം ഇപ്പോൾ അനുഭവിക്കുന്നു.മത, ദൈവ വിശ്വാസത്തിന്റെ പേരിൽ മനുഷ്യന് എങ്ങനെ ഇത്തരത്തിൽ പറയാൻ സാധിക്കുന്നു എന്നത് ആശ്ചര്യപെടുത്തുന്നു അതിലുപരി അവരോട് അറപ്പുതോന്നുന്നു. ഇന്നീ നമ്മുടെ സമൂഹത്തിലെ ദൈവ വിശ്വാസം ആ വിശ്വാസമാണ് ഏറ്റവും വലിയ അന്ധവിശ്വാസമെന്ന് പൂർണമായി പറയാൻ കഴിയുന്നു. അത്തരത്തിലാണ് മതത്തിന്റെ പേരിൽ മനുഷ്യർ സ്വയം മറന്നു ജീവിക്കുന്നത്.

കാൾ മാർക്സ് പറഞ്ഞത് എത്ര ശരിയാണ്



**ഭിന്നത തന്നെയാണ് ഇന്ന് നമ്മൾ ഉൾപ്പെടുന്ന ആധുനികയുഗം എന്നഭിപ്രായപ്പെടുന്ന സമൂഹത്തിലെ ജനങ്ങൾ കാട്ടിത്തരുന്നത്. അഭിന്നമായ ഒരു സമൂഹം ഇന്ന് സ്വപ്ന തുല്യമായ് മാറിയിരിക്കുന്നു. വരുന്ന തലമുറകളിലെങ്കിലും മതഭ്രാന്തുകൾ മരിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം**

'Religion is the opium of the people' അതെ മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്! അത് വ്യാജ ആശ്വാസം നൽകുകയും യഥാർത്ഥ മാറ്റത്തിനുള്ള പോരാട്ടത്തിൽ നിന്ന് ആളുകളെ വ്യതിചലിപ്പിക്കുകയും ചെയ്യുന്നു.

'മതം നമ്മെ യഥാർത്ഥ അറിവ് പഠിപ്പിക്കുന്നില്ല അത് ആളുകളെ ഒന്നിപ്പിക്കുന്നതിനു പകരം ഭിന്നിപ്പിക്കുന്നു' ഭഗത് സിംഗ് അദ്ദേഹത്തിന്റെ ഉപന്യാസത്തിലൂടെ (ഞാൻ എന്തുകൊണ്ട് നിരീശ്വരവാദിയാകുന്നു) പറഞ്ഞറിയിച്ച വാക്കുകളാണിത്. ഈ ഭിന്നത തന്നെയാണ് ഇന്ന് നമ്മൾ ഉൾപ്പെടുന്ന ആധുനികയുഗം എന്നഭിപ്രായപ്പെടുന്ന സമൂഹത്തിലെ ജനങ്ങൾ കാട്ടിത്തരുന്നത്. അഭിന്നമായ ഒരു സമൂഹം ഇന്ന് സ്വപ്നം തുല്യമായ് മാറിയിരിക്കുന്നു. വരുന്ന തലമുറകളിലെങ്കിലും മതഭ്രാന്തുകൾ മരിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

# ശബ്ദങ്ങൾ ഇടിമുഴക്കങ്ങളായി പ്രതിധ്വനിക്കും വരെ

**Nikitha Manoj**
3rd BA Ecomath



മാനവികത വെട്ടിമുറികപ്പെടുന്ന, കത്രിക വെക്കപെടുന്ന സെൻസറിങ് കാലത്ത് ഉദാത്തമായ മനുഷ്യസ്നേഹത്തിന്റെ ശബ്ദങ്ങൾ ഉയരെണ്ടത് അനിവാര്യതയാണ്. 'കനകസിംഹസനത്തിൽ കയറി ഇരിക്കുന്നവൻ ശുനകനോ വെറും ശുംഭനോ' എന്ന് രാജഭരണത്തിന്റെ കാൽകീഴിൽ നിന്ന് പാടിയ കവി അഭിനന്ദിക്കപെട്ടിരുന്ന എൻപതുകളിൽനിന്നും തുറന്ന്കാട്ടപെടുന്ന ചരിത്രങ്ങളുടെ കഴുത്തറക്കപ്പെടുന്ന ഇരുപതുകളിലേക് സഞ്ചാരം മുന്നോട്ടായിട്ടും പിന്നോട്ട് ആക്കപ്പെടുന്ന കാലത്തിന്റെ അടയാളപെടുത്തലായി അവശേഷിക്കപെടുകയാണ്. ശബ്ദങ്ങൾ ഉയർത്തപ്പെടേണ്ടതുണ്ട്(raise your voice). ഗാസയിൽ കത്തി യെരിഞ്ഞ പിഞ്ചോമനകൾക്ക് വേണ്ടി, മണിപുരിൽ മരണപെട്ട മനുഷ്യർക്ക് വേണ്ടി, ഗുജറാത്തിൽ കത്തികയറ്റപ്പെട്ട സ്ത്രീകൾക്ക് വേണ്ടി,ദേശീയതയുടെ ചുട്ടുപിടിച്ച് അതിരുകടക്കപെടുന്ന ഭീകരവാദങ്ങൾക്ക് എതിരായിട്ട് സഫ്ദ്റിനെ പോലെ, ഗൗരി ലങ്കേഷിനെ പോലെ, കൽബുർഗിയെ പോലെ, ഗോവിന്ദ് പൻസാരയെ പോലെ, നരേന്ദ്ര ധാബോൽക്കറെ പോലെ ശബ്ദിച്ചുകൊണ്ടേയിരിക്കുക. ശബ്ദങ്ങൾ ഇടിമുഴകങ്ങളായി പ്രതിദ്വനിക്കും നാൾ വരെ...

*ഉണരൂ!ലോകത്തുള്ള വിസ്ഥാപിതരെ ഉണരൂ!*
*അധികാരത്തിന്റെ മർദ്ദകഹസ്തങ്ങളെ പിഴുതെറിയു!*
*അടിമകളുടെ രക്തം ആത്മവിശ്വാസത്താൽ ഊഷമളമാകട്ടെ...*
*പ്രാവ് പ്രാപ്പിടിയനെ വെല്ലുവിളിക്കട്ടെ...*

**-മുഹമ്മദ് ഇക്ബാൽ**

# ഞാൻ ജൂതൻ

## കാണാത്തതിനെ വിശ്വസിക്കാനുള്ള കഴിവ് തന്ന ദൈവത്തിനു സ്തുതി

**Saidali**
IInd BCom Finance

***ഭാഗം 1- മണ്ണിൽ നിന്നും രക്തത്തിന്റെ നിലവിളി***

ഞാൻ ഈ കേട്ടുകൊണ്ടിരിക്കുന്നത് എന്റെ അവസാന വാക്കുകൾ ആണ്, ഈ കറുത്ത മുഖം മൂടി എടുത്ത് കഴിഞ്ഞാൽ ഞാനും ഈ മണ്ണിൽ അലിഞ്ഞു തീരും. ഷമീം വീണിരിക്കുന്നു, അടുത്തത് ജബൽ ആണ്, അവന്റെ നിലവിളി എന്റെ മുഖംമൂടിയുടെ ഇടയിലൂടെ എന്റെ ചെവിയിൽ എത്തിയിരുന്നു. തനിക്ക് അറിയാവുന്ന ദൈവങ്ങളെ എല്ലാം അവൻ വിളിക്കുന്നുണ്ട്, പക്ഷെ ഇപ്പൊ അവർക്കു ഇവനെ സഹായിക്കാൻ ആകില്ലല്ലോ. അവന്റെ ഊഴം എത്തിയിരിക്കുന്നു, അവനെ നേരെ നിർത്തി അവർ ചോദിച്ചു, 'നീ മതം മാറാൻ സമ്മതം ആണോ, ആണെങ്കിൽ നിന്നെ ഇപ്പൊ മോചിതനാക്കാം?' പക്ഷെ അവന്റെ നാവിൽ നിന്നു പ്രാർത്ഥനകൾ മാത്രം വന്നു.കൂടുതൽ നീണ്ടു നിന്നില്ല, അവന്റെ തലയും മണ്ണിൽ പതിച്ചു. അടുത്തത് എന്റെ ഊഴം ആണ്. രണ്ട് പേര് വന്നു, എന്റെ കൈകളിൽ പിടിച്ചു ഉയർത്തി, പയ്യെ എന്റെ മുഖം അവർ തുറന്നു, എപ്പോഴാണ് എന്റെ മുഖം അവർ മൂടിയത് എന്ന് എനിക്ക് അറിയില്ല, അപ്പോൾ എന്റെ മുന്നിൽ കണ്ട മനുഷ്യനെ കണ്ട്



എനിക്ക് വിശ്വസിക്കാൻ ആയില്ല, സൽമാൻ, ഞങ്ങളുടെ അയൽവാസി. അവനും ഇവരുടെ കൂടെ ഉണ്ടായിരുന്നോ?
ഞാൻ ചെയ്ത തെറ്റുകൾ വായിച്ചു കേൾപ്പിക്കുന്നുണ്ടായിരുന്നു. എന്റെ മരണം അതാ അടുത്ത് വന്നിരിക്കുന്നു, ഇനി രക്ഷപ്പെടാൻ കഴിയില്ല, ഇത്രേം നാൾ ഒളിച്ചും, ഓടിയും നടന്നു. താല്യ, നിന്നെ കണ്ട് പിടിക്കാൻ എനിക്ക് കഴിഞ്ഞില്ല, എന്നോട് ക്ഷമിക്ക് മകളെ.
നീ മതം മാറാൻ തയാറാണോ? എങ്കിൽ നിന്നെ വെറുതെ വിടാം.
ഇല്ല, ജൂതൻ ആയി ജനിച്ച ഞാൻ ജൂതൻ ആയി തന്നേ മരിക്കട്ടെ. ഞാൻ മനസ്സിൽ പറഞ്ഞു.
നിന്നെ എന്തിനാണ് കൊല്ലുന്നത് എന്ന് അറിയാവോ എബ്രഹാം? സൽമാൻ എന്നെ നോക്കി ചോദ്യം ഉയർത്തി. നീ നിനക്ക് വിലക്കപ്പെട്ട രാജ്യത്തു ജനിച്ചു, നിന്റേതല്ലാത്ത രാജ്യത്തു ജനിച്ചു, ഞങ്ങളുടെ അയൽവാസി ആയി നീ ജനിച്ചു. നിങ്ങൾക്ക് ഞങ്ങൾ അനേകം വട്ടം താക്കീതു നൽകിയത് അല്ലെ, അനേകം ശവങ്ങൾ കെട്ടി അയച്ചതും അല്ലെ? എന്നിട്ടും നിങ്ങൾ കേട്ടില്ല, ഇനി മരണം മാത്രം ആണ് നിന്റെ വിധി.
സൽമാൻ സംസാരിക്കുമ്പോഴും എന്റെ മൂക്കിൽ നിന്നു രക്തം വീഴുന്നുണ്ടായിരുന്നു, അവൻ പറഞ്ഞത് ഓരോന്ന് ആയി ഞാൻ കേട്ടു. എന്റേത് അല്ലാത്ത രാജ്യം, വിലക്കപ്പെട്ട രാജ്യം. എന്റെ തല അവർ താഴെ കുത്തിച്ചു, ജബലിന്റെ തല ഇല്ലാത്ത ശിരസ്സ് എനിക്ക് കാണാമായിരുന്നു, എപ്പോഴും കൂടെ ഉണ്ടായിരുന്നവൻ,സ്വന്തം അല്ലെങ്കിൽ കൂടി കൂടെപ്പിറപ്പിനെ പോലെ ആയവൻ, പണ്ടൊരിക്കൽ അവൻ പറഞ്ഞത് ഞാൻ ഓർത്തു പോയി ''യുദ്ധവും വെടിവെപ്പും എല്ലാം തീർന്നിട്ട് വേണം ഭാര്യയെയും മകളെയും ഇങ്ങോട്ട് കൊണ്ട് വരാൻ, എന്നിട്ട് നമ്മൾക്കു ഒരു കുടുംബം ആയി തന്നെ ഈ നസ്രത്തിൽ ജീവിക്കാൻ '.
ഞാൻ കരയാൻ തുടങ്ങി, തല മണ്ണിൽ ശ്കതമായി അടിക്കാൻ തുടങ്ങി. എന്റെ അടുത്തേക്ക് ഖഫാ ധരിച്ച ഒരാൾ വന്നു നിന്നു.

### *ഭാഗം 2 - ചുവന്ന പാവ*

കണ്ണ് തുറക്കുമ്പോൾ അവൾ ബോംബ് ഷെൽട്ടറിന്റെ അകത്തു ആയിരുന്നു. സൈറൻ മുഴങ്ങുന്ന ശബ്ദം വല്ലാതെ കൂടിക്കൊണ്ട് ഇരുന്നു,എന്തൊക്കെയാ അളിഞ്ഞ മണം അവിടെ മൊത്തവും ഉണ്ടായിരുന്നു. ആരൊക്കെ അവിടെ ഇരുന്നു പ്രാർത്ഥിക്കുന്നത് അവൾക് കാണാമായിരുന്നു. തനിക്കും ശബ്ദം ഉണ്ടായിരുന്നെങ്കിൽ താനും അവരുടെ അടുക്കൽ ചെന്ന് ഇരുന്നു പ്രാർത്ഥിക്കുമായിരുന്നു. മൊത്തത്തിൽ ഒരു 50 പേര് കാണും അവിടെ, 2 ദിവസം ആയി ക്യാമ്പിലും, ബോംബ്ഷെൽട്ടറിലുമായി ആയി മാറി മാറി കഴിയുകആണ്. എപ്പോഴാണ് ഞങ്ങളെ രക്ഷിക്കാൻ പട്ടാളക്കാർ വരുന്നത്, അവൾ മാറി മാറി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഇവിടെ കൊണ്ട് വന്നിട്ട് 5 ദിവസം ആയി കാണും, മാതാപിതാക്കൾ കൂടെ ഇല്ലാതെ, പ്രിയപ്പെട്ടവർ കൂടെ ഇല്ലാതെ ഒരു 13 വയസുകാരി ഈ ഷെൽട്ടറിൽ ഈ കൂട്ടത്തിൽ ഒറ്റക്ക്. മുകളിൽ നിന്നും പടികൾ ഇറങ്ങുന്ന ശബ്ദങ്ങൾ കേൾക്കമായിരുന്നു, ആരോ വരുന്നുണ്ട്. കുറച്ചു ദിവസം ആയി അങ്ങനെ ആണ്, മുഖം മൂടിയ കുറച്ചു പേര് വലിയ തോക്കുകൾ ആയി വന്നു, ഈ കൂട്ടത്തിൽ നിന്ന് കുറച്ചു പേരെ കൊണ്ട് പോകും, ഇന്നലെ എന്റെ വീടിന്റെ അടുത്ത് ഉണ്ടായിരുന്ന ഡേവിഡ് അങ്കിളിനെ അവർ കൊണ്ട് പോയി, പിന്നീട് അദ്ദേഹം വന്നിട്ടില്ല. ഇന്ന് ഇനി ആരെ കൊണ്ട് പോകും, അവർ വരുമ്പോൾ ഞാൻ പുറകിൽ പോകും, നീളം കൂടിയ 2 പേര് വന്നു അവരുടെ കയ്യിൽ രണ്ട് വലിയ തോക്കുകൾ ഉണ്ട്, പിന്നീട് ഒരു റേഡിയോയും, മുഖങ്ങളിൽ വലിയ കണ്ണാടി വെച്ചിട്ടുണ്ട്. അവർ താഴെ വന്നു ഞങ്ങളോട് നിശബ്ദമായി ഇരിക്കാൻ ആവിശ്യപെട്ടു, എന്നിട്ട് അവർ റേഡിയോ ഓൺ ആക്കി. ഞങ്ങളുടെ നാടിനെ കുറിച്ച് ആണ് ലോകം മുഴുവൻ സംസാരിക്കുന്നത്, പക്ഷെ ഞങ്ങൾക്കു എതിരെ ആണ് അവർ പറയുന്നത്. ഞങ്ങൾ യുദ്ധം നിർത്തണം എന്ന്. അപ്പോൾ ഒരു കാര്യം ഉറപ്പായി പിതാവ് പറഞ്ഞത് പോലെ യുദ്ധം തുടക്കമിട്ടിരിക്കുന്നു, ഇനി ജീവനോടെ ഇരിക്കലാണ് ഏറ്റവും വലിയ ധർമം. പെട്ടെന്ന് തന്നെ റേഡിയോ ഓഫ് ആയി.
കേട്ടല്ലോ , നിങ്ങളുടെ രാജ്യത്തെ ആണ് എല്ലാവരും ഉറ്റു നോക്കുന്നത്, നിങ്ങൾ ആണ് ഇപ്പൊ തീവ്രവാദികൾ. നിങ്ങളുടെ രാജ്യം യുദ്ധം നിർത്താതെ നിങ്ങളെ വിട്ടു കൊടുക്കില്ല, അത് വരെ നിങ്ങളെ ഓരോ ആളുകളെയും ഞങ്ങൾ ഇര ആക്കി കൊണ്ടേ ഇരിക്കും.
എല്ലാവരും വെപ്രാളപെടാൻ തുടങ്ങി, നിലവിളിക്കാൻ തുടങ്ങി, അവിടെ നിന്നവരെ അസഭ്യം പറയാൻ തുടങ്ങി. എടാ, നായികളെ നിന്നെ ഒന്നും കൊല്ലാതെ വിടില്ല. സംസാരിച്ചു കൊണ്ടിരുന്ന ആൾ തോക്ക് എടുത്ത് മുകളിലോട്ടു വെടി വെച്ചു, നിങ്ങളുടെ രാജ്യത്തിൽ ഉള്ള എല്ലാ ജൂതന്മാരെയും കൊന്നിട്ടെ ഞങ്ങൾ സ്വർഗത്തിൽ പോകു. നിങ്ങളുടെ രാജ്യം തന്നേ ഞങ്ങൾ നശിപ്പിക്കും, അതുവരെ കാത്തിരിക്കുക. അവർ തിരിച്ചു മുകളിലോട്ട് പോയി, താഴെ ഉള്ളവർ എല്ലാം കരയാനും വെപ്രാളപെടാനും തുടങ്ങി. ഈ നായകൾ, നമ്മളെ വെച്ച് വിലപേശുകയാ. മതം തലക്ക് പിടിച്ച പട്ടികൾ, കൂട്ടത്തിൽ നിന്നു ആരോ പറഞ്ഞു. ഇവി

ടെ ഇപ്പോൾ ഞങ്ങൾ മാത്രമേ ഉള്ളു, ഞാൻ പയ്യെ ഓരോ ആളുകളെ ആയി എണ്ണാൻ തുടങ്ങി, അപ്പോഴായിരുന്നു എന്റെ പിറകിൽ ആരോ പിടിച്ചത്.

ഷിസ, എന്നെകാൾ 2 വയസിനു ഇളയത്.ഒരു ചുവപ്പ് നിറമുള്ള പാവയുമായി അവൾ എന്റെ അടുത്ത് വന്നു, ചുരുണ്ട മുടി, കാണാൻ എന്നെക്കാൾ നിറം ഉണ്ട്, എന്റെ വീടിന്റെ അടുത്ത് തന്നേ ആണ് ഷിസയുടെ വീട്. താല്യ, നീ എന്താ ചെയുന്നത്, അടങ്ങി ഇരിക്കു. അവൾ എന്റെ കയ്യിൽ ഒരു ബ്രെഡ് കഷ്ണം തന്നു പിന്നീട് ഒരു ചോക്ലേറ്റും, എന്നെയും കൂടി അവിടെ മുതിർന്നവർ ഇരിക്കുന്ന സ്ഥലത്ത് പോയി, അതാ ഷെൽട്ടറിന്റെ അറ്റത്തു, കുറച്ചു മുതിർന്ന സ്ത്രീകളും, യുവാക്കളും ഉണ്ടായിരുന്നു.

ബാബ മാജിർ, അവിടെ ഇരുന്നു സംസാരിക്കുണ്ടായിരുന്നു, യുദ്ധം തുടങ്ങിക്കഴിഞ്ഞു, ഈ നായികൾക്കു നമ്മളെ പിടിച്ചു നില്കാൻ കഴിവില്ല, ഉടന്നേ തന്നേ നമ്മൾ രക്ഷപെടും.

എല്ലാവരും എന്തിനാണ് നമ്മളുടെ നാടിനെ കുറ്റം പറയുന്നത്, അവർക്ക് അറിയില്ലേ ആരാണ് തെറ്റ്, ശെരി എന്ന്. ആ കൂട്ടത്തിലെ ഒരു യുവാവ് ചോദിച്ചു. വികാരം മനുഷ്യനെ അന്ധൻ ആകും, മതം മനുഷ്യനെ ഭ്രാന്തനും , ലോകത്തിന്റെ മുന്നിൽ നമ്മളെ കുറ്റക്കാരൻ ആകുക, ജൂതന്മാരെ ലോകത്ത് എവിടെയും തള്ളി പറയുക, അതാണ് അവരുടെ ലക്ഷ്യം. ഇവർ തന്നേ ജനങ്ങളുടെ കൂടെ നിന്ന് ബോംബ് ഇടും, അവരെ കൊല്ലും, മനുഷ്യ കവചങ്ങൾ ആകും, അപ്പോൾ നമ്മടെ പട്ടാളം തിവ്രവാദിയെ കൊല്ലുമ്പോൾ ആ ബോംബും അതിന്റെ കൂടെ പൊട്ടും, അങ്ങനെ ആ തീവ്രവാദിയുടെ കൂടെ പാവം ജനങ്ങൾ കൂടി മരണത്തിനിരയാകും, വാർത്ത വരുമ്പോഴോ നമ്മൾ ജനങ്ങളെ കൊന്നു എന്ന്,മാജിർ ബാവ ദേഷ്യത്തിൽ പറഞ്ഞു.

നമ്മളെ ഇവർ കൊല്ലില്ല, കാരണം നമ്മൾ ചത്താൽ, ഇവർ ആരും തന്നേ ജീവനോടെ ഇവിടെ നിന്നു പോകില്ല, നമ്മൾ രണ്ടു മൂന്നു ദിവസം കൂടി ജീവനോടെ ഇരുന്നേ പറ്റൂ.

അപ്പോൾ കസേരയിൽ ഇരുന്ന മുതിർന്ന ഒരു സ്ത്രീ ചോദിച്ചു, എങ്ങനെ? ഭക്ഷണമോ, വെള്ളം പോലും തരാതെ എങ്ങനെ ജീവിചിരിക്കാൻ?

നമ്മൾ രക്ഷപെടും, അവിടെ ഉള്ളവർക്കു തത്കാലം എങ്കിലും, ബാവ മാജിർ പറഞ്ഞ വാക്കുകൾ ആശ്വാസം ആയി.

തുർക്കി, ഇറാഖ്, സിറിയ തുടങ്ങിയ ഇടങ്ങളിൽ നിന്നു ആണ് ഇവർക്ക് ആയുധം ലഭിക്കുന്നത്, ജമ്മാത്തുൽ മുജാഹിദീൻ,ലക്ഷർ –ഐ –തായ്ബ, ഇസ്ലാ

**നീളം കൂടിയ 2 പേര് വന്നു അവരുടെ കയ്യിൽ രണ്ട് വലിയ തോക്കുകൾ ഉണ്ട്, പിന്നീട് ഒരു റേഡിയോയും, മുഖങ്ങളിൽ വലിയ കണ്ണാടി വെച്ചിട്ടുണ്ട്. അവർ താഴെ വന്നു ഞങ്ങളോട് നിശബ്ദമായി ഇരിക്കാൻ ആവിശ്യപെട്ടു, എന്നിട്ട് അവർ റേഡിയോ ഓൺ ആക്കി. ഞങ്ങളുടെ നാടിനെ കുറിച് ആണ് ലോകം മുഴുവൻ സംസാരിക്കുന്നത്, പക്ഷെ ഞങ്ങൾക്കു എതിരെ ആണ് അവർ പറയുന്നത്.**

മിക് സ്റ്റേറ്റ്, തുടങ്ങിയ തീവ്രവാദികൾ ഉള്ളപ്പോൾ ഈ ചെറിയ തീവ്രവാദികളെ ഒന്നും ആരും ശ്രദ്ധിക്കില്ല. എല്ലാവരുടെയും കണ്ണ് ജൂതൻ കൂട്ടകൊല നടത്തുന്നു എന്ന് മാത്രമേ വരു.ജാഗ്രതയോടെ ഇരിക്കുക, നമ്മൾ രക്ഷപെടും. എല്ലാവരും കണ്ണുകൾ അടച്ചു പ്രാർത്ഥിക്കാൻ തുടങ്ങി.

സമയം രാത്രി ആയി, ഞങ്ങളെ ക്യാമ്പിൽ കൊണ്ട് പോകാൻ അവർ വന്നിട്ടില്ല, എല്ലാവരും പരിഭ്രമിച്ചു ഇരുന്നു, ഞാനും, ഷിസയും മതിലുകളിൽ പേരുകൾ എഴുതി കൊണ്ടിരുന്നു. വീണ്ടും ആരോ താഴെ വരുന്ന ശബ്ദങ്ങൾ കേട്ടു.

അവരുടെ ശബ്ദം കേട്ടപ്പോൾ ഞങ്ങൾ രണ്ടു പേരോടും പുറകിൽ ചെന്നു നില്കാൻ മാജിർ ബാബ ആവിശ്യപെട്ടു, കുട്ടികളെ അവരുടെ കയ്യിൽ കിട്ടരുത് എന്ന് ബാബക്ക് നിർബന്ധമുണ്ടായിരുന്നു. ഈ പ്രാവിശ്യം നല്ല തടിച്ച ഒരാൾ ആയിരുന്നു വന്നിരുന്നത്, കൂടെ തോക്ക് പിടിച്ച മൂന്നു പേർ കൂടി.

നിങ്ങളുടെ രാജ്യത്തിനു നിങ്ങൾ ഇവിടെ ഉള്ള ബോധം ഒന്നും ഇല്ലേ, നിങ്ങളുടെ ജീവന് വില ഇല്ലേ, പെട്ടെന്ന് അയാളുടെ ശബ്ദം മാറി, ഞങ്ങൾടെ 50ഇൽ പരം ആളുകളെയാ നിങ്ങളുടെ ആളുകൾ കൊന്നത്, ഇതിനെല്ലാം നിങ്ങളെ കൊണ്ട് ഞങ്ങൾ പകരം വീട്ടും, നല്ല തടി

ഉള്ള മനുഷ്യൻ പറഞ്ഞു, പിന്നീട് അയാളുടെ പേര് യാക്കൂബ് അലി എന്ന് മനസിലായി. ഇയാൾ ആയിരുന്നു ഇവിടുത്തെ തലവൻ.

അയാളുടെ കൂടെ ഉണ്ടായിരുന്ന രണ്ടു പേര് വന്നു, അവിടെ ഒള്ള സ്ത്രീകളെ വലിച്ചു കൊണ്ട് പോകാൻ നോക്കി, ബാബയും ബാക്കി ആളുകളും അവരെ തടഞ്ഞു, പക്ഷെ അയാളുടെ തോക്കുകൾക്കു ബാബയെക്കാൾ ശക്തി ഉണ്ടായിരുന്നു.

അവർ നാല് സ്ത്രീകളെ തോക്ക് കൊണ്ട് ഇടിച്ചു, അവരുടെ കൂടെ കൊണ്ടുപോയി, ഇപ്പോൾ അതിൽ ഒരാൾ എന്റെ നേരെ ആണ് വരുന്നേ, അയാളുടെ കൈ എന്റെ നേരെ വന്നു, ഞാൻ കണ്ണുകൾ അടിച്ചിരുന്നു. പക്ഷെ എന്റെ കയ്യിൽ വേറെ ആരോ പിടിച്ചിരിക്കുന്നത് പോലെ തോന്നി, അത് ഷിസ ആയിരുന്നു. അവളെ ആയിരുന്നു അയാൾ എടുത്തോണ്ട് പോകാൻ വന്നത്, ഷിസ എന്റെ കയ്യിൽ തന്നേ പിടിച്ചു ഇരുന്നു. ഞാൻ അവളെ വിട്ടു കൊടുത്തില്ല, പക്ഷെ അയാൾ തോക്ക് കൊണ്ട് എന്റെ മുഖത്തു അടിച്ചു, ഞാൻ തറയിൽ വീണു, ഷിസ എന്റെ പേര് അലറി വിളിക്കുന്നത് ഞാൻ കേട്ടു, അവർ അവരുമായിട്ട് മുകളിലോട്ട് പോയി. ഷിസയുടെ നിലവിളി എനിക്ക് കേൾക്കാമായിരുന്നു.

ബോധം തെളിഞ്ഞു, ഞാൻ മുകളിലോട്ട് ഓടി പോയി, പക്ഷെ കതക് അടിച്ചിരുന്നു, ഞാൻ അടിച്ചും, ചവിട്ടിയും തുറക്കാൻ നോക്കി, പക്ഷെ മറുപടി ഒന്നും വന്നില്ല, തിരികെ പടി ഇറങ്ങുമ്പോൾ ഷിസയുടെ ചുവപ്പ് നിറമുള്ള പാവ അവിടെ നിലത്തു കിടക്കുന്നത് കണ്ടുള

*ഭാഗം 3 – മരണത്തിന്റെ മുഖം*

അബ, ഇവരുടെ പള്ളികളിൽ നമ്മൾക്കു എന്താ കെയറാൻ പറ്റാതെ. നമ്മടെ പള്ളികളിൽ ഇവർ കയറുന്നുണ്ടല്ലോ,നമ്മളുടെ രാജ്യത്ത് ജീവിക്കുന്നുണ്ടല്ലോ, പണം സമ്പാദിക്കുണ്ടല്ലോ, പിന്നെ എന്താ നമ്മൾക്കു അവരുടെ രാജ്യത്ത് പോയി ജീവിക്കാൻ പറ്റാത്തത്, അവരുമായി സഹകരിക്കാൻ പറ്റാത്തത്?

നീണ്ട തിരക്കിൽ വണ്ടികൾ നിര നിര ആയി കിടക്കുന്നു,മുമ്പിൽ എന്തോ സംഘർഷം നടക്കുകയാണ്, അപ്പോഴാണ് അവൾ ആ ചോദ്യം ചോദിച്ചത്. ഒരു നിമിഷം താല്യയുടെ ചോദ്യത്തിൽ എബ്രഹാം കുഴഞ്ഞു. നമ്മൾ കാലത്തിന്റെ ഇരകൾ ആണ് മോളെ. 100 വർഷം മുമ്പ് ഹിറ്റ്ലറുടെ കൈകളിൽ പെട്ടു നമ്മളുടെ കുടുംബം പോയ്, പിന്നീട് രാജ്യം വേർതിരിക്കുന്നതിനു മുമ്പ് നമ്മൾ ആക്രമിക്കപ്പെട്ടു, അപ്പോഴും നമ്മൾ ആട്ടിയോട്ടിക്കപെട്ട നായികളെ പോലെ ഓടി, പക്ഷെ ഇന്നോ നമ്മൾ ഒരു രാജ്യം തന്നേ നിർമിച്ചു, നമ്മളെ എതിർക്കാൻ വരുന്നവരെ തിരിച്ചു എതിർക്കാൻ പഠിച്ചു, നമ്മൾ പയ്യെ പയ്യെ ഇരകളിൽ നിന്നു വേട്ടക്കാർ ആയി മാറി കൊണ്ടിരിക്കുവാ.

തന്റെ പിതാവിന്റെറെ മുഖത്തു വന്ന ധീര ഭാവം താല്യേ കൂടുതൽ സന്തോഷവതി ആക്കി, അവൾ വണ്ടിയുടെ സൺറൂഫിൽ കയറി മുമ്പിൽ എന്താ നടക്കുന്നത് എന്ന് നോക്കാൻ കയറി, നോമി ഷെമിറിന്റെ 'Jerusalem of gold' അവിടെ പാടികൊണ്ട് ഇരുന്നു. അപ്പോഴായിരുന്നു കുറച്ചു ആളുകൾ മുമ്പിൽ നിന്നും ഓടി വരുന്നത് എബ്രഹാം കാണാൻ ഇടയായത്. എന്താ നടക്കുന്നത് എന്നറിയാൻ ഒരു വഴിയും ഇല്ല, കാറിന്റെ ഡോർ തുറന്നു വെളിയിൽ ഇറങ്ങി മുന്നോട്ട് നോക്കി,കൂടുതൽ അറിയാൻ മുന്നോട്ട് നടന്നു, ആളുകൾ കൂടുതൽ പരിഭ്രാന്തരായി ഓടി വരുന്നു, കൂട്ടത്തിൽ ഒരാളെ തടഞ്ഞു നിർത്തി എന്താ കാര്യം എന്ന് ചോദിച്ചു, ജീവൻ വേണമെങ്കിൽ ഓടിക്കൊള്ളാൻ അയാൾ പറഞ്ഞു, അപ്പോൾ മുമ്പിൽ നിന്നു വെടി ഉയർത്തുന്ന ശബ്ദങ്ങൾ കേട്ടു, കൂടുതൽ താമസിക്കാതെ എബ്രഹാം കാറിന്റെ അടുത്തോട്ടു പോയി.

കാറുകൾ എല്ലാം പുറകോട്ടു പൊയ്കൊണ്ട് ഇരിക്കുന്നു, എന്താ നടക്കുന്നെ താല്യ ചോദിച്ചു? ചോദ്യം അവഗണിച്ചു കൊണ്ട് വണ്ടി പിറകിലോട് പോയി, കൂടുതൽ വെടി ഉയർത്തുന്ന ശബ്ദം വന്നു, നിലവിളികൾ കൂടി, അടുത്ത് നിന്ന കെട്ടിടത്തിൽ ബോംബുകൾ വാർഷിച്ചു. ഞെട്ടി തിരിഞ്ഞ ആൾക്കൂട്ടം ഓടി ഒളിച്ചു, വണ്ടികൾ ഹോൺ മുഴുകി പുറകോട്ടു നീങ്ങി, ചിലർ വണ്ടി അവിടെ ഉപേക്ഷിച്ചു ഓടി പോയി. അപ്പോഴായിരുന്നു എബ്രഹാമിന്റെ കണ്ണുകളിൽ അത് കണ്ടത്, മുന്നിൽ നിന്നും ഒരാൾ Rpg-7 പിടിച്ച് നില്കുന്നു, തന്റെ നേരെ ആണ് അത് ചൂണ്ടിയിരിക്കുന്നത്, കാർ നിർത്തി ഇറകുന്നത് മുമ്പേ അത് വന്നു, കാർ ആകാശത്തിൽ ഉയർന്നു.

ഇപ്പോൾ കൂടുതൽ മിസൈലുകൾ വീണൊണ്ടിരിക്കുന്നു, മൃതദേഹംങ്ങൾ കൂടി കൊണ്ട് ഇരുന്നു, തലയും, കൈകളും ഇല്ലാത്ത ശരീരങ്ങൾ ഉയർന്നു. നിലവിളിച്ചു .

കാറിൽ നിന്നു അനക്കം ഒന്നും വന്നില്ല, എന്നാലും ജീവൻ ഉണ്ടായിരുന്നു, എബ്രഹാമിന്റെ കണ്ണുകളിൽ ഇരുട്ട് കേറിയിരുന്നു, ശബ്ദങ്ങൾ മാഞ്ഞുപോയിരിക്കുന്നു.

എബ്രഹാം, എബ്രഹാം എണീക്ക്, കണ്ണുതുറപ്പോൾ മുന്നിൽ പോടി പടലങ്ങൾ ഇല്ല, കാർ ഇല്ല, താല്യ ഇല്ല, ചുറ്റും ഇരുട്ട് മാത്രം, ദൈവം നിന്നെ ആരക്ഷസൻമാരുടെ കയ്യിൽ നിന്നു രക്ഷിച്ചു. അമേരിക്ക നമ്മുടേ കൂടെ വന്നിരിക്കുന്നു, നമ്മൾ രക്ഷപെടാൻ പോകുവാ, നമ്മൾ നിന്ന ഇടത്ത് അവർ

**നമ്മളെ ഇവർ കൊല്ലില്ല, കാരണം നമ്മൾ ചത്താൽ, ഇവർ ആരും തന്നേ ജീവനോടെ ഇവിടെ നിന്നു പോകില്ല, നമ്മൾ രണ്ടു മൂന്നു ദിവസം കൂടി ജീവനോടെ ഇരുന്നേ പറ്റൂ. അപ്പോൾ കസേരയിൽ ഇരുന്ന മുതിർന്ന ഒരു സ്ത്രീ ചോദിച്ചു, എങ്ങനെ? ഭക്ഷണമോ, വെള്ളം പോലും തരാതെ എങ്ങനെ ജീവിചിരിക്കാൻ ? നമ്മൾ രക്ഷപെടും, അവിടെ ഉള്ളവർക്കു തത്കാലം എങ്കിലും, ബാവ മാജിർ പറഞ്ഞ വാക്കുകൾ ആശ്വാസം ആയി.**

ബോംബുകൾ ഇട്ടു, തലനാരിഴക്കാണ് നീ രക്ഷപെട്ടെ. അവൻ പയ്യെ എഴുനേൽറ്റു, കാലുകൾ തറയിൽ നില്കുന്നില്ല, ബോധം വരാൻ കുറച്ചു സമയം എടുത്തു. വണ്ടികൾ ഉടനെ വരും, നമ്മൾക്കു ഉടനെ പുറപ്പെടാം. ഈ പ്രദേശം ഇപ്പോൾ സുരക്ഷതമാണ്.
എബ്രഹാം പയ്യെ തന്റെ ലക്ഷ്യത്തിലോട്ടു നടന്നു.
നീ എവിടെ പോകുവാ, എബ്രഹാം?
എനിക്ക് എന്റെ മോളെ കണ്ടുപിടിക്കണം. ഞാൻ അവരുടെ അടുത്തേക്ക് പോകുവാ.
നിനക്ക് ഭ്രാന്ത് ആണോ, എബ്രഹാം. വീണ്ടും അവരുടെ വായിൽ ചെന്ന് വീഴാൻ, നീ ഓർക്കുന്നില്ലേ യുദ്ധം തുടങ്ങിയ സമയം അവർ നമ്മളോട് ചെയ്തത്. ഇവിടെ നിന്നു പോകുന്നത് തന്നേ അബദ്ധം ആണ്. എബ്രഹാം, പറയുന്ന വാക്കുകൾ വകവെക്കാതെ മുന്നോട്ട് തന്നേ നീങ്ങി, ഹാരിസ് അവനെ തടഞ്ഞു, നിനക്ക് പറഞ്ഞാൽ മനസ്സിലാകില്ലെ, താലിയെ ഇനി കിട്ടില്ല, അവൾ പോയി.
ഈ വാക്കുകൾ എബ്രഹാംമിനെ കൂടുതൽ ദേഷ്യപ്പെടുത്തി, അവൻ ഹാരിസിനെ തള്ളി ഇട്ടു, മുന്നോട്ട് നീങ്ങി. പക്ഷെ അവിടം കൊണ്ട് തീർന്നില്ല. നിനക്ക് ഭ്രാന്ത് ആയോ എബ്രഹാം, സിൻവർ എല്ലാം ജൂതന്മാരെയും കാണുന്നിടത്തു വെച്ച് കൊല്ലാൻ പറഞ്ഞേകുവ, നീ ആരാ എന്ന് കൂടി ആരെങ്കിലും അറിഞ്ഞാൽ.നീ സമാധാനിക്, യുദ്ധം തീരട്ടെ.
നിനക്ക് എങ്ങനെ സമാധാനത്തോടെ ഇത് പറയാൻ കഴിയുന്നെ ഹാരിസ് ? നിന്റെ കുടുംബവും അവിടെ ഇല്ലേ, നമ്മൾ ജൂതന്മാർ ആണ്. ഒരിക്കൽ ചരിത്രം നമ്മളെ ഓടിച്ചു , ഇനിയും ഓടണോ?
അതെ നമ്മൾ ജൂതർ ആണ്, അന്ന് നടന്നത് എന്താണ് എന്ന് ഞാൻ പറയണോ, എന്റെ കണ്മുന്നിൽ വെച്ചാണവർ എന്റെ കുടുംബത്തെ അവർ റോഡിൽ കൂടെ വലിച്ചിഴച്ചത്. നിസ്സഹനായി നോക്കി നിക്കണേ എനിക്ക് കഴിഞ്ഞോളളു. ഇപ്പോൾ നമ്മൾക്കു ആവിശ്യം ജീവിച്ചു ഇരിക്കുക എന്ന് മാത്രം ആണ്. നീ സമാധാനിക്.
എബ്രഹാം ഒന്നുകൂടി ആ ദിവസത്തിൽ കൂടെ കടന്നു പോയി, സൂര്യൻ കറുത്ത പുകപടളങ്ങൾ കൊണ്ട് മൂടിയ ദിവസം, ആ കാറിൽ നിന്നു എഴുനേൽറ്റ എബ്രഹാമിന് മുന്നിൽ അവശിഷ്ടങ്ങൾ മാത്രമേ കാണാൻ കഴിഞ്ഞുള്ളു , എന്താണ് സംഭവിച്ചത്, ഉടനെ താല്യ നോക്കിയ എബ്രഹാമിന് അവിടെ കാണാൻ കഴിഞ്ഞില്ല, അവൻ ഉറക്കെ വിളിച്ചു. താല്യ, പക്ഷെ ഉത്തരം നൽകാൻ അവിടെ ആരും ഇല്ല.

***ഭാഗം 4 – ഗാസ***

തകർന്ന കെട്ടിടങ്ങൾ കൊണ്ട് മൂടിയ നഗരം, ചോരയുടെ കഥകൾ ഒരുപാട് പറയാൻ ഉള്ള നഗരം, എല്ലാം കാലവും രണ്ട രാജ്യങ്ങളുടെ ഇടയിൽ കിടന്നു പുകയുന്ന നഗരം, ഇപ്പോൾ അവിടെ കാണാൻ കഴിയുന്നത് കുറച്ചു പച്ച മനുഷ്യരെ ആണ്, പണത്തിനു വേണ്ടി ഓടിയിരുന്നവർ ഇപ്പോൾ ഭക്ഷണത്തിനു വേണ്ടി ഓടുന്നു, മൂന്നു നേരം ഭക്ഷണം മാത്രം ആണ് അവരുടെ ചിന്ത, അതെ അവിടുത്തെ പ്രധാന പ്രശ്നം വിശപ്പ് ആയിരിക്കുന്നു, വെള്ളക്കുപ്പികൾ കിട്ടുന്നതിനെൽകാൾ കൂടുതൽ തോക്കുകൾ കിട്ടും, യുദ്ധം തുടങ്ങിയിട്ട് ഇപ്പൊ 500 ദിവസം, സ്കൂളുകൾ ഇല്ല, കോടതികൾ ഇല്ല, പക്ഷെ ഇപ്പോഴും അവിടെ രണ്ടു കോടിയിലധികം ആളുകൾ തിങ്ങി പാർതുജീവിക്കുന്നു.

വലിയ ട്രക്കുകളുടെ വരവോടെ ആയിരുന്നു, അവിടെ സൂര്യൻ ഉയർന്നത്, ജനങ്ങൾ എല്ലാം ആകാംക്ഷയോടെ , നോക്കി നിന്നു. പിന്നീട് കടന്തൽ കൂട് ഇളകിയത് പോലെ ജനങ്ങൾ ആർത്തിരച്ചു വന്നു, ഭക്ഷണം. ഈ ആഴ്ചയിലെ രണ്ടു കണ്ടെയ്നർ വന്നിരിക്കുന്നു, എല്ലാവരും തിരക്കുകൾ കൂടി, ഓടി വരുന്ന ജനങ്ങളുടെ അടുക്കലേക് ഉടനെ തോക്കുകൾ ഗർജിച്ചു, ' ഈ കൊണ്ട് വന്നിരിക്കുന്നത്, ഭക്ഷണം അല്ല എച്ചിൽ ആണ്, അവർ നമ്മൾക്കു വേണ്ടി കൊടുത്ത് വിട്ട എച്ചിൽ', ഇത് നിങ്ങൾ

എങ്ങനെ കഴിക്കാൻ സാധിക്കുന്നു, നായികൾ. സ്വന്തം വിശ്വാസത്തിനു വേണ്ടി പോരാടാതെ അവർ തീരുന്ന ഭക്ഷണം ഓടി തിന്നാൻ വന്നിരിക്കുന്നു, ഓർക്കുക നിങ്ങൾ ഞങ്ങളുടെ സംരക്ഷണത്തിൽ ആണ്, അത് മറക്കണ്ട.

ജനം രോഷാകുലരായി, ജൂതന്മാർ ഞങ്ങൾക്കു ഭക്ഷണം തരുന്നുണ്ട്, നിങ്ങളോ ഞങ്ങൾടെ ഭക്ഷണം ഞങ്ങൾടെ കയ്യിൽ നിന്നു തട്ടി പറിച്ചോണ്ട് പോകുന്നില്ലേ?, നായികളെ. ജനങ്ങളുടെ ഇടയിൽ നിന്നു ചോദ്യം ഉയർന്നു.

ഞങ്ങൾടെ നേരെ നിന്നു സംസാരിക്കാൻ നിങ്ങൾ വളർന്നോ, പന്നികളെ. വീണ്ടും തോക്കുകൾ ആകാശത്തിൽ വർഷിച്ചു.

ജനങ്ങൾ എല്ലാം അവരവരുടെ സ്ഥലങ്ങളിൽ പോയി. എന്നാൽ കേട്ടോളു നായികളെ, നിങ്ങൾ ആണ് ഞങ്ങളുടെ  കവചങ്ങൾ, നിങ്ങൾ ഇവിടെ ഉള്ളപ്പോൾ അവർ ഇവിടെ ബോംബ് ഇടില്ല, അത് കൊണ്ടാണ് ഞങ്ങൾ നിങ്ങളുടെ കൂടെ നിൽക്കുന്നത്, ഞങ്ങൾ നിങ്ങളുടെ സംരക്ഷണത്തിന് വേണ്ടി ആണ് നിൽക്കുന്നത്, അപ്പോൾ ഞങ്ങളെ സംരക്ഷിക്കാൻ നിങ്ങൾക്കും കടമ ഇല്ലേ, നമ്മൾ ലോകം കൈ അടക്കും.

അതിന്റെ ഇടയിൽ നിങ്ങൾ കുറച്ചു പേര് കുരുതി ആകും, പക്ഷെ നിങ്ങൾക്കു സ്വർഗത്തിൽ പോകാം, നാടിനു വേണ്ടി ജീവൻ കൊടുത്തതിനു.

എന്തും വരട്ടെ എന്ന് മട്ടിൽ ജനങ്ങളുടെ ഇടയിൽ നിന്നു ഒരു ചെറുപ്പകാരൻ ചോദ്യം ഉയർത്തി, ഇതാണോ നിന്റെ മതം പഠിപ്പിക്കുന്നത്, ജനങ്ങളെ കൊല്ലാൻ, ഇതാണോ പഠിപ്പിക്കുന്നത് കുരുതി കൊടുക്കാൻ, ഇവിടെ ഉള്ളത് മനുഷ്യർ ആണ് മൃഗം അല്ല. പെട്ടെന്ന് ആയിരിരുന്നു, ആ ചെറുപ്പക്കാരന്റെ തലയിൽ തോക്ക് വീണത്, ശക്തമായ അടി കാരണം ആ ചെറുപ്പക്കാരന്റെ ബോധം പോയി. വീണ്ടും ശബ്ദം ഉയണർന്നു, നിനക്കൊക്കെ ശബ്ദം വെച്ചോ? നമ്മൾ എല്ലാം ഒരു പോലെ നിൽക്കണ്ട സമയത്ത്, നിങ്ങൾ ഞങ്ങളെ ഓടിക്കാൻ നോക്കുന്നോ, ആരാണ് നമ്മളുടെ ശത്രുക്കൾ എന്ന് എല്ലാവർക്കും അറിയാം, എന്നിട്ട് എന്തിനാണ് നിങ്ങൾ സത്യം മറച്ചു വെക്കുന്നത് .

ജനം ചുമ്മാതെ ഇരുന്നില്ല, അവർ ബോംബ് ഇടുന്നെങ്കിലും, ആ സ്ഥലത്തെ പറഞ്ഞിട്ടേ ഇടൂ, പക്ഷെ നിങ്ങളോ കൊന്നു കളയുക അല്ലെ ചെയ്യുന്നേ, നായികളെ, എത്ര സ്ത്രീകൾ, കൊച്ചു കുട്ടികൾ, നിങ്ങൾക്കു വഴങ്ങാത്ത എല്ലാവരെയും നിങ്ങൾ കൊന്നു കളഞ്ഞില്ലേ.

വീണ്ടും പ്രസഗിക്കുന്നോ, , എല്ലാവരും പോ, തോക്ക് വീണ്ടും ഗർജിച്ചു, പക്ഷെ ഇപ്രാവിശ്യം ജനം ഓടിയില്ല, പകരം അവർ മുന്നോട്ട് നീങ്ങി, ഓരോ തിവ്രവാദിയെയും കൈ കൊണ്ട് നേരിട്ടു, തങ്ങളെ ഇത്രേം കാലും നരകം അനുഭവിപ്പിച്ച നായികളെ അവർ അടിച്ചു കൊന്നു. ജനങ്ങൾ തോക്കുകൾ എടുത്തു, ശത്രുവിനെ നേരിടാൻ തയ്യാറായി.



*ഭാഗം 5 – തുടരും*

പ്രൈം മിനിസ്റ്റർ ഓഫീസ്, ജെറുസലേം. ഞാൻ ഇസ്രായേൽ എന്ന രാജ്യത്തിന്റെ കപ്പിത്താൻ, ഞങ്ങൾ അല്ല യുദ്ധം തുടങ്ങിയത് മറിച് നിങ്ങൾ ആണ്, പക്ഷെ ഇപ്പൊ അത് തീർക്കേണ്ടത് ഞങ്ങളെ കാൾ നിങ്ങളുടെ ആവിശ്യം ആണ്, അത് വേണമെങ്കിൽ ഇപ്പോൾ തീർക്കാം , നിങ്ങൾ ഞങ്ങളുടെ ആളുകളെ വിട്ടു തരാൻ തയ്യാറായാൽ, അല്ലെങ്കിൽ ഓരോ തിവ്രവാദിയെയും ഞങ്ങൾ നീക്കം ചെയ്യും, ഗസയിലോട്ട് ഞങ്ങൾ 52 കണ്ടെയ്നറുകൾ അയച്ചു, പക്ഷെ നിങ്ങൾ അത് പിടിച്ചെടുത്തു. 10 എണ്ണം മാത്രം ജനങ്ങൾക്കു കൈമാറി, ഞങ്ങൾ ജനങ്ങളെ രക്ഷിക്കാൻ പല ആളുകളെ അവിടേക്കു അയച്ചു, പക്ഷെ നിങ്ങൾ അവരെ കൊന്നു കളഞ്ഞു. കുറ്റം ഞങ്ങളുടെ മുകളിൽ ചുമത്തി; ഇനി ഇല്ല, മതി, ഇപ്പോൾ ഗാസയിലെ ജനങ്ങൾ ഞങ്ങളുടെ കൂടെ ഉണ്ട്, അവർ പട ഒരുങ്ങി കഴിഞ്ഞു, എല്ലാം തീവ്രവാദികളും ഒരുങ്ങിക്കൊള്ളൂ , നിങ്ങൾക് ഞാൻ അവസാന യാത്ര നൽകാം. അവസാനിക്കാത്ത സംഘർഷം തുടരട്ടെ.

# എം ടി
# ജീവിതം, സാഹിത്യം, സിനിമ

ഡോ. എം എസ് ബിജു : എം ടി യുടെ കൃതികളിൽ ഗവേഷണം നടത്തുകയും മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ നിന്നും എം ടി കൃതികളിൽ ഡോക്ട്രേറ്റ് നേടി ചേർത്തല ശ്രീ നാരായണ കോളേജിൽ അസിസ്റ്റന്റ് ഫ്രഫസർ ആയി ജോലി ചെയ്യുന്നു.

അഭിമുഖം : തൻസി എൻ, രണ്ടാം വർഷ എം എസ് സി മാത്തമാറ്റിക്സ്



**1. ഗവേഷണ രംഗത്തേക്ക് കടന്നു വന്നപ്പോൾ എം ടിയുടെ കൃതികളിൽ ഗവേഷണം നടത്തണം എന്ന് പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയാണ്?**

*പഠനത്തിന്റെ ഭാഗമായിട്ടാണ് ആദ്യമായി കേശവദേവിന്റെ ഓടയിൽ നിന്ന് എന്ന കൃതി വായിക്കുന്നത് . തുടർന്ന് കേശവദേവിന്റെയും മറ്റ് എഴുത്തുകാരുടെയും കൃതികൾ വായിച്ചു തുടങ്ങി. പല കൃതികളും വായിച്ചതിൽ ഏറ്റവും പ്രിയപ്പെട്ടതായി തോന്നിയത് എം ടിയുടെതായിരുന്നു അത് ചിലപ്പോൾ കൃതികളുടെ സ്വഭാവ രീതികൾ നമ്മളുമായി യോജിച്ച് പോകുന്നത് കൊണ്ടായിരിക്കും.കൃതികളുടെ ഇതിവൃത്തം പഠനത്തിന് അനുയോജ്യമാണെന്ന തോന്നലിനെ തുടർന്നാണ് ഗവേഷണം തുടങ്ങിയത്.*

**2. മറ്റ് എഴുത്തുകാരിൽ നിന്ന് എന്തെല്ലാം കാര്യത്തിലാണ് എം ടിയുടെ എഴുത്തുകൾ വ്യത്യസ്തമായിരിക്കുന്നത്?**

*ഒരു കൃതി വായിക്കുമ്പോൾ അത് ജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയുമ്പോഴല്ലെ അത് പ്രിയപ്പെട്ടതായി മാറുന്നത്. വായിക്കുന്ന കഥ എന്റേതാണ് അല്ലെങ്കിൽഎന്റെ ചുറ്റിലുള്ളവരുടെതാണ് എന്ന തോന്നലുവരുമ്പോഴാണ് ആ കഥ ആസ്വദിച്ചു എന്ന് പറയാൻ കഴിയു അതിലൂടെയാണ് തുടർന്ന് എം ടി കൃതികളിലെ ഗവേഷണം എന്ന പടി ചവിട്ടുന്നത്.*

**3. എം ടി യുടെ കൃതികൾ എല്ലാം തന്നെ സവിശേഷതകൾ നിറഞ്ഞതാണ്. എന്നാൽ സാറിന് കടന്നു പോയതിൽ ഏറ്റവും പ്രിയപ്പെട്ടതായിമാറിയ എം ടി കൃതി ഏത്? എന്തുകൊണ്ട്?**

*എം ടിയുടെ നോവലിൽ ഏറ്റവും മാസ്റ്റർ പീസ് എന്ന പറയുന്നത് രണ്ടാംമൂഴം തന്നെയാണ്. മഹാഭാരതത്തെ പുനരാഖ്യാനം ചെയ്ത് ഒരു എഴുത്തകാരന്റെ സ്വാതന്ത്ര്യം എടുത്ത് എഴുതിയ കൃതിയാണ്. എം ടി യുടെ ഏത് കൃതിയിൽ നോക്കിയാലും അതിൽ ചില ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ അദ്ദേഹം അവശേഷിപ്പിക്കാറുണ്ട് കഥയിൽ ചോദ്യമില്ല എന്നതിനെ തിരുത്തികൊണ്ടുള്ള എഴുത്തുകളാണ് അദ്ദേഹത്തിന്റേത്. യുക്തിയില്ലാത്ത ഭാഗങ്ങൾക്ക് യുക്തി കൊണ്ടുവരുന്നതും എം ടി കൃതികളിൽകാണാൻ മാത്രം കഴിയുന്ന കാഴ്ചയാണ്. എഴുതുന്നതെല്ലാം സാധാരണ ജനങ്ങൾക്ക് ബന്ധപ്പെടുത്താൻ കഴിയുന്നതാണ്. അതിനുദാഹരണം തന്നെയാണ് രണ്ടാംമൂഴത്തിലെ ഭീമൻ എന്ന കഥാപാത്രത്തെ അവതരിപ്പിച്ചിരിക്കുന്ന രീതി. ഭീമൻ എന്ന് പറയുമ്പോൾ ചിന്തിക്കുന്നത് വണ്ണമുള്ള ഒരുപാട് ഭക്ഷണം കഴിക്കുന്ന കുടവയറുള്ള ഒരു അമാനുശിക രീതിയിൽ നിന്നും സാധാരണ ജനങ്ങളെ പോലെ ദൗർബല്യവും വികാരവിചാരങ്ങളുമുള്ള മോഹങ്ങളും മോഹഭംഗങ്ങളും എല്ലാം കണ്ടെത്തി എം ടി ആവിഷ്കരിച്ചു കഴിഞ്ഞപ്പോൾ അത് സാധാരണക്കാരന്റെ കഥയായി മാറി. അത് നമ്മുടെ കഥയായിമാറി.*



**4. നിലവിലിപ്പോൾ സോഷ്യൽ മീഡിയയിൽ ട്രെൻഡിങ് ആയി കൊണ്ടിരിക്കുന്ന മഞ്ഞിലെ വരികളാണ്. മഞ്ഞ് കാത്തിരിക്കുന്നവരുടെ കഥയാണെന്ന് പറയുന്നതിൽ എന്താണ് അഭിപ്രായം ?**

*തീർച്ചയായും വരും വരാതിരിക്കില്ല എന്ന വരികളിൽ തന്നെ അത് പ്രസക്തമാണ്. മഞ്ഞ് എന്ന് പറയുന്നത് നൈനിറ്റാൽ എന്ന സ്ഥലത്ത് വിമലാമേനോൻ എന്ന സ്ത്രീ തന്റെ കാമുകനെ കാത്തിരിക്കുന്നതാണ്. നാട്ടിൽ രോഗബാധിതരായി കിടക്കുന്ന തന്റെ മാതാപിതാക്കളുടെ അടുത്തേക്ക് അവധിക്ക് പോലും പോകാതെ വിനോദ സഞ്ചാരികൾ വരുന്ന കൂട്ടത്തിൽ സുധീർ കുമാർ മിശ്ര വരുമെന്ന പ്രതീക്ഷയിൽ തന്റെ മുറിയിൽ കാത്തിരിക്കുകയാണ് . ഓരോ തവണയും കാണാതെ വരുമ്പോൾ അടുത്ത സീസണിൽ കാണും എന്ന പ്രതീക്ഷയിലാണ്. കാത്തിരിപ്പ് അവസാനിക്കുന്നിടത്ത് ദുഃഖമാരംഭിക്കുന്നു. മഞ്ഞ് പോലെ തന്നെ സുന്ദരമായ ഭാഷയാണ് കൃതിയിൽ പ്രയോഗിച്ചിരിക്കുന്നത്.സർദാർജി എന്ന കഥാപാത്രത്തിന്റെ വാക്കുകൾ ഉപാധികളില്ലാതെ സ്നേഹിക്കുന്നതിന്റെ തീവ്രതയും മനസ്സിലാക്കി തരുന്നുണ്ട്. ഉപാധികളില്ലാതെ ഒരു പുരുഷൻ സ്ത്രീയെ സ്നേഹിക്കുന്നത് തന്നെ യല്ലെ അയാൾക്ക് കൊടുക്കാൻ കഴിയുന്ന ഏറ്റവും വലിയ കാര്യം.*

**5. ഒരു സാഹിത്യകാരൻ തിരകഥാകൃത്ത്, സംവിധായകൻ എന്നതിനപ്പുറത്ത് ബാല സ്ഹിത്യകാരൻ എന്ന നിലയിൽ എം ടിയെ കുറിച്ചുള്ള അഭിപ്രായങ്ങൾ എന്താണ്?**

*എം ടി ഒരു ബാലസാഹിത്യകാരനാണെന്ന് ഇതു വരെ അധികം അടയാളപ്പെടുത്തിയിട്ടില്ല. കുട്ടികളെ മുൻനിറുത്തി കഥ പറയാൻ അദ്ദേഹത്തിന് നല്ല മിടുക്കാണ്. മാണിക്യക്കല്ല്, തന്ത്രക്കാരി, ദയ എന്ന പെൺകുട്ടി എന്നീ മൂന്ന് ബാലസാഹിത്യകൃതികളാണ് എം ടി എഴുതിയിട്ടുള്ളത്. തന്ത്രക്കാരി എന്ന് പറയുന്നത് കൊച്ചുമകളും വൃദ്ധയായ സ്ത്രീയുടെയും കൗശലത്തിന്റെ കഥയാണ് പറയുന്നത്. മാണിക്യകല്ല് എന്ന് പറയുന്നത് ഒരു രാജകുമാരനും മന്ത്രികുമാരനും ആയിട്ടുള്ള യാത്രയുടെ കഥയാണ് പറയുന്നത്. ഇത് രണ്ടും ഒരു മുത്തശ്ശി കഥ എന്ന ശൈലിയിൽ വായിച്ചു പോകുന്നതാണ്.*
*എന്നാൽ ദയ എന്ന പെൺകുട്ടിയിൽ ഒരു അടിമ പെൺകുട്ടി തന്നെ വഴിയിൽ നിന്ന് എടുത്ത് വളർത്തിയ വ്യാപാരിയോടുള്ള ഇഷ്ടം കൊണ്ടും അദ്ദേഹം മരിച്ച് പോയിട്ടും അദ്ദേഹത്തിന്റെ മകൻ ബിസിനസ് ചെയ്ത് തകർന്ന് പോയിട്ടും വ്യാപാരിയോടുള്ള സ്നേഹത്തിന്റെ പേരിൽ മകനോടൊപ്പം നിൽക്കുന്നതാണ് കാണുന്നത്. ബാലസാഹിത്യമാണെങ്കിലും എം ടി യുടെ കഥയുടെ ഒരു പൊതുസ്വഭാവം ഇതിൽ കാണുന്നു. അതുപോലെ തന്നെ നിന്റെ ഓർമ്മയ്ക്ക് എന്ന കഥയിൽ തനിക്കൊരു സഹോദരി വേണമെന്ന് ആഗ്രഹിക്കുന്നതും അപ്പോഴാണ്. അച്ഛൻ സിലോണിൽ നിന്ന് യാത്ര കഴിഞ്ഞ് വന്നപ്പോൾ ഒരു സിംഹള പെൺകുട്ടിയെയും കൊണ്ടുവരുന്നതും അതിൽ ആഹ്ളാദിക്കുന്ന എം ടിയുടെ കുഞ്ഞ് മനസ്സും എന്നാൽ ചിന്നി ചിതറി പോയ തന്റെ മാതാവിന്റെ മനസ്സിന്റെ പ്രതികരണത്തിൽ അച്ഛൻ തന്റെ മരിച്ചുപോയ കൂട്ടുകാരന്റെ മകളാണെന്ന് പറഞ്ഞ് കൊണ്ട് വന്ന കുട്ടിയെ തിരിച്ച് കൊണ്ടുപോവകയും ചെയ്തു എന്നാൽ വർഷങ്ങൾക്ക് ശേഷം തന്റെ സുഹൃത്തിന്റെ സഹോദരിയുടെ കല്യാണവേളയിൽ സിംഹള പെണ്ടകുട്ടിയുടെ കല്ല്യാണം കഴിഞ്ഞതായി ആരോ പറഞ്ഞറിഞ്ഞു. തുടർന്ന് എം ടി യുടെ മനസ്സിനെ തട്ടിയ വികാരത്തിൽ നിന്നാണ് നിന്റെ ഓർമ്മയ്ക്ക് എന്ന കഥ അദ്ദേഹത്തിന്റെ തൂലികയിൽ നിന്നും പേപ്പറിയേക്ക് നനഞ്ഞ് ഇറങ്ങിയത്. അതും ഒരു കൊച്ചുകുട്ടിയുടെ ഭാവനയിൽ എഴുതിയ കഥ ആദ്യമായി എഴുതിയത് മുതൽ കരഞ്ഞു കലങ്ങിയതും ഈ കഥ എഴുതുമ്പോഴായിരുന്നു എന്നും എം ടി പറയുന്നുണ്ട്.*

**6. അത് വരെ ഉണ്ടായിരുന്നതിൽ നിന്ന് എം ടി എന്ന തിരകഥാകൃത്തിന്റെ സിനിമയിലെ സംഭാവനകൾ എന്തെല്ലാം?**

*എം ടി തിരകഥ എഴുതിതുടങ്ങിയിടം മുതലാണ് തിരക്കഥാസാഹിത്യത്തിന് ഒരു മാന്യത വന്നത്. തിരക്കഥ ഒരു സാഹിത്യമായി മാറുകയായിരുന്നു. ഇന്ന് തിരകഥാ സാഹിത്യം പഠിക്കാനും ഗവേഷണം നടത്താനും കഴിയുന്ന ഒരു മേഖലയായി മാറിയെന്ന് പറയാം. എം ടി തിരകഥ എഴുതി കഴിഞ്ഞാൽ പിന്നെ അത് സിനിമയാക്കാൻ വലിയ ബുദ്ധിമുട്ട് കാണില്ല എന്നാണ് പറയുന്നത്. അത്രത്തോളം ആഴത്തിൽ ആ കഥാപാത്രത്തെ ഉൾക്കൊണ്ടിട്ടാണ് എം ടി എഴുതുന്നത്. കഥാപാത്ര പശ്ചാത്തലം പോലും വ്യക്തമായി ചിത്രീകരിച്ച് പൂർത്തിയാക്കുകയാണ് അദ്ദേഹം ചെയ്യുന്നത്. കഥാപാത്രത്തെ കുറിച്ച വളരെ കൃത്യമായി അദ്ദേഹം പഠനം നടത്തുകയും ചെയ്തിട്ടാണ് സിനിമയിലേക്ക് പോകുന്നത്. ചെയ്യുന്ന കാര്യത്തിൽ കൃത്യമായി പഠനം നടത്തി കഠിനാധ്വാനത്തിലൂടെ ആ*



*മേഖലയെ പൂർണ്ണതയിലെത്തിക്കുന്ന ഒരു എഴുത്തുകാരൻ കൂടിയാണ് എം ടി.*

**7. എം ടി എന്ന പ്രതിഭയെ വരു തലമുറകൾ എങ്ങനെയാണ് നോക്കി കാണേണ്ടത്?**

*സിനിമ രംഗത്ത് ഇന്ന് എം ടി യുടെ രീതികൾ തുടരുന്നത് ചിലപ്പോൾ പരാജയമായിരിക്കാം. കാരണം സാങ്കേതിക വിദ്യയുടെ കാലമാണിത്. സിനിമയെ പല രീതിയിൽ നേരിടുന്നവരാണ് ഇന്നുള്ളത്. എം ടി യുടെ സിനിമ സാങ്കേതിക വിദ്യയിലുള്ള വിജയമല്ലായിരുന്നു അതിന്റെ വിജയം. ഒരു പക്ഷേ പുതിയ തലമുറയ്ക്ക് ഇഷ്ടപ്പെടണം എന്ന് നിർബന്ധം പിടിക്കാൻ കഴിയില്ല.*

**8. രാഷ്ട്രീയ സാമൂഹിക രംഗത്തെല്ലാം കൃത്യമായി നിലപാടുകൾ എടുക്കുന്ന വ്യക്തിയാണ് എം ടി. അദ്ദേഹത്തിന്റെ രചനകളിൽ എങ്ങനെയാണ് അതിൽ പ്രതിഫിലിച്ചിട്ടുള്ളത്?**

*എം ടി വാസുദേവൻ നായർ പൊതുവായ കാര്യങ്ങളിൽ അഭിപ്രായം പറയുമ്പോഴും ആ നിലപാട് ഒരു സാമൂഹിക പ്രതിബദ്ധത കൃതിയിൽ വേണമെന്ന് വിശ്വസിക്കുന്ന ആളല്ല. സാഹിത്യകൃതി സാഹിത്യത്തിന്റെ വഴിയിൽ തന്നെ പോകണമെന്ന് ആഗ്രഹിക്കുന്ന ആളാണ്. ഒരു വ്യക്തിയുടെ മാനസിക തലങ്ങളിലും വൈകാരികതലങ്ങളിലും നിറഞ്ഞ് നിൽക്കുന്ന എഴുത്തുകളായിരുന്നു അദ്ദേഹത്തിന്റേത്. ഭൗതിക തലത്തിൽ എത്തിനോക്കുന്ന ഒന്നല്ല.*

# അഴുക്ക് പാത്രം

**Saidali**
IInd BCom Finance

കൈകൾ എന്തെ തേഞ്ഞു പോയെ എന്ന ചോദ്യം ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു, പാത്രം കഴുകുന്ന കൈകൾക്ക് അറിയില്ലല്ലോ മൃദുലത എന്തെന്ന്. എന്റെ പകലുകൾ കടന്നു പൊയ്കൊണ്ടിരുന്നത് ആ സ്ത്രീയുടെ ഓട്ടം കണ്ടിട്ട് ആയിരുന്നു. രാവിലെ 10 മണിയോടെ ഓഫീസിൽ കയറാൻ 5 മണി മുതലേ എഴുന്നേൽക്കും, പകുതി നനഞ്ഞ വിറകുകൊള്ളി മണ്ണെണ്ണയുടെ സഹായത്തിൽ കത്തിക്കും. പിന്നീട് 4 കൈകളുടെ തിരക്ക് ആയിരിക്കും, ചോറും, കറിയും, കാപ്പിയും, കുപ്പായവും, എല്ലാം. പാചകം കഴിഞ്ഞു, കറികൾ എല്ലാം അടച്ചുകഴിഞ്ഞാൽ പിന്നെയും ഒന്ന് ബാക്കി, അഴുക്ക് പിടിച്ചു നിൽക്കുന്ന വെള്ളി പാത്രങ്ങൾ ആ സ്ത്രീയെ നോക്കി ചോദിച്ചു, ഞങ്ങളെ ആര് വൃത്തിയാക്കും?

ഞാൻ പറയും ഏറ്റവും കൂടുതൽ ക്ഷമ ഉള്ളത് ആ സ്ത്രീ ആയിരിക്കും, ഒരു ദിവസം വൃത്തിയായ കൈകൾ കൊണ്ട് കഴിക്കാൻ വന്നപ്പോൾ എന്നോട് ചോദിച്ചു, കൈകൾ കഴുകി വൃത്തി ആക്കി വന്നാൽ പോരെ, ഇവിടെ ഉള്ള 100 പാത്രങ്ങൾ ആര് കഴുകും എന്ന്?
